# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 നവംബർ 4 | ദീപം 54 | നാളം 31 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


# വളരുന്ന ഇന്ത്യ പട്ടിണി കിടക്കുമ്പോൾ




പ്രഫ. റോണി കെ. ബേബി




ഐക്യരാഷ്ട്രസഭയുടെ ദാരിദ്ര്യനിർമാർജന ദിനമാണ് ഒക്ടോബർ 17. ദാരിദ്ര്യത്തിനെതിരേ അന്താരാഷ്ട്രതലത്തിലുള്ള പോരാട്ടത്തെക്കുറിക്കുന്ന ദിനം. ഈ അവസരത്തിൽത്തന്നെയാണു ദാരിദ്ര്യവുമായി ബന്ധപ്പെട്ട ആഗോളവിശപ്പുസൂചികയിലെ ഏറ്റവും പുതിയ കണക്കുകളും കണ്ടെത്തലുകളും ആഗോളതലത്തിൽത്തന്നെ പലതരത്തിലുള്ള ചർച്ചകൾക്കു വേദിയാകുന്നത്. ഐറിഷ് മനുഷ്യാവകാശസംഘടനയായ കൺസേൺ വേൾഡ് വൈഡും ജർമൻ സന്നദ്ധസംഘടനയായ വെൽത്ത് ഹംഗർ ലൈഫും ചേർന്ന് എല്ലാ വർഷവും പുറത്തിറക്കുന്ന റിപ്പോർട്ടാണ് ആഗോളവിശപ്പുസൂചിക (Global Hunger Index). രാജ്യാന്തരതലത്തിലും പ്രാദേശികതലത്തിലുമുള്ള പട്ടിണി വിലയിരുത്തുകയാണ് റിപ്പോർട്ടിന്റെ ലക്ഷ്യം.

ആഗോളവിശപ്പുസൂചിക വിവിധ രാജ്യങ്ങളിലെ വിശപ്പിന്റെയും പോഷകാഹാരക്കുറവിന്റെയും അളവു കണക്കാക്കുകയാണു ചെയ്യുന്നത്. ദാരിദ്ര്യവും വിശപ്പും തമ്മിൽ അടുത്തു ബന്ധപ്പെട്ടു കിടക്കുന്നതിന്റെ സൂചനയും ഇതു നൽകുന്നു. സൂചിക പ്രകാരം, 1999 മുതൽ 2015 വരെ ദാരിദ്ര്യത്തിന്റെ തോത് ആഗോളതലത്തിൽത്തന്നെ കുറഞ്ഞിട്ടുണ്ട്. പോഷകാഹാരക്കുറവ്, അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളിലെ വളർച്ചാമുരടിപ്പ്, ഭാരക്കുറവ്, ശിശുമരണനിരക്ക് എന്നിവ മാനദണ്ഡങ്ങളാക്കിയാണ് എല്ലാ വർഷവും ആഗോളവിശപ്പുസൂചിക തയ്യാറാക്കുന്നത്. യൂറോപ്പിലെയും അമേരിക്കയിലെയും സമ്പന്നരാജ്യങ്ങളെ ഒഴിവാക്കിയാണ് പട്ടിക തയ്യാറാക്കിയത്. ഏറ്റവും മികച്ച സ്കോർ പൂജ്യവും ഏറ്റവും മോശം സ്കോർ നൂറുമാണ്. പട്ടിണി ഏറ്റവും കുറവുള്ള ആദ്യ 18 രാജ്യങ്ങളിൽ (സ്കോർ അഞ്ചിൽ താഴെ) ബലാറസ്, ചിലി, ക്യൂബ, ചൈന, റുമേനിയ, ഉറുഗ്വെ, കുവൈത്ത്, ടർക്കി എന്നിവ ഉൾപ്പെടുന്നു. 50.8 സ്കോറുമായി സൊമാലിയയാണ് ഏറ്റവും പിന്നിൽ 116-ാമത്തെ റാങ്കിലുള്ളത്.

അതിഭീകരമായ പട്ടിണിപ്രശ്നങ്ങളിലൂടെയാണ് ഇന്ത്യ കടന്നുപോകുന്നതെന്ന് ഗ്ലോബൽ ഹംഗർ ഇൻഡക്സിന്റെ ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നു. 2021 ലെ സൂചിക പ്രകാരം 116 രാജ്യങ്ങളിൽ 101-ാമതാണ് ഇന്ത്യയുടെ സ്ഥാനം. 2020 ൽ 107 രാജ്യങ്ങളിൽ 94-ാമതായിരുന്നു ഇന്ത്യ. 2019ലെ വിശപ്പുസൂചിക പ്രകാരം 117 രാജ്യങ്ങളിൽ 102-ാമതായിരുന്നു ഇന്ത്യ. ഇന്ത്യയുടെ 101 എന്ന റാങ്ക് അർത്ഥമാക്കുന്നത് മറ്റു പതിനഞ്ചു രാജ്യങ്ങൾ മാത്രമാണ് ഇന്ത്യയെക്കാൾ മോശമായതെന്നാണ്. ഇവയെല്ലാം ആഫ്രിക്കൻ രാജ്യങ്ങളാണ്. സിയറ ലിയോൺ, ഉഗാണ്ട, ജിബൂട്ടി, കോംഗോ, സുഡാൻ, അഫ്ഗാനിസ്ഥാൻ, സിംബാബ്വെ, തിമോർ-ലെസ്റ്റെ, ഹെയ്തി, ലൈബീരിയ, സാംബിയ, മഡഗാസ്കർ, ചാഡ്, യെമൻ, മധ്യ ആഫ്രിക്കൻ റിപ്പബ്ലിക് എന്നിവയാണ് ഇന്ത്യയുടെ പിന്നിലുള്ള രാജ്യങ്ങൾ. ലോകമെമ്പാടുമുള്ള 116 രാജ്യങ്ങളെ മാത്രമാണ് ഈ സൂചികയിൽ 2021 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃത്യമായ വിവരങ്ങളില്ലാത്തതിനാൽ മറ്റു പതിനഞ്ചു രാജ്യങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവയിൽ ചിലത് താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളായതിനാൽത്തന്നെ അവയും ഈ പട്ടികയിൽ വിശപ്പു കൂടിയവയായി പരിഗണിക്കുന്നവയാണ്.

ഇന്ത്യയിലെ ഒരു വലിയ വിഭാഗം ജനങ്ങൾ ഇപ്പോഴും പട്ടിണിയിലും ദാരിദ്ര്യത്തിലുമാണു കഴിയുന്നതെന്ന് ആഗോളവിശപ്പുസൂചികയിലെ സ്ഥാനം സൂചിപ്പിക്കുന്നു. 2021 ലെ സൂചികപ്രകാരം ഇന്ത്യയുടെ വിശപ്പുസൂചിക 27.5 ആണ്. 20 മുതൽ 34.9 വരെ സ്കോർ നിലവാരത്തിലുള്ള രാജ്യങ്ങളെ ഗുരുതരസാഹചര്യം നിലനിൽക്കുന്ന രാജ്യങ്ങളായാണു പരിഗണിക്കുന്നത്. ഏഷ്യയിൽ ഇന്ത്യയെക്കാൾ മോശമായ രാജ്യങ്ങൾ തിമോർ - ലെസ്റ്റെ, അഫ്ഗാനിസ്ഥാൻ, ഉത്തരകൊറിയ എന്നിവയാണ്. പാകിസ്ഥാൻ 2015 ൽ 106-ാം സ്ഥാനത്ത് ആയിരുന്നെങ്കിൽ ഇപ്പോൾ 92 ൽ (സ്കോർ 24.7) എത്തി. ബംഗ്ലാദേശ്-76 (19.1), നേപ്പാൾ-76 (19.1), ശ്രീലങ്ക-65 (16), മ്യാൻമർ-71 (17.5) എന്നിങ്ങനെയാണ് അയൽരാജ്യങ്ങളുടെ സ്ഥാനം. ബ്രിക്സ് രാജ്യങ്ങളായ ബ്രസീൽ-1, റഷ്യ-25, ദക്ഷിണാഫ്രിക്ക-60 എന്നിവ ഇന്ത്യയെക്കാൾ ബഹുദൂരം മുന്നിലാണ്. അതിനർത്ഥം ഇന്ത്യയിലെ പട്ടിണിപ്രശ്നം വളരെ വലുതും ഗൗരവാവഹവുമാണ് എന്നുതന്നെയാണ്.

21-ാം നൂറ്റാണ്ടിലെ ആദ്യ രണ്ടു പതിറ്റാണ്ടുകളിൽ സാമ്പത്തികവളർച്ചയിൽ ഇന്ത്യ വളരെ മുന്നേറിയെങ്കിലും ആനുപാതികമായി ദാരിദ്ര്യനിർമാർജനത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ ഇരുപതു വർഷങ്ങളുടെ കണക്കു നോക്കുമ്പോൾ ആകെ സ്കോർ മെച്ചപ്പെട്ടതായിത്തോന്നുമെങ്കിലും 2006-2012 കാലയളവിൽ ഒഴികെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞിട്ടില്ല. ഇന്ത്യയുടെ സ്കോർ 2000 ൽ 38.8 ഉം 2005 ൽ 38.9 ഉം 2006 ൽ 37.4 ഉം 2010 ൽ 32 ഉം ആയിരുന്നു. ഇത് 2012 ൽ 28.8 ആയി കുറഞ്ഞു. 2000 ത്തിലെ 38.8 ൽനിന്ന് 12 വർഷംകൊണ്ട് 28.8 ആയി കുറഞ്ഞു ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞു. ഇന്ത്യയിൽ ദാരിദ്ര്യനിർമാർജനത്തിൽ വലിയ കുതിച്ചുകയറ്റം സൂചിപ്പിക്കുന്ന 2006-2012 കാലയളവിൽ ഒന്നാം യുപിഎ സർക്കാരിന്റെ നേതൃത്വത്തിൽ രാജ്യത്തു നടപ്പാക്കിയ ദേശീയ തൊഴിലുറപ്പു പദ്ധതിപോലെയുള്ള ദാരിദ്ര്യനിർമാർജനപദ്ധതികൾ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു എന്നു കണക്കുകൾ സൂചിപ്പിക്കുന്നു. 2005 മുതലുള്ള പത്തു കൊല്ലത്തിൽ ഏറ്റവുമധികം പേരെ ദാരിദ്ര്യമുക്തരാക്കിയ രാജ്യം ഇന്ത്യയെന്ന നേട്ടവും കൈവരിച്ചിരുന്നിടത്തുനിന്നാണ് പിന്നീട് നമുക്ക് പുറകോട്ടുപോകേണ്ടിവന്നത്.

യു എൻ ഡെവലപ്മെന്റ് പ്രോഗ്രാമും ഓക്സ്ഫോർഡ് പോവർട്ടി ആന്റ് ഹ്യൂമൻ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവും പുറത്തുവിട്ട കണക്കുകൾ പ്രകാരമാണ് 2005 മുതൽ 2015 വരെയുള്ള കാലഘട്ടത്തിലെ നേട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ കാലയളവിൽ ഇന്ത്യയിലെ 27 കോടി 30 ലക്ഷത്തിലധികം ആളുകൾ ദാരിദ്ര്യമുക്തി നേടിയതായി പഠനം പറയുന്നു. പക്ഷേ, പിന്നീട് ഇന്ത്യയിൽ നടപ്പിലാക്കിയ തീവ്രവലതുപക്ഷ സാമ്പത്തികനയങ്ങൾ രാജ്യത്തെ ദരിദ്രരെ പിന്നോട്ടടിക്കുകയാണു ചെയ്തത്. 2012 മുതൽ 2021 വരെയുള്ള ഒൻപതു വർഷംകൊണ്ട് നമ്മൾ 28.8 ൽനിന്ന് 27.5 വരെ മാത്രമേ എത്തിയുള്ളൂ എന്നതു ശ്രദ്ധേയമാണ്.


▶ 5


RELIGIOUS & DEVOTIONAL ARTICLES
തിരുസ്വരൂപങ്ങൾ, ജപമാലകൾ, ഫോട്ടോ ഫ്രെയിമുകൾ,
മുത്തുക്കുടകൾ, ആത്മീയ–ആരാധനക്രമഗ്രന്ഥങ്ങൾ,
തിരുവസ്ത്രങ്ങൾ, കാസാ, പീലാസാ
തുടങ്ങി തിരുക്കർമ്മങ്ങൾക്കാവശ്യമായ
ഭക്തസാധനങ്ങളും സ്റ്റേഷനറിയിനങ്ങളും ലഭ്യമാണ്.
സെന്റ് തോമസ്
ബുക്സ്റ്റാൾ, പാലാ
PH: 04822 215321, 6282632531
www.stthomasbookstall.com
E-mail: stbookstallpala@gmail.com
ഡി സി ബുക്സ്, കറന്റ് ബുക്സ്, മാതൃഭൂമി ബുക്സ്,
എ.റ്റി.സി. ബുക്സ്, സോഫിയ ബുക്സ്, വിമല ബുക്സ്,
കാർമ്മൽ ബുക്സ്, തിയോ ബുക്സ് , ജീവൻ ബുക്സ്,
ബുക്ക് മീഡിയ, വിൻകോ ബുക്സ്, ദീപനാളം ബുക്സ്,
തുടങ്ങി നിരവധി പ്രസാധകരുടെ
അതിവിപുലമായ പുസ്തകശേഖരം
നവീകരിച്ച കുർബാന തക്സയും
കുർബാനപ്പുസ്തകവും
(ജനങ്ങളുടെ ഉപയോഗത്തിനുള്ളത്)
ആരാധനക്രമ പഞ്ചാംഗവും
കലണ്ടറും ലഭ്യമാണ്.

# മുല്ലപ്പെരിയാർ ഇനി എത്രനാൾ?



തോമസ് കുഴിഞ്ഞാലിൽ

മുല്ലപ്പെരിയാർ അണക്കെട്ട് പൂർണമായും പ്രവർത്തനസജ്ജമായിട്ട് ഒക്ടോബർ 10–ാം തീയതി 126 വർഷങ്ങൾ പൂർത്തിയായി. ബ്രിട്ടീഷ് ഇന്ത്യയിലെ ഏറ്റവും വലിയ ജലസേചനപദ്ധതിയായ മുല്ലപ്പെരിയാർ ഇറിഗേഷൻ പ്രോജക്ട് കമ്മീഷൻ ചെയ്യപ്പെട്ടത് 10–10–1895 ലായിരുന്നു. ആധുനികസാങ്കേതികവിദ്യകൾ പ്രയോഗത്തിലില്ലാതിരുന്ന അക്കാലത്തുപോലും ഒൻപതു വർഷംകൊണ്ട് അണക്കെട്ടിന്റെ നിർമാണം പൂർത്തിയാക്കി. മണലും ഇഷ്ടികപ്പൊടിയും ശർക്കരയും ചുണ്ണാമ്പും മുട്ടവെള്ളയുമായി ചേർത്ത് ഉയർന്ന ഊഷ്മാവിൽ ചൂടാക്കിയ സുർക്കിമിശ്രിതം നിരത്തി അതിനുള്ളിൽ പാറക്കല്ലുകളുറപ്പിച്ചായിരുന്നു നിർമാണം. 142 അടി വീതിയിൽ അടിസ്ഥാനമിട്ടു ചെരിച്ചുപണിത് മുകളിലെത്തുമ്പോൾ 12 അടിയിലെത്തിച്ച അണക്കെട്ടിന് 176 അടി ഉയരവും 1200 അടി നീളവുമുണ്ട്. അണക്കെട്ടു രൂപം കൊടുത്ത പെരിയാർ തടാകത്തിലെ വെള്ളം 5,714 അടി നീളമുള്ള തുരങ്കത്തിലൂടെയാണ് മറുപുറത്തെത്തിച്ചത്. ബ്രിട്ടീഷ് എൻജിനീയറായ കേണൽ ജോൺ പെന്നികിക്കും മികച്ച സാങ്കേതികവിദഗ്ധരും നിർമാണത്തിനു മേൽനോട്ടം വഹിച്ചു. ബ്രിട്ടീഷ് ഇന്ത്യയുടെ മദ്രാസ് പ്രസിഡൻസിയിലെ വിശാലമായ വരണ്ടുണങ്ങിയ പ്രദേശങ്ങൾ (ഇപ്പോഴത്തെ തമിഴ്നാട്ടിലെ തേനി, മധുര, ഡിണ്ടിഗൽ, രാമനാഥപുരം, ശിവഗംഗ എന്നീ അഞ്ചു ജില്ലകൾ) കൃഷിയോഗ്യമാക്കുകയായിരുന്നു ലക്ഷ്യം.

പഴയകാലങ്ങളിൽ പറമ്പുകളിൽ കയ്യാലകൾ പണിയുന്ന രീതിയിലായിരുന്നു നിർമാണം. ഇടയ്ക്കു തൂണുകളില്ലാതെ നെടുനീളത്തിലുള്ള ഒരു കൽക്കെട്ട്. നിർമാണവസ്തുക്കളുടെ ഭാരംകൊണ്ട് തറയിൽ ഉറച്ചുനിൽക്കുന്ന ഒരു 'ഗ്രാവിറ്റി ഡാം'. എന്നാൽ, കല്ലുകളെ ഉറപ്പിച്ചുനിർത്തുന്ന സുർക്കി മിശ്രിതത്തിന്റെ സിംഹഭാഗവും ഒലിച്ചുപോയതിന്റെ ഭാരനഷ്ടം നികത്താൻ 1922 മുതൽ പലവട്ടം സിമന്റുപയോഗിച്ചു ഗ്രൗട്ടിങ് നടത്തിയതായി തമിഴ്നാട് അവകാശപ്പെടുന്നുണ്ട്. 1964 ലെ ഗ്രൗട്ടിങ്ങിനുമാത്രം 500 ടൺ സിമന്റ് ചെലവാക്കി. അണക്കെട്ടിന്റെ നിർമാണം മുതൽ കണ്ടുതുടങ്ങിയ ചോർച്ചകളടയ്ക്കാനായിരുന്നു ഗ്രൗട്ടിങ്. ഡാമിന്റെ ബലക്ഷയത്തെക്കുറിച്ചു പഠിക്കാൻ നിയോഗിക്കപ്പെട്ട ഏഷ്യൻ ഡാം സേഫ്റ്റി വിഭാഗം മേധാവിയായിരുന്ന ഹിമാംശു ഠാക്കൂർ തയ്യാറാക്കിയ റിപ്പോർട്ടിൽ അണക്കെട്ട് സുരക്ഷിതമല്ലെന്നും ഏതുനേരവും തകരാൻ സാധ്യതയുണ്ടെന്നും രേഖപ്പെടുത്തി. ഡോ. കെ.സി. തോമസ് അധ്യക്ഷനായ സെൻട്രൽ വാട്ടർ കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ വിദഗ്ധപരിശോധനയിലും അണക്കെട്ടിന്റെ ദുർബലാവസ്ഥ ബോധ്യപ്പെട്ടതോടെ രണ്ടു സംസ്ഥാനങ്ങളിലെയും എഞ്ചിനീയർമാരുടെ സംയുക്തയോഗം വിളിച്ചുചേർക്കുകയുണ്ടായി. 25–11–1979 ൽ ചേർന്ന ആ യോഗത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ ബലപ്പെടുത്തൽ തുടരാനും ദീർഘകാലാടിസ്ഥാനത്തിൽ ഇപ്പോഴുള്ളതിനും താഴെ പുതിയൊരണക്കെട്ടു നിർമിക്കാനും തീരുമാനമെടുത്തു. നിർഭാഗ്യവശാൽ 1980 ൽ പ്രാബല്യത്തിൽവന്ന കർശനമായ വനനിയമങ്ങൾ പുതിയ അണക്കെട്ടിന്റെ നിർമാണത്തിനു വിലങ്ങുതടിയായി.

ഡൽഹിയിലെയും റൂർക്കിയിലെയും ഐ.ഐ.ടി.കളുടെ പരിശോധനകളിലും അണക്കെട്ടിന്റെ ബലക്ഷയം സ്ഥിരീകരിച്ചിരുന്നു. മുകൾഭാഗത്തുനിന്ന് അടിത്തട്ടിലേക്ക് ബോർഹോളുകൾ കുഴിച്ചപ്പോൾ ഉപകരണങ്ങൾ പൊള്ളയായ ഭാഗങ്ങളിലൂടെയാണു കടന്നുപോകുന്നതെന്നു വ്യക്തമായി. റസൽ ജോയിയുടെ ഭാഷയിൽ പറഞ്ഞാൽ, വലിയ യാത്രാബസുകൾപോലും കയറ്റിനിർത്താവുന്നത്ര വലുപ്പമുള്ള വിടവുകൾ ഡാമിനുള്ളിൽ രൂപപ്പെട്ടിട്ടുണ്ടത്രേ!



പ്രധാന അണക്കെട്ടിനോടു ചേർന്നു നിർമിച്ചിട്ടുള്ള ബേബി ഡാമും എർത്ത് ഡാമും കാലപ്പഴക്കംകൊണ്ട് ദുർബലമാണെന്നു വാർത്തയുണ്ട്. നിർമാണം കഴിഞ്ഞ് അധികംവൈകാതെ ബേബിഡാമിൽ കണ്ടെത്തിയ ചോർച്ചയടയ്ക്കാൻ ഇതുവരെ ശ്രമിച്ചിട്ടില്ലെന്ന് ആരോപണമുണ്ട്. പൈപ്പിങ് ലീക്കാണ് ബേബിഡാമിനെ ദുർബലമാക്കിയതെന്ന് കേരളത്തിന്റെ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടിവ് എഞ്ചിനീയറായ ജോർജ് ദാനിയേൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചോർച്ചയിലും കാലപ്പഴക്കത്തിലും ബേബിഡാമിന്റെ പിൻവശത്തെ ചുവടുഭാഗത്തുള്ള കല്ലുകൾ ഇളകിമാറിയിട്ടുണ്ട്. ജലനിരപ്പ് 142 അടിയിലേക്കുയർന്നാൽ വെള്ളത്തിന്റെ സമ്മർദം താങ്ങാനാവാതെ ബേബിഡാം തള്ളിപ്പോകാവുന്ന അവസ്ഥയിലാണെന്നും ജോർജ് ദാനിയേലിന്റെ റിപ്പോർട്ടിലുണ്ട്.

സാധാരണ അണക്കെട്ടുകൾക്ക് ഷട്ടറുകൾ ഉള്ളതുപോലെ മുല്ലപ്പെരിയാറിലെ പ്രധാന അണക്കെട്ടിനു ഷട്ടറുകളില്ല. പകരം, സ്പിൽവേവഴിയാണ് അധികജലം തുറന്നുവിടുന്നത്. 136 അടിയിലേക്കു ജലനിരപ്പെത്തുമ്പോൾ സ്പിൽവേയിലുള്ള 13 ഷട്ടറുകൾവഴി വെള്ളം തുറന്നുവിടും. ഇങ്ങനെ നിയന്ത്രിതമായ അളവിൽ ഷട്ടറുകൾ തുറക്കുകയാണെങ്കിൽ ജാഗ്രത പാലിക്കാനും അപകടങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കാനും ജനങ്ങൾക്കു കഴിയും. ഇത്തരമൊരു സംവിധാനത്തോടു പൊരുത്തപ്പെടാൻ തമിഴ്നാടു തയ്യാറാകാത്തതാണ് പ്രധാന കീറാമുട്ടി. 2018 ലെ പ്രളയകാലത്തേതുപോലെ അനുവദനീയ സംഭരണശേഷിവരെ വെള്ളം സംഭരിച്ച് അണക്കെട്ടു ബലവത്താണെന്ന് സുപ്രീം കോടതിയെ തെറ്റിദ്ധരിപ്പിക്കുകയും 152 അടിയിലേക്ക് ജലനിരപ്പുയർത്തുന്നതിനുള്ള അനുമതി നേടിയെടുക്കുകയുമാണ് തമിഴ്നാടിന്റെ ആത്യന്തികലക്ഷ്യം.

2016 ലെ തിരഞ്ഞെടുപ്പിൽ വിജയിച്ചു മുഖ്യമന്ത്രിയായ ശേഷം രണ്ടാംവട്ടവും മുഖ്യമന്ത്രിയായ പിണറായി വിജയൻ, അഞ്ചുവർഷം കഴിഞ്ഞിട്ടും ഒരു വിദഗ്ധസമിതിയെ കണ്ടെത്തുകയോ ശരിയായ പരിശോധനകൾ നടത്തുകയോ ഗൗരവമായ ഈ വിഷയത്തെക്കുറിച്ച് ചർച്ചകൾ നടത്തുകയോ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നിലപാടുകൾ കേന്ദ്രത്തെ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നത് അത്യന്തം ഖേദകരമാണ്.

പഴക്കംചെന്ന ഏതാനും അണക്കെട്ടുകൾ തകർന്നതോടെ അമേരിക്കൻ സർക്കാർ രൂപീകരിച്ച 'ഫെഡറൽ ഗൈഡ് ലൈൻ ഫോർ സേഫ്റ്റി ഓഫ് ഡാംസ്' നിയോഗിച്ച അന്താരാഷ്ട്രവിദഗ്ധസമിതിയെ വിളിച്ചുവരുത്തി മുല്ലപ്പെരിയാർ അണക്കെട്ടു പരിശോധിക്കണമെന്നും ഡാം എന്നു ഡീ കമ്മീഷൻ ചെയ്യുമെന്ന് നിർദേശിക്കണമെന്നും ആവശ്യപ്പെട്ട് ആലുവാ സ്വദേശിയായ അഡ്വ. റസൽ ജോയി സുപ്രീം കോടതിയിൽ ഹർജി നൽകിയിരുന്നു. ഡാം സുരക്ഷയെക്കുറിച്ചു പരിജ്ഞാനമുള്ള ഒരു വിദഗ്ധസമിതിയെക്കൊണ്ട് മുല്ലപ്പെരിയാർ അണക്കെട്ടു പരിശോധിപ്പിക്കാനായാൽ തമിഴ്നാടുമായുള്ള കേസിൽ കേരളത്തിനു വിജയിക്കാനാകുമെന്നാണ് റസൽ ജോയിയുടെ വാദം. 2018 ലെ പ്രളയകാലത്ത് 2014 ലെ ഉത്തരവുപ്രകാരം അനുവദനീയമായ 142 അടിയിൽനിന്ന് 144 അടിയിലേക്ക് ജലനിരപ്പ് കുതിച്ചുയർന്നപ്പോൾ 139 അടിയിലേക്കു താഴ്ത്താനുള്ള സുപ്രീംകോടതിയുടെ ഉത്തരവ് സമ്പാദിച്ചത് അഡ്വ. റസൽ ജോയി സമർപ്പിച്ച അടിയന്തരഹർജിയെത്തുടർന്നാണ്. അണക്കെട്ടിന്റെ ബലക്ഷയം നാൾക്കുനാൾ വർദ്ധിക്കുന്നതിനാൽ ജലനിരപ്പ് 130 അടിയായി നിജപ്പെടുത്തണമെന്ന പുതിയൊരു ഹർജിയും പരമോന്നത കോടതിയുടെ പരിഗണനയ്ക്കായി അദ്ദേഹം സമർപ്പിച്ചിട്ടുണ്ട്. സമാനചിന്താഗതിക്കാരായ സുമനസ്സുകളെ ചേർത്ത് 'സേവ് കേരള ബ്രിഗേഡ്' എന്ന ഒരു സംഘടനയ്ക്കു രൂപംകൊടുത്ത് മുല്ലപ്പെരിയാർ പ്രശ്നത്തിനു പരിഹാരം കാണാനുള്ള നിരന്തരപോരാട്ടമാണ് അദ്ദേഹം നടത്തുന്നത്.

**അപകടകരമായ വിള്ളലും ഭൂകമ്പസാധ്യതയും**

അണക്കെട്ടിന്റെ അടിത്തട്ടിൽനിന്ന് 100 അടി ഉയരത്തിൽ നെടുനീളത്തിലുള്ള ഒരു വിള്ളൽ രൂപപ്പെട്ടിട്ടുണ്ടെന്ന് റിമോട്ട് സെൻസിങ് ഉപകരണങ്ങൾ ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ഇവിടെവച്ച് ജലഭാഗത്തേക്ക് അണക്കെട്ട് ഒടിഞ്ഞുനില്ക്കുന്നതായും കണ്ടെത്തി. ഡാമിന്റെ വെള്ളത്തിനടിയിലെ ഉൾഭാഗം നാട്ടിൻപുറത്തെ കയ്യാലകൾക്കു സമാനമാണെന്ന് വെള്ളം താഴ്ന്നുനിൽക്കുന്ന സമയങ്ങളിൽ ബോട്ടുയാത്ര നടത്തിയവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അണക്കെട്ട് അതിന്റെ ആയുസ്സു മുഴുവൻ പിന്നിട്ടതായി എല്ലാ പഠനറിപ്പോർട്ടുകളിലും സൂചനയുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ചുറ്റളവിൽ 22 ഭ്രംശമേഖലകളുണ്ടെന്നും ഇവയിൽ തേക്കടി–കടയനല്ലൂർ ഭ്രംശപാളി ഏറ്റവും അപകടകാരിയാണെന്നും പറയപ്പെടുന്നുണ്ട്. റിക്ടർ സ്കെയിലിൽ 6 തീവ്രതയുള്ള ഭൂചലനമുണ്ടായാൽ അണക്കെട്ടു ചീട്ടുകൊട്ടാരംപോലെ തകർന്നടിയും. ഇടുക്കി ജില്ലയിലെ 12 വലിയ അണക്കെട്ടുകളിലും ചെറിയ ഡാമുകളിലും അനേകം തടയണകളിലും സംഭരിച്ചിരിക്കുന്ന വെള്ളം കൂട്ടിച്ചേർത്താൽ ഒരു ഉൾക്കടലിനു തുല്യമായ ജലമുണ്ടാകും. ഇത്രയും വെള്ളത്തിന്റെ സമ്മർദം താങ്ങാൻ കെല്പില്ലാതെ ഭൂഗർഭപാളികൾ വിറകൊള്ളുന്നതാണ് ജില്ലയിലെ ഭൂചലനങ്ങൾക്കു കാരണം.

തുലാവർഷാരംഭത്തിൽത്തന്നെ എല്ലാ ജലസംഭരണികളും നിറഞ്ഞുനില്ക്കുകയാണ്. 2018 ലെ പ്രളയകാലത്ത് ജലനിരപ്പ് 144 അടിയിലെത്തിയപ്പോൾ 139 അടിയിലേക്കു താഴ്ത്തുന്നതിനുവേണ്ടി സ്പിൽവേയിലൂടെ തുറന്നുവിട്ട ജലം സർവനാശം വിതച്ചെങ്കിൽ ഒരണക്കെട്ടു പൊട്ടിയാലുള്ള അവസ്ഥ എത്ര ഭയാനകമായിരിക്കും! മുല്ലപ്പെരിയാർ അണക്കെട്ടു തകർന്നടിയുമ്പോൾ താഴേക്കൊഴുകുന്ന ശക്തമായ വെള്ളപ്പാച്ചിലിനോടൊപ്പമെത്തുന്ന മണ്ണും കല്ലും മരങ്ങളും പെരിയാറിലെ തേക്കടി വനത്തിലെ ജലം മുഴുവൻ ഇടുക്കിയും ചെറുതോണിയും കുളമാവും താങ്ങിനിർത്തുമെന്ന തമിഴ്നാടിന്റെ വാദഗതിയും വിശ്വസനീയമല്ല. ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ദുരന്തത്തിനു നിന്നുകൊടുക്കാൻ നമുക്കാവില്ല. ഇപ്പോഴുള്ള അണക്കെട്ടിന് 1200 അടി താഴെ പുതിയൊരെണ്ണം പണിയുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനംപോലും നടത്തിയിട്ടില്ലെന്നറിയുന്നു.

പുതിയ അണക്കെട്ടു പണിയുമ്പോൾ വെള്ളത്തിനടിയിലായേക്കാവുന്ന ഏതാനും ഹെക്ടർ വനഭൂമിക്കുവേണ്ടി വാദിക്കാതെ അണക്കെട്ടു തകരുമ്പോൾ നഷ്ടപ്പെട്ടേക്കാവുന്ന ലക്ഷക്കണക്കായ മനുഷ്യരുടെ ജീവനും സ്വത്തിനും ജീവജാലങ്ങൾക്കും സംരക്ഷണം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ശക്തമായ ഇടപെടൽ ഉണ്ടായേ തീരൂ. മധ്യകേരളത്തെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കാൻ പോകുന്ന ഒരു മഹാദുരന്തമാണ് നമ്മെ കാത്തിരിക്കുന്നത് എന്ന കാര്യം മറക്കാതിരിക്കുക.

■




# ഒന്നും കല്ലറയിൽ ഒളിക്കാനുള്ളതല്ല






ജോസ് വഴുതനപ്പിള്ളി

ടോഡ് ഹെൻറിയുടെ വിശ്വവിഖ്യാതമായ ഒരു പുസ്തകമാണ് 'Die Empty.' നമ്മുടെ ജീവിതത്തിൽ പകർത്താനുതകുന്ന ചില അമൂല്യസന്ദേശങ്ങൾ ഇതിലുണ്ട്.

നാളെ എന്നൊരു ദിവസമില്ല. ചെയ്യാവുന്നതൊക്കെ ഇന്നു ചെയ്തുതീർക്കുക എന്ന ആഴത്തിൽ തറയ്ക്കുന്ന ഒരു സന്ദേശമാണ് ഹെൻറിയുടെ പുസ്തകത്തിൽ നാം വായിക്കുക. തൃപ്തിയുളവാക്കുംവിധം നമ്മുടെ കർത്തവ്യങ്ങൾ നിറവേറ്റാനും ജീവിതത്തിൽ മുന്നേറാനുമുള്ള പ്രചോദനമാണ് നമുക്കിവിടെ ലഭിക്കുക. നമ്മുടെ സ്വപ്നസാക്ഷാത്കാരത്തിനായി കാത്തു കാത്തിരിക്കാതെ സാധ്യമായതൊക്കെ ഇന്നുതന്നെ ചെയ്യണം. കാരണം, നാം മരിക്കുന്നതെപ്പോഴെന്നു നമുക്കറിയില്ല. കഷ്ടമായിപ്പോയി, അതൊന്നും ചെയ്യാൻ പറ്റിയില്ലല്ലോ എന്ന ഖേദത്തിനു വഴിവയ്ക്കാതെ ഇന്നുതന്നെ കർമനിരതരാവുക. ടോഡ് ഹെൻറി പറയുന്നത്, നാം നമ്മുടെ അറിവുകളും താലന്തുകളും കഴിവുകളും മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ മാത്രമാണു നമുക്കൊരു മെച്ചപ്പെട്ട ജീവിതം സാധ്യമാവുകയെന്നാണ്. കേവലം ക്രിയാത്മകമായ ചിന്തകളുടെ മുഷിപ്പൻ ഭാഷണമോ വാക്ധോരണികളോ ഉയർത്തുന്നതാണ് ഈ പുസ്തകമെന്നു ധരിക്കരുത്. മറിച്ച്, നാമിവിടെ ഇതുവരെ കണ്ടിട്ടില്ലാത്ത ചില മൂല്യങ്ങൾ സ്വയം സൃഷ്ടിച്ചെടുക്കുകയാണ്. ഇതു ജീവിതത്തിൽ സൃഷ്ടിക്കാൻ പോകുന്ന മാറ്റങ്ങൾ ബൃഹത്താണ്.

ഇതോടെ നാം നമ്മുടെ വ്യക്തിജീവിതത്തിലും തൊഴിൽ മേഖലയിലും സ്വയം വേറിട്ടുനിൽക്കുന്നവരായിമാറും. അപ്പോൾ മറ്റുള്ളവരൊക്കെ നിങ്ങളോടൊപ്പം ഒട്ടിനിൽക്കാനും താത്പര്യപ്പെടും. വലിയ മാറ്റങ്ങൾക്കു നിങ്ങൾ രാസത്വരകങ്ങളാകും. ഏതു പ്രവൃത്തികളിൽ ഏർപ്പെടുമ്പോഴും അതൊക്കെ ആസ്വാദ്യമായ അനുഭവങ്ങളായി മാറും. ഹെൻറി പറയുന്നുണ്ട്, നിങ്ങൾക്ക് ഇന്നത്തെക്കാൾ മെച്ചമായത് ഇനിയും ചെയ്യാനാകുമെന്നു തോന്നുന്നുണ്ടെങ്കിൽ നിങ്ങളുടെ മികച്ച നേട്ടങ്ങൾ ബാക്കി നിൽക്കുന്നു എന്നാണ് അതിന്റെ അർത്ഥം.


നമ്മളാരും കാലാകാലത്തോളം ജീവിച്ചിരിക്കാൻ പോകുന്നില്ല 'നമ്മുടെ സമയം പരിമിതമാണ്.' ഒരു തിരിനാളംപോലെ അത് കത്തിത്തീർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടു കാലവിളംബം കൂടാതെ ജീവിതത്തിൽ ചെയ്തു പൂർത്തിയാക്കേണ്ട കാര്യങ്ങൾ നാളത്തേക്കു ബാക്കിവയ്ക്കാൻ പാടില്ല. നാം ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്തുകൊണ്ട് നമുക്ക് ഒരു നല്ല തുടക്കം കുറിക്കാം. കർമപഥത്തിലേക്കു നമ്മെ നയിക്കുന്ന, നമുക്കു പ്രേരകമാകുന്ന, നമ്മെ പ്രചോദിപ്പിക്കുന്ന ഒരു ഉണർത്തുപാട്ടാണ്ഈ പുസ്തകം.

ഈ പുസ്തകം എഴുതാനുണ്ടായ സാഹചര്യങ്ങൾ ഹെൻറി വിവരിക്കുന്നുണ്ട്. തന്റെ ജീവിതയാത്രയിൽ അതിസമർത്ഥരും കുശാഗ്രബുദ്ധിയുള്ളവരും അത്യുഗ്ര പ്രതിഭാശാലികളും മികച്ച താലന്തുകൾ ഉള്ളവരുമായ കുറെയേറെപ്പേരെ കണ്ടുമുട്ടി. പക്ഷേ, അവരിൽ പലരും തന്റെ പഴയകാലനേട്ടങ്ങളുടെ ശീതളച്ഛായയിൽ മയങ്ങിക്കിടക്കുന്നതായി കണ്ടു. ഇത്രയൊക്കെ മതിയെന്ന് അവർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. അവരൊക്കെ ചിലപ്പോൾ തന്റെ പ്രവർത്തനമേഖലയിൽ വലിയ നേട്ടങ്ങളുടെ കൊടുമുടിയിൽ നിലകൊള്ളുന്നവരാകാം. നമുക്കുണ്ടാകുന്ന പുത്തൻ ആശയങ്ങൾ, ഭൂതോദയം, അന്തർജ്ഞാനം, ഉള്ളുണർവ് എന്നിവയെല്ലാം മൂടിവെച്ചാൽ നമുക്കു വലിയ നേട്ടങ്ങൾ കൈവരിക്കാനാവില്ല. ഹ്രസ്വകാലനേട്ടങ്ങളെ ബലിയർപ്പിച്ചുകൊണ്ടു ദീർഘകാലനേട്ടങ്ങൾക്കായി മനസ്സൊരുക്കണം.

അർത്ഥവത്തായ ഒരു ജീവിതത്തിന്റെ നിർമിതിക്കുള്ള ഉപായങ്ങൾ പറഞ്ഞുതന്നു നമ്മെ പ്രചോദനത്തിൽനിന്നു പ്രവൃത്തിപഥത്തിലേക്കു നയിക്കുന്ന ഗ്രന്ഥമാണിത്. ജീവിതത്തിന്റെ വടക്കുനോക്കിയന്ത്രം അതിന്റെ യഥാർത്ഥദിശയിലാണോ എന്ന് ഉറപ്പാക്കിത്തരാൻ ഇതുപകരിക്കും. വിചിന്തനങ്ങളിലൂടെ നമ്മുടെ പ്രായോഗികമാർഗങ്ങൾ സ്വയം നിരീക്ഷിച്ചുകൊണ്ടു പെട്ടെന്നുതന്നെ ഗതിമാറ്റങ്ങൾക്കായി സ്വയം സജ്ജരാകുകയും നമ്മുടെ മികവുകൾ എല്ലാം പൂർണമായി വിനിയോഗിക്കാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്ന ഒരു അപൂർവശക്തിയിലേക്കാണു ലേഖകൻ വിരൽ ചൂണ്ടുന്നത്.

സുപ്രധാനമായ ജോലി ഒരുപക്ഷേ, നാം മാറ്റിവച്ചിരിക്കുന്ന ഒരു സംഭാഷണമാകാം, വേണ്ടുന്ന കാര്യങ്ങൾക്കായി സമയം നീക്കിവയ്ക്കാത്തതാകാം, ഹ്രസ്വകാലനേട്ടങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതാകാം, സുഖദായകസാഹചര്യങ്ങളിൽ കുടുങ്ങിനിന്ന് പുതിയ അറിവുകളും പുതിയ വൈഭവങ്ങളും സ്വന്തമാക്കാത്തതാകാം, സ്വന്തം ചിന്തകൾക്കു മൂർച്ച കൂട്ടാത്തതാകാം. ത്വരകൾ ഒന്നും കൂടാതെ ചുറുചുറുക്കും ശുഷ്കാന്തിയുമില്ലാതെ ശരിയായ മൂല്യങ്ങൾക്കും അഭിലാഷങ്ങൾക്കും പിന്നാലെ പോകാനാവാത്ത അവസ്ഥ നമുക്കുണ്ടോ? സമയവും സമ്പാദ്യവും ഊർജവും നമുക്കേറ്റവും വേണ്ട കാര്യത്തിനാണ് ഉപയോഗിക്കേണ്ടത്.

വിജയിക്കാൻ വ്യക്തമായ നിയമങ്ങളോ ഫോർമുലകളോ ഒന്നുംതന്നെയില്ല. ചിട്ടയോടെ തന്റെ ജോലികൾ യഥാസമയം ചെയ്യുന്ന ഒരാൾക്ക് മനഃസംതൃപ്തി ഉണ്ടാവും; അവർ മറ്റുള്ളവരെ അപേക്ഷിച്ചു മികച്ച ഫലങ്ങളും സൃഷ്ടിക്കുമെന്നതിനു ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. നാം പലപ്പോഴും കുറുക്കുവഴികൾ തേടും. നമ്മുടെ അധ്വാനം പരിമിതപ്പെടുത്തിക്കൊണ്ടു നമ്മുടെ കഴിവുകൾ വേണ്ടവിധം ഉപയോഗപ്പെടുത്താതെ നേട്ടങ്ങൾ കൊയ്യാൻ ധൃതി വയ്ക്കും.




നല്ല വാർത്ത ഇതാണ്: നിങ്ങൾക്ക് ഈ മീഡിയം ചിന്താഗതി വേണമെങ്കിൽ ഉപേക്ഷിക്കാം എന്നിട്ടു കൂടുതൽ ഊർജസ്വലരാകാം, കർമനിരതരാകാം. അനിശ്ചിതങ്ങൾക്കു നടുവിലേക്ക് എടുത്തുചാടുന്നവരും, സ്വന്തം ആത്മാവിന്റെ ശബ്ദം കേൾക്കുന്നവരും ആവശ്യമുള്ളിടങ്ങളിൽ യുദ്ധം പയറ്റുന്നവരും അനേകം അവസരങ്ങൾ കണ്ടെത്തും. നമുക്കെങ്ങനെ നമ്മുടെ വഴികൾ തെളിക്കാം? ലക്ഷ്യങ്ങളിലേക്കു നീങ്ങാം?

ജോർജ് ബെർണാഡ് ഷാ ഒരിക്കൽ ഇങ്ങനെ കുറിക്കുകയുണ്ടായി: "ഞാൻ മരിക്കുമ്പോഴേക്കു പൂർണമായി സ്വയം ഉപയോഗിച്ചുതീരണം എന്നാഗ്രഹിക്കുന്നു, കാരണം എത്രകണ്ട് കഠിനാധ്വാനം ഞാൻ ചെയ്യുന്നുവോ അത്രകണ്ട് കൂടുതൽ ഞാൻ ജീവിക്കും. ജീവിതത്തെ ഞാൻ ആസ്വദിക്കുന്നു. അതെനിക്ക് ഒരു കൊച്ചുമെഴുകുതിരിയല്ല മറിച്ചു ഒരു വലിയ, ജ്വലിക്കുന്ന തീപ്പന്തമാണ്. ഇപ്പോൾ എന്റെ കൈയിൽ ഏറെ പ്രശോഭയാർന്ന് അത് നിൽക്കണം, നാളെ അത് ഭാവി തലമുറകൾക്കു ഞാൻ കൈമാറുംവരെ."

ഏതാണ് ഈ ലോകത്തിലെ വിലമതിക്കാനാവാത്ത സ്ഥലം എന്നൊരു ചോദ്യം ഒരിക്കൽ ഹെൻറിയോട് ഒരു സുഹൃത്ത് ചോദിച്ചു. പലരും അവരുടെ സങ്കല്പത്തിലെ അമൂല്യമായ ഭൂമിയെപ്പറ്റി പറഞ്ഞു. ചിലർ യൂറോപ്പിലെ ചില പ്രദേശങ്ങളെപ്പറ്റി പറഞ്ഞു. മറ്റു ചിലർ മിഡിൽ ഈസ്റ്റിലെ എണ്ണപ്പാടങ്ങൾ എന്നു പറഞ്ഞു. മറ്റു ചിലർ സൗത്താഫ്രിക്കയിലെ രത്നഖനികളെക്കുറിച്ചു പറഞ്ഞു.

ഒടുവിൽ ആ സുഹൃത്തു പറഞ്ഞത് ഇതാണ്: ഇതൊന്നുമല്ല ഏറ്റവും വിലയേറിയ ഭൂമി. അത് സിമിത്തേരിയാണ്. അവിടെയാണ് എഴുതപ്പെടാത്ത നോവലുകളും, ഒരിക്കലും തുടങ്ങാൻ കഴിയാതെപോയ ബിസിനസ് സ്ഥാപനങ്ങളും, കൂട്ടിയിണക്കാൻ കഴിയാതെപോയ ബന്ധങ്ങളും, പിന്നീടെപ്പോഴെങ്കിലും സാധ്യമാക്കാമെന്നു കരുതിവെച്ച കാര്യങ്ങളും, പിന്നീടൊരിക്കലും സാധിക്കാതെപോയ കാര്യങ്ങളും കിടക്കുന്നത്.

തന്റെ ശ്രദ്ധയും സമയവും ഊർജവുമെല്ലാം വേണ്ടവിധം നമുക്കുപയോഗിക്കാനായില്ലായെങ്കിൽ നാം അതെല്ലാം ഈ ആറടിമണ്ണിലേക്കാണു കൊണ്ടുപോവുക. ഒടുവിൽ തനിക്കു വിനിയോഗിക്കാനാവാതെപോയ സുവർണാവസരങ്ങളെക്കുറിച്ചോർത്തു നാം നെടുവീർപ്പിടും. കഴിഞ്ഞകാലത്തെ തെറ്റായ തീരുമാനങ്ങളെയോർത്തു വ്യസനിക്കുന്നതുകൊണ്ട് എന്തുപ്രയോജനം?

ഇന്നുതന്നെ എല്ലാം ചെയ്യുക എന്നതിനർത്ഥം നാം വെറുതേ ചാപല്യങ്ങൾക്കു പിന്നാലെ തോന്ന്യാസം പോകണമെന്നല്ല. ബോധപൂർവമല്ലാത്ത തീരുമാനങ്ങൾക്കൊക്കെ ചിലപ്പോൾ നാളെ വലിയ വില കൊടുക്കേണ്ടിവരാം. പക്ഷേ, ഇന്നു നഷ്ടപ്പെടുന്ന അവസരങ്ങൾ എന്നത്തേക്കുമായി പോയ്മറയും എന്നോർക്കണം. നമുക്കുള്ളിൽ ഉറങ്ങുന്ന ശക്തികളെ, മികവുകളെ നാം തിരിച്ചറിയണം. നമുക്കുമാത്രം ദൈവം പറഞ്ഞുവച്ചിട്ടുള്ള ചില വലിയ കാര്യങ്ങളുണ്ട്; അതു നമുക്കു ചെയ്തുതീർക്കാനുണ്ട്.

നാം ചെയ്യുന്നതിനൊക്കെ അംഗീകാരം ലഭിക്കണമെന്നു കരുതി മാത്രം പ്രവർത്തനങ്ങൾക്കു തയ്യാറാവരുത്. പോകുന്ന വഴിക്കു പാരിതോഷികങ്ങളും പ്രശംസകളും സമ്പാദ്യവും ലഭിച്ചേക്കാം. പക്ഷേ, ഇതൊന്നും നിങ്ങളെ ഒരു ഒരു മധ്യമവർഗക്കാരനാക്കരുത്. ആവേശകരമായ ഒരു യാത്രയുടെ പ്രക്രിയയിലും രീതിക്രമത്തിലും നാം നൽകുന്ന നിലനില്പള്ള സംഭാവനകളിലുമാണ് നാം ആനന്ദം കണ്ടെത്തേണ്ടത്. ■

---

മിനിക്കഥ

ഡോ. സി. വെള്ളരിങ്ങാട്ട്

## കൊമ്പനാനയുടെ തൂക്കം

ഒരു ദിവസം അഞ്ചലോട്ടക്കാരൻ രാജാവിനോട് ഉണർത്തിച്ചു: രാജ്യത്ത് അനീതിയുണ്ട് പരിഹരിക്കണം. താൻ കാടും തോടും കടന്ന്, കുന്നും മലയും കയറി നടന്ന് അഞ്ചലിൽ വരുന്ന എഴുത്തുകൾ മേൽവിലാസക്കാരന് എത്തിക്കാൻ വളരെ കഷ്ടപ്പെടുന്നു. ലഭിക്കുന്ന ശമ്പളം തുച്ഛം! അതേസമയം ദിവാൻ കുളിച്ച് കുറിയും തൊട്ട് നല്ല വസ്ത്രം ധരിച്ച് കാലത്തെ വന്ന് കറക്കൻ കസേരയിലിരിക്കുന്നു. ഭാരിച്ച പണിയൊന്നും ചെയ്തു കാണുന്നില്ല. വലിയ തുക ശമ്പളമായി കൈപ്പറ്റുന്നു! ഇത് അനീതിയാണ്!

രാജാവ് ദിവാനെ വിളിച്ചു വരുത്തി. രണ്ടു പേരോടുമായി കല്പിച്ചു: "കൊട്ടാരത്തിലെ കൊമ്പനാനയുടെ തൂക്കം എത്രയെന്ന് അടുത്തമാസം 10-ാംതീയതി വന്നു പറയുക."

നിശ്ചിതദിവസം രണ്ടുപേരും കൊട്ടാരത്തിൽ വന്നു. അഞ്ചലോട്ടക്കാരൻ പറഞ്ഞു: "തിരുമേനീ! ആനയെത്തൂക്കാനായി തുലാസൊ ന്നുമില്ല. അതുകൊണ്ട് ആനയുടെ തൂക്കമറിയാൻ സാധിച്ചില്ല." രാജാവ് ദിവാന്റെ നേരേ നോക്കി. ദിവാൻ ആനയുടെ തൂക്കം എത്ര തുലാം എത്ര റാത്തൽ എന്ന് അറിയിച്ചു. രാജാവ് പരാതിക്കാരനോടു പറഞ്ഞു: "ഇവിടെ അനീതിയില്ല. ജോലിയുടെയും ശമ്പളത്തിന്റെയും വ്യത്യാസം ഇപ്പോൾ മനസ്സിലായോ? രണ്ടുപേർക്കും പോകാം."

അക്കാലത്ത് ഒരാനയുടെ ഭാരം എങ്ങനെ അറിഞ്ഞു?

ഉത്തരം: ദിവാൻ തഹസീൽദാരുമായി ആലോചിച്ച് ചില ക്രമീകരണങ്ങൾ ചെയ്തു. നിശ്ചിതദിവസം കായൽക്കരയിൽ തയ്യാറാക്കിയ ചങ്ങാടത്തിൽ ആനയെ കയറ്റി നിറുത്തി. ചെങ്ങാടം എന്തുമാത്രം താണു എന്നറിയാൻ ജലനിരപ്പ് ചങ്ങാടത്തിൽ അടയാളപ്പെടുത്തി. ആനയെ ഇറക്കിയശേഷം ചങ്ങാടത്തിൽ കരിങ്കല്ലു കയറ്റി. അടയാളംവരെ ചങ്ങാടം താഴ്ന്നപ്പോൾ കല്ല് ചങ്ങാടത്തിൽനിന്ന് ഇറക്കി കൂട്ടിയെടുത്ത തുക ആനയുടെ കൃത്യം തൂക്കി നോക്കി. കിട്ടിയ തുക ആനയുടെ കൃത്യം തൂക്കമാണ്!

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കഷ്ടതകളിലൂടെ കടന്നുപോകുന്നെങ്കിലും, എന്റെ ജീവനെ അവിടുന്നു പരിപാലിക്കുന്നു; എന്റെ ശത്രുക്കളുടെ ക്രോധത്തിനെതിരേ അവിടുന്നു കരം നീട്ടും; അവിടുത്തെ വലത്തുകൈ എന്നെ രക്ഷിക്കും.

സങ്കീർത്തനം 138:7

## എഡിറ്റോറിയൽ

# മാലിന്യനിർമാർജനത്തിനു മടി വിചാരിക്കുന്നതെന്തേ?

**ദൈ**വത്തിന്റെ സ്വന്തം നാട് മാലിന്യക്കൂമ്പാരമായി മാറിയിരിക്കുന്നത് സാക്ഷരകേരളത്തിന് അങ്ങേയറ്റം അപമാനമാണ്. ഗ്രാമങ്ങളെക്കാൾ കേരളത്തിലെ നഗരപ്രദേശങ്ങൾ മാലിന്യങ്ങളുടെ ഹബ്ബായിത്തീർന്നിരിക്കുന്നുവെന്നത് ബൗദ്ധികസമൂഹം ആശങ്കയോടെ നിരീക്ഷിക്കുന്നു. പൊതുനിരത്തുകളിലും പുഴയോരങ്ങളിലും കുന്നുകൂടിയിരിക്കുന്ന മാലിന്യം നമ്മുടെ സാംസ്കാരികാപചയത്തിന്റെ പ്രത്യക്ഷോദാഹരണമാണെന്നു പറയുന്നതിൽ ലജ്ജിച്ചിട്ടു കാര്യമില്ല. അതിതീവ്രമഴയെത്തുടർന്ന് നമ്മുടെ നദികളിലൂടെ വെള്ളം വേഗമൊഴുകിപ്പോയെങ്കിലും, പുഴയോരങ്ങളിലും തോട്ടിറമ്പുകളിലും അവശേഷിക്കുന്നത് കണക്കില്ലാത്ത മാലിന്യങ്ങളാണ്.

പൊതുനിരത്തുകളിൽ മാലിന്യം വലിച്ചെറിയുന്നതിൽ യാതൊരു മടിയും വിചാരിക്കാത്തവരാണു മലയാളികൾ. ചുരുക്കം ചില ഗ്രാമങ്ങളിലും മുനിസിപ്പാലിറ്റികളിലും മാലിന്യശേഖരണവും സംസ്കരണവും സർക്കാർതലത്തിൽ ഫലപ്രദമായി നടക്കുന്നുണ്ടെങ്കിലും, ബഹുഭൂരിപക്ഷം നഗരഗ്രാമപ്രദേശങ്ങളിലും തികഞ്ഞ അലംഭാവവും ഉദാസീനതയും കെടുകാര്യസ്ഥതയും ഇക്കാര്യത്തിലുണ്ടെന്നുള്ളതു പകൽപോലെ വ്യക്തം.

പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നതും അശാസ്ത്രീയമാലിന്യസംസ്കരണവും ഗൗരവമായിക്കണ്ട് സംസ്ഥാനസർക്കാർ നിയമനടപടി കടുപ്പിക്കുന്നുവെന്ന വാർത്ത സ്വാഗതാർഹംതന്നെ. പിഴ ഈടാക്കുന്നതുമുതൽ തടവുവരെയുള്ള ശിക്ഷാനടപടികൾ വിവരിക്കുന്ന നോട്ടീസുകൾ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമസേനാംഗങ്ങൾ നവംബർ പത്തിനകം എത്തിക്കും. ഗ്രാമപ്പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തി റെഡ്, ഓറഞ്ച്, ഗ്രീൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളാക്കും.

ഫ്ളാറ്റുകൾ, പാർപ്പിടസമുച്ചയങ്ങൾ, ഗേറ്റഡ് കോളനികൾ, വ്യവസായശാലകൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണസംവിധാനങ്ങൾ കാര്യക്ഷമമമാകാനുണ്ട്. തട്ടുകടകൾ, വഴിയോരക്കച്ചവടം എന്നിവിടങ്ങളിലെ മാലിന്യം തദ്ദേശസ്വയംഭരണവകുപ്പിന്റെ പ്രത്യേക നിർദേശപ്രകാരമാണു സംസ്കരിക്കേണ്ടത്. വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ ചടങ്ങുകളിലെ ഖരമാലിന്യങ്ങൾ പ്രത്യേകം വേർതിരിച്ചു സംസ്കരിക്കണം.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം കത്തിച്ചാൽ ആറു മാസംവരെയാണ് തടവോ പിഴയോ രണ്ടുംകൂടിയോ ശിക്ഷയായി വിധിക്കുന്നത്. ജൈവമാലിന്യങ്ങൾ പൊതുവഴികളിലും ജലാശയങ്ങളിലും വലിച്ചെറിഞ്ഞാൽ അഞ്ചുവർഷംവരെ തടവോ ഒരു ലക്ഷം രൂപാവരെ പിഴയോ രണ്ടുംകൂടിയോ ആണ് ശിക്ഷാനടപടി. റിസോർട്ടുകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഹോംസ്റ്റേകൾ എന്നിവിടങ്ങളിലെ ജൈവ,അജൈവമാലിന്യങ്ങൾ തരംതിരിച്ചു സംസ്കരിച്ചില്ലെങ്കിൽ അഞ്ചുവർഷംവരെ തടവോ ഒരു ലക്ഷം രൂപാവരെ പിഴയോ രണ്ടുംകൂടിയോ ശിക്ഷ. ഖരമാലിന്യപരിപാലനചട്ടപ്രകാരം അജൈവം, അപകടകരമായ ഗാർഹികമാലിന്യം എന്നിങ്ങനെ തരംതിരിച്ച് പഞ്ചായത്തിനു കൈമാറിയില്ലെങ്കിൽ അഞ്ചുവർഷംവരെ തടവോ ഒരു ലക്ഷം രൂപാവരെ പിഴയോ രണ്ടുംകൂടിയോ ശിക്ഷയായി പറയുന്നു.

പരിസ്ഥിതിസംരക്ഷണനിയമപ്രകാരവും പോലീസ് ആക്ട് പ്രകാരവും ഖരമാലിന്യപരിപാലനചട്ടപ്രകാരവും മറ്റുമൊക്കെയുള്ള ശിക്ഷാനടപടികളുടെ വകുപ്പും ന്യായവും വേറേയുമുണ്ട്. നിയമനടപടികൾ കടുപ്പിക്കുന്നതോടെ മാലിന്യനിർമാർജനത്തിനും സംസ്കരണത്തിനും പുതിയൊരു ദിശാബോധമുണ്ടായാൽ അതു വലിയൊരു മാറ്റത്തിന്റെ തുടക്കമായിരിക്കും. നിയമവും ശിക്ഷയും അടിച്ചേല്പിച്ച് സംസ്ഥാനത്ത് ശുചിത്വസംസ്കാരം നടപ്പാക്കേണ്ടിവന്നതിൽ അക്ഷരകേരളം ലജ്ജിക്കുകയല്ലാതെ തരമില്ല.

മികച്ച ഖരമാലിന്യസംസ്കരണവും പരിസ്ഥിതിസുസ്ഥിരതയും ലക്ഷ്യമിട്ടുള്ള നടപടികൾക്കു പ്രസക്തിയേറുന്ന സമയമാണിത്. നഗരഗ്രാമഭേദമെന്യേ ക്രിയാത്മകമായ മാലിന്യസംസ്കരണതന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിന് ഇച്ഛാശക്തിയുള്ള ഭരണകൂടവും കാര്യക്ഷമമായ സംവിധാനങ്ങളുമുണ്ടാകണം.

അപ്പാർട്ടുമെന്റുകളും മറ്റും നിർബന്ധമായും ഓൺസൈറ്റ് കമ്പോസ്റ്റിങ് യൂണിറ്റുകൾ നിർമിക്കുകയും മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുകയും വേണം. മാലിന്യസംസ്കരണയജ്ഞത്തിൽ 'ഉറവിടത്തിലെ വേർതിരിവ്' പ്രധാനമാണ്. ഭൂരിഭാഗം മാലിന്യങ്ങളും ഒന്നുകിൽ കമ്പോസ്റ്റു ചെയ്തു നമ്മുടെ കൃഷിയിടങ്ങളിൽ ഉപയോഗിക്കുകയോ അല്ലെങ്കിൽ റീസൈക്കിൾ ചെയ്തു വളമായി മാറ്റുകയോ ചെയ്യാം. ലളിതമായ ത്രീ-ബിൻ സംവിധാനം മാലിന്യസംസ്കരണത്തിന്റെ അടിസ്ഥാനകാര്യങ്ങളിലൊന്നാണ്. നനഞ്ഞ മാലിന്യങ്ങളും, കടലാസുപോലുള്ള ഉണങ്ങിയ മാലിന്യങ്ങളും, പൊട്ടിയ ബൾബുകളുടെ അപകടകരമായ വസ്തുക്കൾപോലുള്ള മാലിന്യങ്ങളും പ്രത്യേകം പ്രത്യേകം ബിന്നുകളിൽ സംസ്കരിക്കണം.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിനെയും റീസൈക്കിൾ ചെയ്യുന്ന പ്ലാസ്റ്റിക്കിനെയും പ്രത്യേകം വേർതിരിക്കേണ്ടതാണ്. ഇവ തമ്മിലുള്ള വേർതിരിവിന്റെ പാഠങ്ങൾ സർക്കാർ ജനങ്ങൾക്കു നന്നായി മനസ്സിലാക്കിക്കൊടുക്കേണ്ടത് ആവശ്യമാണ്. മാലിന്യനിർമാർജനവും സംസ്കരണവും തുടങ്ങിയുള്ള ബോധവത്കരണയജ്ഞങ്ങൾ പ്രൈമറി ക്ലാസുമുതൽ കുട്ടികൾക്കു ലഭ്യമാക്കുകയും അങ്ങനെ ശുചിത്വം വിദ്യാഭ്യാസത്തിന്റെ പ്രാഥമികപാഠങ്ങളിലൊന്നായി സർക്കാർ പരിഗണിക്കുകയും ചെയ്താൽ, ഭാവിയിലെങ്കിലും ഒരു സുന്ദരകേരളത്തെ വാർത്തെടുക്കാൻ നമുക്കു കഴിയുമെന്നു പ്രത്യാശിക്കാം. ■

# വളരുന്ന ഇന്ത്യ പട്ടിണി കിടക്കുമ്പോൾ

*(ഒന്നാം പേജ് തുടർച്ച)*

കുട്ടികളിലെ പോഷകാഹാരക്കുറവടക്കമുള്ള പ്രശ്നങ്ങൾ ഇന്ത്യയെ ഗുരുതരമായി അലട്ടിക്കൊണ്ടിരിക്കുകയാണ്. ഇതും മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. 20.8% ആണിത്. കുട്ടികളുടെ വളർച്ചാമുരടിപ്പ് 37.9% ആണ്. ആഗോള പട്ടിണി സൂചികയനുസരിച്ച് ലോകത്ത് അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളിൽ ഏറ്റവും കൂടുതൽ പട്ടിണിയുള്ളവർ ഇന്ത്യയിലാണുള്ളത്. കുട്ടികളിലെ പോഷകാഹാരക്കുറവിൽ 2015–20 കാലഘട്ടത്തിൽ സ്ഥിതി കൂടുതൽ വഷളായി എന്നു കണക്കുകൾ പറയുന്നു. കുട്ടികളുടെ പട്ടിണിയുടെ വ്യാപനം 2010–14 ൽ 15.1% ആയിരുന്നത് വീണ്ടും ഉയർന്ന് 2015–20 ൽ 17.3% ആയി. യൂനിസെഫ് കണക്കുപ്രകാരം ഇന്ത്യയിൽ ഒരു വർഷം അഞ്ചു വയസ്സിൽ താഴെയുള്ള 15 ലക്ഷത്തോളം കുട്ടികൾ മരിക്കുന്നുണ്ട്. ഇതിൽ പകുതിയിലേറെയും പോഷകാഹാരക്കുറവുമൂലമാണ്. ഇന്ത്യ ലോകത്തെ പട്ടിണി കൂടിയ രാജ്യങ്ങളിലൊന്നായി നിൽക്കുമ്പോഴും, അയൽ രാജ്യങ്ങളായ ബംഗ്ലാദേശിലും നേപ്പാളിലും അവസ്ഥ മെച്ചപ്പെടുന്നുവെന്നും സൂചിക കാണിക്കുന്നു. 1997 നും 2011 നും ഇടയിൽ ബംഗ്ലാദേശിലെ മുരടിപ്പ് 58.5 ശതമാനത്തിൽനിന്ന് 49.2 ശതമാനമായി കുറഞ്ഞു. 2001ൽ 56.6 ശതമാനത്തിൽനിന്ന് 2011 ൽ 40.1 ശതമാനമായിട്ടാണ് നേപ്പാളിൽ ഈ കുറവ്.

**ഇന്ത്യയിൽ ദാരിദ്ര്യനിർമാർജനം നടക്കുന്നുണ്ടെങ്കിലും പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം അതിവേഗം വർധിക്കുകയാണ്. കൂടാതെ, ദാരിദ്ര്യനിർമാർജനപദ്ധതികൾ നടപ്പാക്കുന്നതിലെ പാളിച്ചകൾ, പദ്ധതികളുടെ ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം, പോഷകാഹാരക്കുറവു കൈകാര്യം ചെയ്യുന്നതിലെ ഉദാസീനത തുടങ്ങിയവ ഇന്ത്യയിൽ ദാരിദ്ര്യനിരക്ക് ഉയർന്നുനിൽക്കുന്നതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.**

മുൻ വർഷങ്ങളെക്കാൾ ഇന്ത്യയിൽ ദാരിദ്ര്യം കുറഞ്ഞുവരുന്നുണ്ടെന്നത് നേട്ടമാണെങ്കിലും അതിനു വേഗം പോരാ എന്നത് വലിയ വെല്ലുവിളിതന്നെയാണ്. ഇന്ന് ഓരോ മിനുട്ടിലും 44 ഇന്ത്യക്കാർ ദാരിദ്ര്യത്തിൽനിന്നു രക്ഷ നേടുന്നുണ്ടെന്നാണ് ആഗോളദാരിദ്ര്യസൂചിക വെളിപ്പെടുത്തുന്നത്. എങ്കിലും ഇന്ത്യയിൽ 73 മില്യൺ ആളുകൾ കൊടിയ ദാരിദ്ര്യത്തിലാണ് ഇപ്പോഴും കഴിയുന്നത്. മൊത്തം ജനസംഖ്യയുടെ 5.5 ശതമാനം വരുമിത്. ഇന്ത്യയിൽ ദാരിദ്ര്യനിർമാർജനം നടക്കുന്നുണ്ടെങ്കിലും പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം അതിവേഗം വർധിക്കുകയാണ്. കൂടാതെ, ദാരിദ്ര്യനിർമാർജനപദ്ധതികൾ നടപ്പാക്കുന്നതിലെ പാളിച്ചകൾ, പദ്ധതികളുടെ ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം, പോഷകാഹാരക്കുറവ് കൈകാര്യം ചെയ്യുന്നതിലെ ഉദാസീനത തുടങ്ങിയവ ഇന്ത്യയിൽ ദാരിദ്ര്യനിരക്ക് ഉയർന്നുനിൽക്കുന്നതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അശാസ്ത്രീയമായ കൊവിഡ് നിയന്ത്രണങ്ങൾ ഇന്ത്യയിലെ ദരിദ്രരുടെ സ്ഥിതി കൂടുതൽ വഷളാക്കിയെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഡിജിറ്റൽ ഇന്ത്യയും മേക്ക് ഇൻ ഇന്ത്യയുംപോലെയുള്ള വലിയ പദ്ധതികൾ രാജ്യത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെഴുതുമെന്ന വലിയ അവകാശവാദങ്ങൾ നടക്കുമ്പോഴും വളരുന്ന ഇന്ത്യയുടെ തിരശീലയ്ക്കു പിന്നിൽ വിശന്നുകരയുന്ന, പട്ടിണി കിടക്കുന്ന മറ്റൊരു ഇന്ത്യകൂടിയുണ്ട് എന്ന യാഥാർഥ്യത്തെ ഭരണാധികാരികൾ മറക്കരുത്.

■



*ഡോ. സി. വെള്ളരിങ്ങാട്ട് എഴുതിയ 'തെക്കൻ തിരുവിതാംകൂറിലെ പുരാതനക്രൈസ്തവർ' എന്ന പുസ്തകം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മോൺ. ജോസഫ് കുഴിഞ്ഞാലിലിനു നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നു. ഗ്രന്ഥകാരൻ സമീപം.*

ദളം



മോബിൻ മോഹൻ



# വിലമതിക്കാനാവാത്ത ചെമ്പുനാണയം

ഇളംകാറ്റു വീശുന്ന ഒരു സായംസന്ധ്യയിൽ ഉമ്മറത്തെ ചാരുകസേരയിൽ ഇരിക്കുകയായിരുന്നു ഉണ്ണീരിയമ്മ. അപ്പോഴാണ് കുഞ്ഞുണ്ണിയും ജോണിക്കുട്ടിയും അതുവഴി വരുന്നത്.

കഥ കേൾക്കാനായി ഇരുവരും ഉണ്ണീരിയമ്മയുടെ ചുറ്റും കൂടി.

"നിങ്ങൾ ചർക്ക എന്നു കേട്ടിട്ടുണ്ടോ?" ഉണ്ണീരിയമ്മ ചോദിച്ചു.

"നൂൽ നൂൽക്കാൻ ഉപയോഗിക്കുന്ന ഉപകരണമല്ലേ..." കുഞ്ഞുണ്ണിയാണ് ഉത്തരം പറഞ്ഞത്.

"അതേ, നൂൽ നൂൽക്കുന്ന ഉപകരണമാണ് ചർക്ക. മഹാത്മജി നിത്യവും നൂൽ നൂൽക്കുമായിരുന്നു. മരണം വരെയും അദ്ദേഹം ഖാദിയാണു ധരിച്ചിരുന്നത്. ഇന്ത്യൻ നെയ്ത്തുവ്യവസായത്തെ തകർക്കാനുള്ള ബ്രിട്ടീഷ് നീക്കത്തിനെതിരേയാണ് അദ്ദേഹം ജനങ്ങളോട് നൂൽ നൂൽക്കാൻ പറഞ്ഞത്. വിദേശവസ്ത്രങ്ങൾ ഉപേക്ഷിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. സ്വാശ്രയത്വത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതീകമായി അങ്ങനെ ചർക്ക മാറി."

"എനിക്കു ചർക്ക തരിക, ഇന്ത്യയുടെ സ്വരാജിനുവേണ്ടി ഞാൻ നൂൽ നൂൽക്കും." ഗാന്ധിജി പ്രഖ്യാപിച്ചു.

1925 ലാണ് ഗാന്ധിജി ചർക്ക സംഘം രൂപീകരിക്കുന്നത്. ചർക്കസംഘത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കാൻ അദ്ദേഹം രാജ്യത്തിന്റെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു. അങ്ങനെ യാത്ര ഒറീസയിലെത്തി.

അവിടെ മഹാത്മജിയെ കാണാൻ ഒരു വലിയ ജനക്കൂട്ടം ഒഴുകിയെത്തി. ഫണ്ടിലേക്ക് ആയിരക്കണക്കിനു രൂപ ലഭിച്ചു. വേദിയിലേക്കു വരുന്ന ആളുകളുടെ കൈയിൽ നിന്നു പണം സ്വീകരിച്ച് ഗാന്ധിജി അനുയായിയെ ഏല്പിക്കും. അനുയായി വളരെ കൃത്യതയോടെ അതു സൂക്ഷിക്കുകയും കണക്ക് എഴുതിവയ്ക്കുകയും ചെയ്തു.



പെട്ടെന്നാണ് ഒരു വൃദ്ധ ഗാന്ധിജിയെ കാണണമെന്ന് ആവശ്യപ്പെട്ടത്. ഫണ്ടിലേക്കു പണം നൽകാനാണെന്ന് അവർ പ്രവർത്തകരോടു പറഞ്ഞു. നന്നേ അവശയായിരുന്ന വൃദ്ധ മുഷിഞ്ഞ വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. ഒരു ഭിക്ഷക്കാരിയാണെന്നു പ്രവർത്തകർ ഉറപ്പിച്ചു. ഗാന്ധിജിയോടു പണം ചോദിക്കാനാവും വൃദ്ധ വന്നതെന്നും അവർ കരുതി.

തിരിച്ചുപോകാൻ പറഞ്ഞിട്ടും ഗാന്ധിജിയെ കാണണമെന്ന് അവർ ശഠിച്ചു.

വേദിയിലിരുന്ന ഗാന്ധിജി ഇതെല്ലാം കാണുന്നുണ്ടായിരുന്നു. വൃദ്ധയെ വേദിയിലേക്കു കയറ്റിവിടാൻ അദ്ദേഹം പ്രവർത്തകരോട് ആവശ്യപ്പെട്ടു. വേദിയിലെത്തിയ വൃദ്ധ തന്റെ മടിത്തുമ്പിൽ സൂക്ഷിച്ചിരുന്ന ഒരു ചെമ്പുനാണയം ഗാന്ധിജിക്കു നൽകി. വലിയ ആദരവോടെ ഗാന്ധിജി അത് ഏറ്റുവാങ്ങി. പക്ഷേ, അനുയായിക്കു ചിരി വന്നു.

നാണയം വാങ്ങാൻ അനുയായി കൈ നീട്ടിയപ്പോൾ അത് താൻതന്നെ സൂക്ഷിച്ചോളാമെന്ന് ഗാന്ധിജി പറഞ്ഞു.

ആയിരക്കണക്കിനു രൂപ ശ്രദ്ധയോടെ സൂക്ഷിക്കുന്ന തന്നിൽ വെറുമൊരു ചെമ്പുനാണയത്തിന്റെ പേരിൽ അവിശ്വാസമെന്തിന് എന്ന് അനുയായി ഗാന്ധിജിയോടു ചോദിച്ചു.

ഗാന്ധിജിയാകട്ടെ പുഞ്ചിരിയോടെ ഇങ്ങനെ മറുപടി പറഞ്ഞു: "ഈ നാണയത്തുട്ടിന് ആ ആയിരങ്ങളെക്കാൾ വിലയുണ്ട്. ഭക്ഷണത്തിനും വസ്ത്രത്തിനും വകയില്ലാത്ത ഒരാളുടെ ജീവിതസമ്പാദ്യമാണ്. ഇതിന്റെ മൂല്യം വിലമതിക്കാനാവില്ല. നിന്നിൽ അവിശ്വാസം ഉണ്ടായിട്ടല്ല, ഒരു കാരണവശാലും ഈ നാണയം നഷ്ടപ്പെടരുതെന്ന എന്റെ ആഗ്രഹംകൊണ്ടാണ് ഞാനിത് സൂക്ഷിക്കാമെന്നു പറഞ്ഞത്."

തന്റെ തെറ്റു മനസ്സിലായ അനുയായി വേദിയിൽനിന്നു ദൂരേക്കു നടന്നു നീങ്ങുന്ന വൃദ്ധയെ ആദരവോടെ നോക്കിനിന്നു.

"കഥ ഇഷ്ടമായോ?" ഉണ്ണീരിയമ്മ ചോദിച്ചു.


കുഞ്ഞുണ്ണിയും ജോണിക്കുട്ടിയും സന്തോഷത്തോടെ തലയാട്ടി.

ഇരുവരോടുമായി ഉണ്ണീരിയമ്മ പറഞ്ഞു:

"നൽകുന്ന പണത്തിന്റെ മൂല്യമല്ല, നൽകാൻ തോന്നിപ്പിക്കുന്ന മനസ്സിന്റെ മൂല്യമാണു പ്രധാനം." ■

കവിത

സുലോചന രാജൻ കാഞ്ചിയാർ




## ഒരമ്മയുടെ വിലാപം

ഇത്രമേൽ വൻ വിഷം എന്റെമേൽ കുത്തുവാൻ
അത്രമേൽ തെറ്റെന്തു ചെയ്തു ഞാൻ മക്കളേ,
പെറ്റുവീണപ്പോഴെ നിൻ ശ്വാസകോശത്തിൽ
ശുദ്ധവായു തന്നതാണോ എൻ തെറ്റ്
എത്രയോ പാൽ ഞാൻ ചുരത്തി നിനക്കായ്
തൃപ്തി വരാതെ നീ എൻ നെഞ്ചിലാഴമായ്
കുത്തുന്നൊരായിരം വൻ കിണർ,
കുത്തിയിറക്കുന്നതിൽ കുഴൽ,
എന്റെ രക്തവുംകൂടി കുടിച്ചിട്ടും നീയിനി
കെട്ടിയുയർത്തുന്നു സൗധങ്ങൾ എൻ തോളിൽ
ഞെട്ടുന്നു ഞാൻ, വാനിലത് മുട്ടുന്നപോലഹോ!
പൊട്ടിച്ചെടുക്കുന്നു നീയെന്റെ അസ്ഥിയും
വിറ്റു കാശാക്കുന്നു, കോടികൾ കൊയ്യുന്നു!
എന്റെ സിരകളിലൊഴുകുന്ന രക്തത്തിൽ
മാലിന്യം നിറയ്ക്കുന്നു, അതു നിന്റെ കുടിലത
എൻ ശ്വാസകോശങ്ങൾ വെട്ടി നിരത്തുമ്പോൾ
അത് നിൻ ശ്വാസമെന്നോർക്കുക മക്കളേ,
എന്റെ ശിരസ്സിലൊഴുകുന്നൊരീ വിഷം
ഇന്നു നിങ്ങൾക്കു സമ്പാദ്യമായിടാം.
നാളെയിനി നിങ്ങടെ മക്കൾക്കും
തിന്നിടാൻ ഈ വിഷവിത്തുകൾ മാത്രമോ?
എന്റെ കൈകാൽ വിറയ്ക്കുന്നു, തളരുന്നു പേശികൾ
എന്റെ ശിരസ്സും കുനിയുന്നു, വ്യാധികൾ പടരുന്നു
പേമാരി പെയ്യുന്നു, എൻ ഇടനെഞ്ചു പൊട്ടുന്നു
ഇനി, എന്റെ ജീവനും നഷ്ടമായീടുമോ....?



ടി.പി. ശാസ്തമംഗലം



# അരോചകമാകുന്ന ആവർത്തനങ്ങൾ

അനാവശ്യമായ ആവർത്തനം പുനരുക്തിദോഷമാണെന്നു നമുക്കറിയാം. എങ്കിലും അത്തരം പ്രയോഗങ്ങൾ നമ്മുടെ ഭാഷയിൽ അനുദിനം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. വേണ്ടത്ര വിദ്യാഭ്യാസം ആർജിക്കാത്തവർ വാമൊഴിയിലും മറ്റും, റോഡിന്റെ നടുമദ്ധ്യം എന്നോ അഷ്ടചൂർണപ്പൊടി എന്നോ കണ്ണുദൃഷ്ടി എന്നോ പ്രയോഗിച്ചെന്നുവരും (ഇവിടെ സമാനാർത്ഥപദങ്ങളാണ് അടുത്തടുത്തു വന്നിട്ടുള്ളത് എന്നോർക്കുക.) എന്നാൽ, കവിപ്പട്ടം കെട്ടിയ പാട്ടെഴുത്തുകാരുടെ ഭാഗത്തുനിന്ന് ഇത്തരം വങ്കത്തങ്ങൾ പൊട്ടിപ്പുറപ്പെട്ടാലോ? ഗാനങ്ങൾ പൊതുവെ ജനപ്രിയമായതിനാൽ അവ സമൂഹത്തെ വഴിതെറ്റിച്ചെന്നു വരും.

"ജലശംഖുപുഷ്പം ചൂടും
കടലോരതീരം
മനഃസാക്ഷികൾ ഓരോ അലമാലയാൽ മൂടും" (ചിത്രം അഹിംസ; രചന – ബിച്ചു തിരുമല; സംഗീതം – എ.ടി. ഉമ്മർ; ആലാപനം – എസ്. ജാനകി).

ഈ ഗാനം കേൾക്കുമ്പോൾ ഒരേ അർത്ഥമുള്ള പദങ്ങളാണ് ഓരവും തീരവും എന്നറിയുന്നവർ മൂക്കത്തു വിരൽവച്ചുപോകും. ഹൃദ്യമായ ഈണത്തിന്റെ അകമ്പടിയോടെ പാടുന്നത് ആസ്വദിക്കുമ്പോൾ നാം അക്കാര്യം ശ്രദ്ധിക്കുന്നില്ലെന്നു മാത്രം.

"മൃദുവായി മൂളുന്നു മുളവേണു
നാദം നെഞ്ചിൽ
ഒരുപാടു സ്വപ്നം കാണും
"മനസ്സിൻ പുണ്യമായി" ('കന്മദ'ത്തിലെ 'മഞ്ഞക്കിളിയുടെ മൂളിപ്പാട്ടുണ്ടേ' എന്ന ഗാനം. രചന – ഗിരീഷ് പുത്തഞ്ചേരി; സംഗീതം – രവീന്ദ്രൻ; ആലാപനം – യേശുദാസ്/ രാധികാ തിലക്)

വേണു എന്നാൽ മുള എന്നാണ് രൂഢിയായ അർത്ഥം. അപ്പോൾ ഭാഷയറിയാവുന്നവർ 'മുളവേണു' എന്നു പ്രയോഗിക്കാൻ പാടില്ലാത്തതാണ്. ഈണമൊപ്പിച്ച് പദങ്ങൾ നിരത്തുക എന്ന വെല്ലുവിളി ഏറ്റെടുക്കുമ്പോൾ സംഭവിക്കുന്ന തകരാറുകളാണ് ഇവ.

"ഹിമഗിരിശിഖരികളേ കരളിൽ
കുളിരല പണിതു തരൂ."

('യോദ്ധ'യിലെ 'കുനുകുനെ ചെറുകുറുനിരകൾ' എന്ന ഗാനത്തിൽനിന്നുള്ള ഈരടി. രചന ബിച്ചു തിരുമല; സംഗീതം – എ. ആർ. റഹ്മാൻ; ആലാപനം – യേശുദാസ്, സുജാത മോഹൻ.) ശിഖരിക്ക് പർവതം എന്നർത്ഥമുള്ള കാര്യം അറിയാതെയായിരിക്കണം 'ഗിരിശിഖരി' (ഗിരി എന്നാൽ പർവതമാണല്ലോ) എന്നു കാച്ചിയത്. ഗാനരചന കുട്ടിക്കളിയല്ലാതെ സർഗാനുഷ്ഠാനമായി കാണുന്നവരെങ്കിലും വാക്കുകളുടെ അർത്ഥം ഗ്രഹിക്കാൻ ബാധ്യസ്ഥരാണ്.

"മലരണിക്കാടുകൾ പൂവണിയുമ്പോൾ
മഞ്ഞലയിൽ ഈ നിശി മയങ്ങുമ്പോൾ" (സ്നേഹപ്രവാഹം എന്ന ചിത്രത്തിലെ 'നിലാവിൽ നീ വരൂ പ്രിയേ' എന്ന ഗാനത്തിലെ വരികൾ; രചന – ഡോ. ഷാജഹാൻ; സംഗീതം – കെ.ജെ. ജോയ്; ആലാപനം – യേശുദാസ്)

നിലവിൽ കാടുകൾ മലരണിഞ്ഞിരിക്കുകയാണ്. വീണ്ടും പൂവണിയുന്നതിന്റെ (പൂവണിയിച്ചതിന്റെ എന്നു പറയുകയാവും ശരി) പ്രസക്തി എത്ര ചിന്തിച്ചിട്ടും മനസ്സിലാവുന്നില്ല.

"എന്റെ ചിന്തയതിൽ എന്നുമെ
ന്നുമൊരു
തങ്കരൂപമായ് നില്ക്കും നീ
എന്റെ ഗാനമതിൽ എന്നുമെന്നു
മൊരു
സ്നേഹരാഗമായ് നില്ക്കും നീ
ലാവണ്യസൗന്ദര്യമേ" (മുത്തോടു മുത്ത് എന്ന ചിത്രത്തിലെ 'കണ്ണിൽ നീ തേന്മലരായ് വാ' എന്ന ഗാനത്തിന്റെ അവസാനഭാഗം; രചന – ചുനക്കര രാമൻകുട്ടി; സംഗീതം–ശ്യാം; ആലാപനം – യേശുദാസ്, എസ്. ജാനകി)

ലാവണ്യത്തിന് സൗന്ദര്യം എന്ന അർത്ഥമാണുള്ളതെന്ന് അറിയാതെയാവുമോ ഇപ്രകാരമെഴുതിയത്? എന്തായാലും കേൾക്കുന്നവർക്ക് ഈ വരി അരോചകമാവുന്നു.

ഇനിയുമുണ്ട് നമ്മുടെ ഗാനങ്ങളിൽ ഇതുപോലെയുള്ള ആവർത്തനങ്ങൾ. പലതും അശ്രദ്ധകൊണ്ടു കടന്നുകൂടിയതാണ്. എന്നിട്ടും സംഗീതസംവിധായകരോ ചലച്ചിത്രസംവിധായകരോ മറ്റു ബന്ധപ്പെട്ടവരോ ഇവയൊന്നും തിരുത്താൻ തയ്യാറായില്ല. അതിന്റെ ഫലമാകട്ടെ അബദ്ധങ്ങൾ അങ്ങനെതന്നെ ഗാനങ്ങളിൽ നിലനില്ക്കുന്നു. ഭാഷ പഠിക്കാതെയും കവിത്വം കൈവരിക്കാതെയും ഗാനരചയിതാവായി മാറാൻ കുറുക്കുവഴി തിരഞ്ഞെടുക്കുമ്പോൾ ഇത്തരം കുഴപ്പങ്ങൾ വന്നുപെടും. ഇപ്പോൾ ഗാനരചനാരംഗത്ത് നിലയുറപ്പിച്ചിട്ടുള്ളവരെങ്കിലും ഇക്കാര്യം മനസ്സിലാക്കിയാൽ നന്ന്. ■

# ദൈവം വേദനകളുടെ മുമ്പിൽ



ഫാ. ജോസഫ് നെച്ചിക്കാട്ട്

"ജർമനിയിലെ കോൺസെൻട്രേഷൻ ക്യാമ്പിൽ എല്ലാവരുടെയും മുമ്പിൽവച്ച് നാസികൾ മൂന്നു യഹൂദന്മാരെ കെട്ടിത്തൂക്കുകയാണ്-രണ്ടു പുരുഷന്മാർ, ഒരു പിഞ്ചുബാലൻ. ഏറെ ഭാരമുണ്ടായിരുന്ന മുതിർന്നവർ രണ്ടു പേരുടെയും കഥ അധികം താമസിയാതെ കഴിഞ്ഞു. മരണപ്പിടച്ചിൽ നടന്നിട്ടും, താരതമ്യേന തൂക്കം കുറഞ്ഞ പിഞ്ചുബാലൻ മാത്രം ജീവൻ പോകാതെ പിടഞ്ഞു പിടഞ്ഞു തൂങ്ങിക്കിടന്നു.

പല്ലിളിച്ച്, നാക്കു നീട്ടിപ്പിടിച്ച് വായിലൂടെ വെള്ളമൊലിപ്പിച്ചു തൂങ്ങിയാടുന്ന രണ്ടുപേർ! ആർത്തനാദം പുറപ്പെടുവിച്ചുകൊണ്ട് അതിനിടയിൽക്കിടന്നു പിടയുന്ന പിഞ്ചിളംപൈതൽ.

യഹൂദനായ ഒരുവൻ എന്റെ പുറകിൽനിന്ന് ആരോടെന്നില്ലാതെ ചോദിച്ചു: "എവിടെയാണിപ്പോൾ ദൈവം?" ആ പിഞ്ചുപൈതൽ അപ്പോഴും തൂങ്ങിക്കിടന്നു പിടയുന്നുണ്ടായിരുന്നു. ആ മനുഷ്യന്റെ ചോദ്യം എന്റെ കർണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു... എന്റെ ഉള്ളിൽ നിന്ന് ഒരു സ്വരം എന്നോടു പറഞ്ഞു. അതാ, അവിടുന്ന് ആ കഴുമരത്തിൽ." He is hanging on the gallows (Night-1986 ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിയ ഏലീ വീസെലാണ് ഈ കൃതിയുടെ കർത്താവ്.)

നാസി ജർമനിയുടെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ തനിക്കുണ്ടായ തിക്താനുഭവങ്ങൾ വിവരിക്കുന്ന വേളയിൽ ഏലീ വീസെൽ തൊടുത്തുവിടുന്ന ഈ സമസ്യ മൂർച്ചയേറിയതാണ്. മനുഷ്യന്റെ വേദനയ്ക്കു മുമ്പിൽ ദൈവത്തിന്റെ ഭാവമെന്താണ്-പരിപാലന എവിടെയാണ്?

ജൈവപ്രപഞ്ചം വേദന നിറഞ്ഞതാണ്. വേദന ജീവിതത്തിന്റെതന്നെ ഭാഗമാണ്. ഒരു ജീവിയും അതിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. ദൈവികസൗഭാഗ്യത്തിൽ പങ്കുകാരാകാൻ വിളിക്കപ്പെട്ട മനുഷ്യരെ സംബന്ധിച്ചിടത്തോളം അതിനു പ്രത്യേകമായ മുഖവിലയും മൂല്യവുമുണ്ട്.

Rainbow of sorrow എന്ന തന്റെ ഗ്രന്ഥത്തിൽ ഫുൾട്ടൻ ഷീൻ പറയുകയാണ്: "വേദന



അനിവാര്യമാണ്-സ്വീകരിച്ചേതീരൂ. അതിനെക്കാൾ ദുസ്സഹം അതിന്റെ അർത്ഥം മനസ്സിലാകാൻ കഴിയാതെ വരുന്ന സ്ഥിതിയാണ്. "No crown without cross" കുരിശില്ലാതെ കിരീടമില്ല എന്നും അദ്ദേഹം കൂട്ടിച്ചേർക്കുകയാണ്.

വേദനയിലാണ് നല്ല കള്ളൻ ഒരു തിരിച്ചറിവിൽ എത്തിച്ചേരുന്നത്. ആ തിരിച്ചറിവാണ് അവനെ രക്ഷയിലേക്കു നയിക്കുന്നതും. ചിലരൊക്കെ വേദന കൊണ്ടു നരകിക്കുമ്പോൾ വേറേ ചിലർ അതിലൂടെ സ്വർഗകവാടം കണ്ടെത്തുന്നു.

'മനുഷ്യന്റെ വേദനകൾ, അങ്ങകലെനിന്നു നോക്കിക്കാണുന്ന നിർവികാരനായ ഒരു ദൈവം നമ്മെ നിരീശ്വരത്വത്തിലേക്കേ നയിക്കൂ' എന്നാണ് ചിന്തകനായ ബോനെഫറിന്റെ നിഗമനം. തന്റെ സൃഷ്ടിയുടെ വേദനയിൽ പങ്കുചേരുന്ന, അവനിൽ ജീവിക്കുന്ന ദൈവത്തിനു മാത്രമേ അവനിൽ സ്ഥാനമുള്ളൂ.

വേദനയ്ക്കു ജീവിതത്തിലുള്ള പ്രസക്തി എങ്ങനെയാണു മനുഷ്യനെ പഠിപ്പിക്കുക? 'കരയുന്നവർ ഭാഗ്യവാന്മാർ, ദുഃഖിതർ ഭാഗ്യവാന്മാർ' എന്നു പറഞ്ഞതുകൊണ്ടുമാത്രമായില്ലല്ലോ. അതിനു ദൈവികവിജ്ഞാനം കണ്ടെത്തിയ പ്രത്യുത്തരമാണ് മനുഷ്യാവതാരം. താണിറങ്ങിവന്ന് അവനോടൊപ്പം ജീവിക്കുക, അവന്റെ വേദനകളിൽ പങ്കുചേർന്ന് അവനെ തന്നിലേക്കുയർത്തുക - അതാണ് കുരിശുമരണത്തിലൂടെ യേശു സാധിച്ചത്.

ഒന്നാം ലോകമഹായുദ്ധകാലത്ത് നടന്ന ഒരു സംഭവം F.H. John Drinkwater വിവരിക്കുന്നുണ്ട്. ഫ്രാൻസിലെ Somme Valley യുടെ സമീപത്തുള്ള ഗ്രാമത്തിൽ ബോംബുവർഷം നടക്കുകയാണ്. കൂട്ടത്തിൽ ഗുരുതരമായി പരുക്കേറ്റ ഒരു പട്ടാളക്കാരനെ അടിയന്തരശസ്ത്രക്രിയയ്ക്കു കൊണ്ടുവന്നു. ബോംബുവർഷത്തിൽ ആശുപത്രിപോലും തകർന്നതുകൊണ്ട് പള്ളിയുടെ അൾത്താരയായിരുന്നു അന്നത്തെ ഓപ്പറേഷൻ തിയേറ്റർ! ആൾ രക്ഷപ്പെടണമെങ്കിൽ ഉടൻ കാൽ മുറിച്ചുമാറ്റണം! പക്ഷേ, അനസ്തീസിയ കൊടുക്കാനുള്ള മരുന്നും സംവിധാനങ്ങളും തകർന്ന ആശുപത്രിയുടെ കൂട്ടത്തിൽ പൊയ്പോയിരിക്കുന്നു...!

"എന്താണു ചെയ്യുക?" ഡോക്ടർ പട്ടാളക്കാരനോടു ചോദിച്ചു. ഉത്തരം ഉടനെ വന്നു: "ഒട്ടും മടിക്കേണ്ട ചെയ്തോ. എന്നെ അൾത്താരയിൽ കിടത്തി എന്റെ തല ആ ക്രൂശിതരൂപത്തിന് അഭിമുഖമായി വയ്ക്കണം. എന്റെ അനസ്തീസിയ അവിടെയുണ്ട്!"

തന്റെ കാൽ പച്ചയ്ക്ക് അറുത്തുമുറിച്ചപ്പോൾ, തറച്ചുതൂക്കപ്പെട്ട യേശു അയാൾക്ക് ആത്മധൈര്യവും സഹനശക്തിയും പ്രദാനം ചെയ്തു. അവിടെനിന്നുതന്നെ ശക്തിയും പ്രചോദനവും പ്രാപിക്കാനുള്ള കൃപാവരമാണ് നമുക്കും ആവശ്യം.

ദൈവത്തിന്റെ രക്ഷാകരപദ്ധതി ആ പട്ടാളക്കാരനിലെന്നപോലെ നമ്മിലോരോരുത്തരിലും ഓരോ രീതിയിലാണ് ദൈവം പൂർത്തീകരിക്കുക - ചിലരുടെ അന്ധതയിലും (യോഹ. 9:3) ചിലരുടെ നെടുവീർപ്പുകളിലും പീഡാസഹനങ്ങളിലും ആ യഹൂദബാലന്റേതെന്നപോലെ മറ്റു ചിലരുടെ കൊലക്കയറിലും! ■



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## കലോത്സവം

സ്കൂൾതലത്തിലും കോളജുതലത്തിലും സർവ്വകലാശാലാതലത്തിലും ആണ്ടുതോറും കലോത്സവങ്ങൾ നടക്കാറുണ്ട്. വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും കലോത്സവങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയുമാണ് കലോത്സവങ്ങളുടെ ലക്ഷ്യം.

കൊറോണക്കാലം കലോത്സവങ്ങളെയും ബാധിച്ചു. വിദ്യാഭ്യാസസ്ഥാപനങ്ങൾ അടച്ചിട്ടതോടെ കലോത്സവങ്ങൾ നടക്കാതായി. സമഗ്രശിക്ഷാ അഭിയാൻ ഉപജില്ലാതലത്തിൽ കലോത്സവങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നല്ലതുതന്നെ! 'കലാ ഉത്സവ്' എന്നു പേരിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. കലോത്സവം എന്ന സമസ്തപദത്തിന്റെ സന്ധിബന്ധം ശിഥിലമാക്കിയതുകൊണ്ടുള്ള പ്രയോജനം എന്താണെന്നു മനസ്സിലാകുന്നില്ല. ഉത്സവ് ഹിന്ദി വാക്കാണ്; മലയാളപദമാകണമെങ്കിൽ ഉത്സവം എന്നെഴുതണം.

സംസ്കൃതസന്ധി നിയമപ്രകാരം കല + ഉത്സവം, കലോത്സവം എന്നാകും. ഗുണാദേശം എന്ന നിയമമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അതായത്, അ + ഉ = ഓ. അങ്ങനെ കലാ, മലയാളത്തിൽ കല + ഉത്സവം, കലോത്സവമാകുന്നു. 'കലാ ഉത്സവ്' എന്നെഴുതുമ്പോൾ അടിസ്ഥാന വ്യാകരണവ്യവസ്ഥതന്നെ തകരാറിലാകുന്നുണ്ട്. പര(അത്യന്ത)മായ സംനികർഷ (ചേർച്ച)യാണ് സംഹിത എന്നുള്ളത് പാണിനീയകാലം (ബിസി 600-300) മുതലുള്ള നിയമമാണ്*. അത് അഴിക്കാൻ ശ്രമിച്ചാൽ ഭാഷയുടെ ഘടനതന്നെ വ്യവസ്ഥാരഹിതമാകാം; ഭാഷ നാശോന്മുഖവുമാകാം.

വിദ്യാർത്ഥികളും രക്ഷാകർത്താക്കളും അധ്യാപകരും ഉൾപ്പെടെ പത്തുപതിനഞ്ചുലക്ഷം പേർ പങ്കെടുക്കുന്ന 'മാമാങ്ക'മാണ് കലോത്സവം. അവരുടെയിടയിൽ പ്രചരിക്കുന്ന സ്ഖലിതരൂപത്തെ പിന്നെ തിരുത്താനാവില്ല. നിയമങ്ങളെ വെല്ലുവിളിച്ചല്ല, പാലിച്ചാണ് പുതുമകൾ കൊണ്ടുവരേണ്ടത്. കലോത്സവം എന്നു ചേർത്തെഴുതുന്നതാണ് മലയാളത്തിനു നല്ലത്. സ്വാഭാവികമായി ചേർന്നുനിൽക്കുന്ന പദങ്ങളെ കൃത്രിമമായി പിരിച്ചെഴുതി ഭാഷയുടെ ഘടനതന്നെ പൊളിച്ചെഴുതരുത്. അങ്ങനെ ചെയ്യുന്നതിന്റെ പിന്നിൽ ഗൂഢോദ്ദേശ്യങ്ങൾ ഉണ്ടെന്നു വരാം.

*ചാക്കോ, ഐ.സി., പാണിനീയപ്രദ്യോതം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പുറം - 20.

# കുറുക്കൻ

കേരളത്തിലെ കാട്ടുമൃഗങ്ങൾ

■ മാത്യൂസ് ആർപ്പൂക്കര

മരപ്പൊത്തുകളിലും മാളങ്ങളിലും പാറമടകളിലുമാണ് കുറുക്കന്റെ താമസം. ഒറ്റയാൾ സഞ്ചാരിയാണ്. രാത്രിസഞ്ചാരമാണ് കൂടുതലിഷ്ടം. അതിനാൽ രാത്രിഞ്ചരനായി അറിയപ്പെടുന്നു. ശ്വാസമടക്കി പതുങ്ങിയിരിക്കാൻ അസാധാരണ കഴിവുണ്ട്. കഥകളിലെ സൂത്രക്കാരനാണ് കുറുക്കൻ.

കേരളത്തിലെ വനത്തിൽ രണ്ടിനം കുറുക്കന്മാരെ കാണാം. കാർണിവേറ്റ ഗോത്രത്തിലെ ഫിസിപെഡിയ എന്ന ഉപവിഭാഗത്തിൽപ്പെടുന്നവയാണ് രണ്ടിനവും. കുറുക്കനെന്നും കുറുനരിയെന്നും അറിയപ്പെടുന്നു. രണ്ടും വ്യത്യസ്തയിനത്തിൽപ്പെടുന്നതാണുതാനും. ശ്വാനവർഗത്തിലാണ് രണ്ടും ഉൾപ്പെടുന്നത്.

കുറുക്കന്മാർക്കു ചാരനിറമാണ്. രോമംനിറഞ്ഞ ശരീരം. വാലിനു ശ്വാനന്റേതുപോലെ വളവില്ല. വാലിൽ രോമങ്ങൾ എഴുന്നേറ്റുനിൽക്കുംപോലുണ്ട്. ഇവയുടെ പ്രധാന പ്രത്യേകത



വാലറ്റത്തെ കറുപ്പുനിറംതന്നെ. വാലിനു പിന്നിലായി ദുർഗന്ധം വമിപ്പിക്കുന്ന ഒരു ഗ്രന്ഥിയുണ്ട്. ഭാരം എട്ടുമുതൽ പതിനൊന്നു കിലോഗ്രാം വരും. വൃത്തത്തിലുള്ള കൃഷ്ണമണിയാണ് കുറുക്കന്മാർക്കുള്ളത്. മണം പിടിക്കാനുള്ള കഴിവും ഇരയെ പതിയിരുന്ന് ആക്രമിക്കാനുള്ള വിരുതും ഇവയെ തികഞ്ഞ സൂത്രശാലികളാക്കുന്നു. കുറുക്കന്മാർ മിശ്രഭുക്കുകളാണ്. കൂർത്ത മുൻപല്ലുകൾ ഇരയെ കടിച്ചുകീറാൻ വളരെ സഹായകമാണ്. ഏതാണ്ട് 42 പല്ലുകൾ ആണുള്ളത്. പക്ഷികളെയും ചെറിയ സസ്തിനികളെയും മത്സ്യങ്ങളെയും ഭക്ഷിക്കുന്നു. അഴുകിയ ഭക്ഷണവും ഇഷ്ടമാണ്. കൂടാതെ, കരിമ്പ്, കാപ്പിക്കുരു, മുന്തിരിങ്ങ മുതലായവയും കുറുക്കന്മാർ തരാതരത്തിന് അകത്താക്കുന്നു. കുറുക്കനു മുന്തിരി കിട്ടാതെവരുമ്പോൾ പുളിക്കുമെന്ന കഥ കേട്ടിട്ടില്ലേ? ■

# ഇടം സ്വകാര്യമാകാം, കുറ്റങ്ങൾ സുതാര്യമാണ്



അഡ്വ. അപർണ എം.

ഇന്റർനെറ്റ് മേഖലയിലെ അരുതുകളും അരുതായ്മകളുമായുള്ള അതിർവരമ്പുകൾ വളരെ ശുഷ്കമാണ്. മെസേജയയ്ക്കാൻ എല്ലാ കുട്ടികൾക്കുമറിയാം. എന്നാൽ, അതിൽ എന്തൊക്കെ സംസാരിക്കണം, സംസാരിച്ചുകൂടാ എന്നറിയില്ല. ചാറ്റിങ് സൈറ്റിൽ മറ്റുള്ളവരുടെ ചിത്രങ്ങളും ഫോൺനമ്പർ ഉൾപ്പെടെ വ്യക്തിവിവരങ്ങൾ കൈമാറിയ വിദ്യാർത്ഥിതന്നെ ഉദാഹരണം.

ചുരുക്കത്തിൽ, സമൂഹത്തിൽ നിലനിൽക്കുന്ന ഒട്ടുമിക്ക ക്രിമിനൽ, സിവിൽ കുറ്റകൃത്യങ്ങൾക്കും ഒരു സൈബർ വകഭേദമുണ്ട്, സ്വകാര്യതലംഘനം മുതൽ ഗൂഢാലോചനവരെ. അതിനാൽ, ക്രിമിനൽ ശിക്ഷാനിയമവും നടപടികളുംപോലെ ഇന്റർനെറ്റ് മുഖേനയുള്ള കുറ്റകൃത്യങ്ങൾക്കും കൃത്യമായ നിയമാവലിയും ശിക്ഷാനടപടികളുമുണ്ട്. സൈബർ നിയമത്തിലെ ശിക്ഷകളോടൊപ്പംതന്നെ ഇന്ത്യൻ ശിക്ഷാനിയമത്തിൽ (ഐപിസി) പ്രതിപാദിക്കുന്ന ശിക്ഷകളും ഏറ്റുവാങ്ങേണ്ടിവരുമെന്നത് മറ്റൊരു സത്യം.

അനേകം സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ടെങ്കിലും അവയെ സംബന്ധിച്ച് വ്യക്തമായ ഒരു നിർവചനമില്ല എന്നതാണ് കൗതുകകരം. രണ്ടായിരത്തിൽ നിലവിൽവന്ന ഇൻഫർമേഷൻ ടെക്നോളജി ആക്ടിലും 2008 ൽ വന്ന ഭേദഗതിനിയമത്തിലും ഇതുതന്നെ അവസ്ഥ. ദീർഘവും സുദൃഢവുമായ ഇന്ത്യൻ ശിക്ഷാനിയമത്തെ സംബന്ധിച്ചാണെങ്കിൽ സൈബർ ക്രൈം എന്ന പദംപോലും ഉപയോഗിക്കപ്പെട്ടിട്ടില്ല. ഈ സ്ഥിതിയിലാണ് സൈബർനിയമങ്ങളുടെ ആഗോളതലത്തിൽത്തന്നെയുള്ള അവസ്ഥ. സൈബർ ഇടത്തിനെ ഭരിക്കുന്ന, ഈ മേഖലയിലെ കുറ്റകൃത്യങ്ങളിൽനിന്നു സംരക്ഷിക്കുന്ന, യഥാവിധി ശിക്ഷാവിധി നിർണയിക്കുന്ന നിയമങ്ങളെയാണ് വിശാലമായി സൈബർനിയമങ്ങൾ എന്നു വിളിക്കുന്നത്. ഇന്ത്യയിലെ സൈബർ നിയമങ്ങൾ ഉൾപ്പെട്ടിരിക്കുന്നത് ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 നു കീഴിലാണ്.

ഇന്ത്യയിലെ നഗരങ്ങളിൽ ഏതാണ്ട് പൂർണമായിത്തന്നെ 'ഡിജിറ്റലൈസേഷൻ' നടപ്പായിക്കഴിഞ്ഞു. അതിനാൽ ഓൺലൈനായി നടക്കുന്ന തട്ടിപ്പുകളുടെ എണ്ണവും പെരുകിയിരിക്കുന്നു.

2011 ലെ നോർട്ടൺ സർവേ പ്രകാരം അമേരിക്കൻ ഐക്യനാടുകളിലെ ജനങ്ങളിൽ ഏഴരക്കോടിയോളം ആളുകൾ സൈബർതട്ടിപ്പുകൾക്കിരയായതായി കണ്ടെത്തിയിരുന്നു. ഈ വകയിൽ നഷ്ടപ്പെട്ട പണം ഏതാണ്ട് 32 ബില്യനോളം വരും. അമേരിക്കയോളം സാമ്പത്തികഭദ്രതയുള്ള ജനങ്ങളില്ലാത്ത ഇന്ത്യയിലും തട്ടിപ്പിന്റെ കാര്യത്തിൽ കണക്കുകൾ ഒട്ടും പിന്നിലല്ല. ഇന്ത്യയിൽ തട്ടിപ്പിനിരയാകുന്നവരാകട്ടെ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണുതാനും. ഓൺലൈൻ വ്യാപാരശൃംഖല ഗ്രാമങ്ങളിലേക്കുകൂടി വ്യാപിച്ചതും സ്മാർട്ഫോണുകൾ മാത്രമുപയോഗിക്കുന്ന ഒരു സംസ്കാരത്തിനു നമ്മൾ അടിപ്പെട്ടതും ഇന്ത്യയെ ഇത്തരം കബളിപ്പിക്കലുകളുടെ വിളനിലമാക്കുന്നതിൽ ഏറെ പങ്കുവഹിച്ചിട്ടുണ്ട്.

പണമുപയോഗിച്ചു വാങ്ങുന്നത് സാങ്കേതികോപകരണങ്ങൾ മാത്രമാണ്. അവയുടെ ഉപയോഗത്തെക്കുറിച്ചു ശരിയായ അവബോധമുണ്ടാക്കാൻ വേണ്ടത്ര പണമോ സമയമോ ചെലവഴിക്കുന്നുമില്ല. എല്ലായ്പ്പോഴും സാങ്കേതികവിദ്യയെ പഴിചാരി മാറിനിൽക്കാനുമാവില്ല. കാരണം, അറിവില്ലായ്മമൂലം സംഭവിക്കുന്ന തട്ടിപ്പുകളെക്കാൾ അല്ലെങ്കിൽ അത്രതന്നെ വരും പണം ഏതു രീതിയിലും സമ്പാദിക്കാനുള്ള ആസക്തിമൂലം സംഭവിക്കുന്ന തട്ടിപ്പുകളും.

### എന്തുകൊണ്ട് സൈബർനിയമങ്ങൾ?

ഇ-കൊമേഴ്സ് സൈറ്റുകളുടെ ഉപയോഗം വർധിച്ചുവരുകയാണ്. കുറഞ്ഞ ചെലവിൽ ഇലക്ട്രോണിക് ഉത്പന്നങ്ങളും തുണിത്തരങ്ങളും നിത്യോപയോഗവസ്തുക്കളുംവരെ വാങ്ങാൻ വളരെ എളുപ്പമാണ്. എന്നാൽ, ഗുണങ്ങൾക്കപ്പുറം ഇവയുടെ ദോഷങ്ങൾ അധികം ചർച്ച ചെയ്യപ്പെടുന്നില്ല. നേരിട്ട് കടയിൽനിന്നു സാധനങ്ങൾ വാങ്ങുമ്പോൾ പ്രാദേശികബിസിനസുകൾക്കാണ് ഗുണം ലഭിക്കുക. കൊവിഡ് ദുരിതങ്ങളിൽ ചെറിയ കച്ചവടക്കാർ കൂടുതൽ ബുദ്ധിമുട്ടിലാകുന്നതിന് ഇ-കൊമേഴ്സുകൾ ഒരു കാരണമാണ്. നാടിന്റെ സമ്പദ്വ്യവസ്ഥയെ ബാധിക്കുന്ന ഇത്തരം പ്രവണതകൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. വ്യക്തികളും സ്ഥാപനങ്ങളും ഇരകളാകുന്ന തട്ടിപ്പുകളാണല്ലോ ഇപ്പോഴത്തെ വിഷയം. അതിന് ഏറ്റവും എളുപ്പമുള്ള മാർഗമായി തട്ടിപ്പുകാർ സ്വീകരിച്ചിരിക്കുന്നത് ഇത്തരം ഷോപ്പിങ് സൈറ്റുകളാണ്. വിപണിയിലെ വിലയിൽനിന്ന് കുറഞ്ഞ വിലയിൽ സാധനങ്ങൾ ലഭിക്കുമ്പോൾ ഏതു സൈറ്റും അതിനുപയോഗിക്കുമെന്നതാണ് വിദ്യാസമ്പന്നരായ മലയാളികളുടെപോലും അവസ്ഥ. എന്നാൽ പണം ലാഭിക്കുമ്പോൾ അതിനെക്കാൾ വിലയേറിയ വ്യക്തിവിവരങ്ങളും പണമിടപാടു സംബന്ധിച്ച രേഖകളും എത്രകണ്ട് വിലപ്പെട്ടതാണെന്ന് ചിന്തിക്കുന്നുമില്ല.

സോഷ്യൽ മീഡിയ മെസേജിങ് ആപ്ലിക്കേഷനുകളും സൈറ്റുകളുമാണ് മറ്റൊരു മേഖല. ഇ-കൊമേഴ്സ് സൈറ്റുകളുടെ കുഴിയിൽ വീഴുന്നത് ഇലക്ട്രോണിക് സംബന്ധിച്ച കാര്യങ്ങളിൽ നിഷ്കളങ്കരായവരാണെങ്കിൽ യുവാക്കളും കുട്ടികളുമാണ് മെസേജ് ആശയവിനിമയമാധ്യമങ്ങളുടെ കുരുക്കുകളിൽപ്പെടുന്നത്. സ്വന്തം കൂട്ടുകാരെയും അധ്യാപകരെയുംപോലും ഇത്തരം കെണികളിൽപ്പെടുത്താൻ മടിക്കാത്ത മനോഭാവം



വളരുന്നുണ്ട്. എന്നാൽ, ഇത്തരം മാധ്യമങ്ങൾ കൈകാര്യം ചെയ്യുമ്പോൾ താൻ കുറ്റകൃത്യമാണ് ചെയ്യുന്നതെന്നും അതിനു തക്ക ശിക്ഷ വിധിക്കുവാൻ പ്രാപ്തമായ നിയമങ്ങൾ രാജ്യത്തുണ്ടെന്നും പലപ്പോഴും വിദ്യാർത്ഥികൾ അജ്ഞരാണ്. ഇ-കൊമേഴ്സ് വിഷയത്തിൽ ജാഗ്രത കാട്ടേണ്ടത് ഉപഭോക്താവു മാത്രമാണ്. ആശയവിനിമയമാധ്യമങ്ങളുടെ കാര്യത്തിൽ ഒട്ടനേകം കാര്യങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

### യൂട്യൂബ് അശ്രദ്ധകൾ

യൂട്യൂബിൽ കാണുന്ന പല പരിപാടികൾക്കും ഇന്ന് ലക്ഷങ്ങളും കോടികളുമാണ് കാഴ്ചക്കാർ. അതിൽ വളരെ കൗതുകം ജനിപ്പിച്ച ഒരു വിഭാഗമാണ് ഹോംടൂർ വീഡിയോകൾ. സ്വകാര്യതയ്ക്ക് തെല്ലും വില കല്പിക്കാത്ത ഒരിടം എന്നു വിശേഷിപ്പിക്കേണ്ടിവരും പല വീഡിയോകളും കാണുമ്പോൾ. സ്വന്തം സ്വകാര്യത തുറന്നുകാട്ടാൻ മടിയില്ലാത്ത തലമുറ യുക്തിസഹമായി ചിന്തിക്കുന്ന സമൂഹത്തിന് അപകടകരമാണ്. കുക്കറിഷോകൾപോലെ, അധ്യാപനംപോലെ നിലവാരമുള്ള നിർദോഷമായ പരിപാടികളിൽനിന്നു തുടങ്ങിയ യൂട്യൂബ് വീഡിയോകളിൽ ഇന്നു കേരളത്തിലെ യുവതലമുറ കൂടുതലും കാണുന്നതും പ്രചരിപ്പിക്കുന്നതും ആർഭാടവും അശ്ലീലവും നിറഞ്ഞ സന്ദേശങ്ങളാണ്.

മോട്ടിവേഷനും പഠനത്തിനും അല്പം വിനോദത്തിനുമായി ഉപയോഗിക്കാൻ താരതമ്യേന ഭേദപ്പെട്ട മേഖലയാണ് യൂട്യൂബിന്റേത്. പക്ഷേ, പതിമൂന്നോ അതിൽ താഴെയോ ഉള്ള കുട്ടികൾവരെ സ്വന്തം ശരീരപ്രദർശനത്തിനും അതുവഴി നിലവാരമില്ലാത്ത അപക്വമായ അഭിപ്രായപ്രകടനത്തിനും ഉപയോഗിക്കുന്നത് ദുഃഖകരമായ കാഴ്ചയാണ്. സഭ്യമായ വീഡിയോകൾ മാത്രം ലഭിക്കാനുള്ള ഓപ്ഷൻ ഓണാക്കിയിടുക. വായനകളിൽനിന്നു വ്യക്തിവികാസത്തിനു സഹായിക്കുന്ന ചർച്ചകളിൽനിന്നും പ്രചോദനമുൾക്കൊണ്ട് സ്വന്തമായി അതിർവരമ്പുകൾ വയ്ക്കുക എന്നതാണ് കൗമാരക്കാർക്കു ചെയ്യാൻ കഴിയുന്നത്. അല്ലെങ്കിൽ ചെയ്യുന്ന പ്രവൃത്തികളിൽ പലതും കുറ്റകൃത്യങ്ങളായി സൈബർ നിയമക്കുരുക്കിൽ അകപ്പെടാൻ സാധ്യതയേറെയാണ്. സ്കൂൾവിദ്യാർത്ഥികൾക്കു നിയമവിദ്യാഭ്യാസം നൽകുക എന്ന ആവശ്യം പലപ്പോഴായി ഉയർന്നിട്ടുണ്ടെങ്കിലും പ്രയോജനകരമായ രീതിയിൽ പ്രാഥമികനിയമജ്ഞാനം വിദ്യാർത്ഥികൾക്കു ലഭിക്കാൻ നടപടികളൊന്നും ഉണ്ടായിട്ടില്ല.

ഇന്ത്യയിലെ സൈബർനിയമങ്ങളിൽ ഉൾപ്പെടുന്ന പ്രധാന നിർദേശങ്ങൾ ഏതൊക്കെയാണെന്നു നോക്കാം. ഹാക്കിങ് സൈബർനിയമങ്ങൾ ബാധകമായ ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഒന്നാണ്. മുമ്പ് ഹാക്കർമാർ എന്നാൽ പ്രത്യേകം പരിശീലനം ലഭിച്ച വിദഗ്ധരെ മാത്രമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാലിന്ന് വീട്ടിലിരുന്ന് കമ്പ്യൂട്ടറോ ഫോണോ ഉപയോഗിച്ച് ഹാക്കറാവാൻ ശ്രമിക്കുന്നവരിൽ വിദ്യാർത്ഥികളും പിന്നിലല്ല.

കേവലം വിനോദത്തിനായി തുടങ്ങി ഗൗരവകരമായ കുറ്റകൃത്യങ്ങളായി മാറിയ എത്രയെത്ര സംഭവങ്ങൾ! രണ്ടു ലക്ഷം രൂപ പിഴയും മൂന്നു വർഷംവരെ തടവുമാണ് ഹാക്കിങ്ങിന് ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരം ലഭിക്കുന്ന ശിക്ഷ.

വലിയ കമ്പനികളും അന്തർദേശീയ കുറ്റകൃത്യങ്ങളും ഉൾപ്പെടുന്ന കേസുകൾപോലെതന്നെ, പ്രാദേശികമായി ലഭിക്കുന്ന പരാതികളിന്മേലും പോലീസും സൈബർ സെല്ലും സൈബർ നിയമങ്ങളും ശക്തവും സജീവവുമാണ്.

ഇൻസ്റ്റഗ്രാമിൽ ഫോട്ടോയും വീഡിയോയും ഇടുന്ന, അതിൽ യാതൊരു മര്യാദയും പാലിക്കാത്ത വിഭാഗമുണ്ട് കേരളത്തിൽ. ഇവരിലും കൗമാരപ്രായമുള്ളവരാണ് കൂടുതൽ. പലപ്പോഴും ഒപ്പമുള്ള പെൺകുട്ടികളുടെ ഫോട്ടോകളും വീഡിയോകളുംവരെ വിനോദത്തിനായി ഇങ്ങനെ അപ്ലോഡ് ചെയ്യുന്നതു കാണാം. ആരുടെയും അനുവാദമില്ലാതെ അവരെ ചിത്രീകരിക്കാൻ പാടില്ല എന്നു മാത്രമല്ല, സ്ത്രീകളെ അവരറിയാതെ ചിത്രീകരിച്ചാൽ അതു ചിലപ്പോൾ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 354 സി വകുപ്പുപ്രകാരം ശിക്ഷ ലഭിക്കാനുള്ള കുറ്റകൃത്യംവരെ ആയേക്കാം. ഒരു വ്യക്തിയറിയാതെ ക്യാമറ സ്ഥാപിച്ച് അയാളെ ചിത്രീകരിക്കുന്നത് ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരവും കുറ്റകരമാണ്.

■




# സംഗീതവഴികളിൽ മികവിന്റെ ഒപ്പുചാർത്തി ഒവിയാറ്റെസ്



ദൈവം കനിഞ്ഞുനല്കിയ ശുദ്ധസംഗീതത്തിലൂടെ ആസ്വാദകഹൃദയങ്ങളെ കീഴടക്കിയ കൊച്ചു ഗായികയാണ് ഒവിയാറ്റെസ് അഗസ്റ്റിൻ. ചുരുങ്ങിയ കാലംകൊണ്ടുതന്നെ ആൽബങ്ങളിലൂടെയും കവർ സോങ്ങുകളിലൂടെയും ടെലിവിഷൻ ചാനലുകളിലൂടെയും സംഗീതരംഗത്തു തന്റെ സാന്നിധ്യം ഒവിയാറ്റെസ് അടയാളപ്പെടുത്തിക്കഴിഞ്ഞു.

നാലുവയസ്സുമുതൽ സംഗീതം അഭ്യസിച്ചുതുടങ്ങിയ ഒവിയാറ്റെസ് ഷലോം ഹോളി ബീറ്റ്സിന്റെയും പാലാ കമ്മ്യൂണിക്കേഷൻസ് ജൂണിയർ സിങ്ങേഴ്സിന്റെയും അഭിമാനതാരമാണ്.

കലാമണ്ഡലം സ്വാതി പ്രസാദിന്റെ കീഴിലാണ് ഒവിയാറ്റെസ് സംഗീതം അഭ്യസിച്ചുതുടങ്ങിയത്. ഐഡിയ സ്റ്റാർ സിങ്ങർ ഫെയിം ജിൻസ് ഗോപിനാഥാണ് ഇപ്പോഴത്തെ ഗുരു. സ്കൂൾതലത്തിലും സംഘടനാതലങ്ങളിലും നിരവധി മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട് ഈ കൊച്ചുമിടുക്കി.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെക്കുറിച്ചുള്ള രണ്ട് ഭക്തിഗാന ആൽബങ്ങളിൽ, പ്രസിദ്ധ സംഗീത സംവിധായകൻ സിനോ ആന്റണി ഈണം പകർന്ന ശ്രുതിമധുരമായ ഗാനങ്ങൾ ആലപിച്ചു ജനശ്രദ്ധ നേടാൻ ഒവിയാറ്റെസിനു കഴിഞ്ഞിട്ടുണ്ട്.

ഒവിയാറ്റെസിന്റെ സംഗീതവാസന തിരിച്ചറിഞ്ഞ് ആദ്യമായി വേദിയിലേക്കു കൈപിടിച്ചുയർത്തിയത് സ്കൂൾ പ്രിൻസിപ്പൽ ആയിരുന്ന ഫാ. ഫിജി നടുവിലേത്തറയിൽ സി.എം.ഐയാണ്. പിന്നീടുവന്ന പ്രിൻസിപ്പൽമാരായ മിനേഷ് പുത്തൻപുരയിലച്ചനും, മൈക്കിൾ ആനക്കല്ലുങ്കലച്ചനും എല്ലാ പ്രോത്സാഹനങ്ങളും നല്കിപ്പോന്നു.

ഒവിയാറ്റെസിന്റെ സംഗീതയാത്രയ്ക്കു കൂടുതൽ പ്രോത്സാഹനം നല്കിയത് പാലാ കമ്മ്യൂണിക്കേഷൻസിന്റെ മുൻ ഡയറക്ടർ ഫാ. ജോയൽ പണ്ടാരപ്പറമ്പിലാണ്. രാമപുരം ഫൊറോനാപ്പള്ളി വികാരി ബഹു. ജോർജ് വർഗീസ് ഞാറക്കുന്നേലച്ചന്റെയും, വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ നാമകരണനടപടികളുടെ ചുമതല വഹിക്കുന്ന ബഹു. സെബാസ്റ്റ്യൻ നടുത്തടത്തിലച്ചന്റെയും പ്രോത്സാഹനവും പിന്തുണയും ഒവിയാറ്റെസിനൊപ്പമുണ്ട്.

പാലാ രാമപുരം കീലത്ത് വീട്ടിൽ സന്തോഷ് മാത്യുവിന്റെയും സിനി സന്തോഷിന്റെയും രണ്ടു മക്കളിൽ ഇളയകുട്ടിയാണ് ഒവിയാറ്റെസ്. രാമപുരം അമനകര ചാവറ സി.എം.ഐ. സ്കൂളിൽ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയാണ്. സഹോദരി അൽക്കാ മരിയ ചെന്നൈ അപ്പോളോ ഹോസ്പിറ്റലിൽ ബി.എസ്സി നഴ്സിങ് വിദ്യാർത്ഥിനിയാണ്.



# കുട്ടികളുടെ ചാച്ചാജി



തൃശ്ശാല മാത്യു
M.Com Student
Baselious College, Kottayam

നവംബർ 14, ശിശുദിനം. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയും ലോകം കണ്ട മികച്ച ഭരണതന്ത്രജ്ഞനുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് ശിശുദിനമായി ആചരിക്കപ്പെടുന്നത്. കുഞ്ഞുങ്ങളെ ഏറെ സ്നേഹിച്ചിരുന്ന മനസ്സായിരുന്നു നെഹ്റുവിന്റേത്. കുട്ടികൾക്ക് അദ്ദേഹത്തോടുള്ള അതിരറ്റ സ്നേഹത്തിന്റെ പ്രതീകമാണ് ചാച്ചാജി എന്ന സംബോധനതന്നെ. ഉടുപ്പിൽ വക്ഷസ്സോടു ചേർന്ന് ഒരു പനിനീർപ്പൂവ് അണിയുന്നതും അദ്ദേഹത്തിന്റെ ഹൃദയനൈർമല്യത്തിനു തെളിവാണ്.


വളരെ സന്തോഷത്തോടെയാണ്, ശിശുദിനാഘോഷങ്ങളിൽ രാജ്യമൊട്ടാകെയുള്ള കുട്ടികൾ പങ്കുകൊള്ളുന്നത്. കൊവിഡ് സാഹചര്യംമൂലം ഓൺലൈനിലാണ് ഇത്തവണയും ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. കുട്ടികളിലെ നേതൃഗുണങ്ങളും മാതൃരാജ്യസ്നേഹവും വളർത്തുന്നതിൽ ശിശുദിനാഘോഷം വലിയ പങ്കു വഹിക്കുന്നുണ്ട്. ആദ്യത്തെ ശിശുദിനാഘോഷം നടന്നത് 1964 നവംബർ 14 നായിരുന്നു.

1889 നവംബർ 14 ന് അലഹബാദിലായിരുന്നു നെഹ്റുവിന്റെ ജനനം. മോത്തിലാൽ നെഹ്റുവും സ്വരൂപ് റാണിയുമായിരുന്നു മാതാപിതാക്കൾ. രാജ്യസ്നേഹപാരമ്പര്യമുള്ള കുടുംബത്തിൽ പിറന്ന നെഹ്റു ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മഹാത്മജിക്കൊപ്പം പ്രവർത്തിച്ചു. ആ പ്രാഗല്ഭ്യവും ഇന്ത്യയിലെ ജനങ്ങളോടുള്ള ഏറിയ സ്നേഹവും പ്രതിബദ്ധതയുമാണ് രാജ്യം സ്വാതന്ത്ര്യം നേടിയപ്പോൾ പ്രധാനമന്ത്രി പദത്തിലേക്ക് അദ്ദേഹത്തെ ഉയർത്തിയത്.

ജയിലിൽ അടയ്ക്കപ്പെട്ട കാലത്ത് നെഹ്റു ഇന്ദിരയ്ക്കയച്ച കത്തുകൾ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പേരിൽ ഇന്ത്യയിലെ എല്ലാ കുട്ടികൾക്കുമുള്ള സ്നേഹമായിത്തുടരുന്നു.

രാജ്യത്തിന്റെ അമൂല്യസമ്പത്താണ് കുട്ടികൾ. യഥാർത്ഥ പൗരബോധവും രാജ്യ സ്നേഹവും കുഞ്ഞുങ്ങളിൽ വളർന്നാലേ ഭാരതം സകല മേഖലകളിലും മുൻപന്തിയിലെത്തൂ. ഉചിതമായ വിദ്യാഭ്യാസം നേടുന്നതിനും ഉന്നതമായ സാമൂഹിക സാഹചര്യങ്ങളിൽ അന്തസ്സോടെ ഇന്ത്യക്കാർ തലയുയർത്തി നിൽക്കുന്നതിനും പുതിയ തലമുറയിൽ യഥാർത്ഥ ദിശാബോധം വളർത്തേണ്ടതുണ്ട്. അതിനാൽത്തന്നെ ശിശുദിനാചരണം കൂടുതൽ പ്രാധാന്യത്തോടെ എല്ലാ വർഷവും നടത്തേണ്ടിയിരിക്കുന്നു.

ആരോഗ്യമുള്ള കുഞ്ഞുങ്ങൾ, സർഗാത്മകതയും ബൗദ്ധികമേൻമയും സാങ്കേതിക വൈദഗ്ധ്യവുമുള്ള തലമുറയായി വളർന്നുവരണം. ശിശുക്കളും അവരുടെ ജീവിതവും പരിപാലിക്കപ്പെടാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്. മുതിർന്ന തലമുറ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്ക് കാവലാവണം. എവിടെയും ഭാരതം ഉയർന്നു നിൽക്കാൻ, നമ്മുടെ കുട്ടികൾക്ക് വെളിച്ചമേകാൻ ശിശുദിനാചരണം സഹായകമാവട്ടെ.



വായന

# വിശപ്പിന്റെ വിളിയൊച്ചകൾ






വിദ്യ വിജയകുമാർ
MA Bhashasasthram
Malayalam Sarvakalasala
Tirur

സന്തോഷ് ഏച്ചിക്കാനത്തിന്റെ ബിരിയാണി എന്ന കഥ വിശപ്പിന്റെ അടയാളപ്പെടുത്തലാണ്. നടക്കില്ല എന്ന് അറിയാമെങ്കിലും ചില മോഹങ്ങളുടെ ഓർമകളെങ്കിലും ഹൃദയത്തോടു ചേർത്തു നിർത്താൻ തോന്നിക്കുന്നവയാണ്. അക്കൂട്ടത്തിൽപ്പെട്ടവയാണ് വിശപ്പിനെക്കുറിച്ചുള്ള ഓർമകളും.

ബിരിയാണി എന്ന കഥ മനുഷ്യജീവിതത്തിൽ സഹാനുഭൂതിയുടെ സ്ഥാനത്തെ ചൂണ്ടിക്കാണിക്കുന്നു. ജീവിക്കാനുള്ള വകതേടി മലയാളികൾ അന്യനാടുകളിലേക്കു ചേക്കേറിയതുപോലെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ലക്ഷക്കണക്കിനാളുകൾ കേരളത്തിലെത്തുന്നുണ്ട്. സ്വന്തം നാട്ടിൽ അധ്വാനിക്കാനുള്ള മലയാളിയുടെ മടികാരണം അവരിലേക്കു നമ്മുടെ ജോലിസംസ്കാരം ചുരുങ്ങുകയും നാട്ടിൽ എന്തു ജോലിക്കും ഇവരുടെ ആവശ്യകത ഏറിവരുകയും ചെയ്യുന്നു.

ഈ തൊഴിലാളികൾ ഏതു സാഹചര്യങ്ങളിൽനിന്നാണ് എത്തുന്നതെന്നോ, ഇവർക്കും കാത്തിരിക്കുന്ന കുടുംബമുണ്ടെന്നോ ഇവർക്കും വർദ്ധിച്ച വിലയുടെ മൂല്യത്തിനനുസരിച്ച് ചെലവുകളുണ്ടെന്നോ ഓർക്കാതെ, മൂന്നിലൊന്നു പണം കൊടുത്ത് ഇവരുടെ അധ്വാനം പിഴിഞ്ഞെടുക്കുന്നവരാണു മലയാളികൾ. നടുനിവർക്കാൻപോലും സമയം കളയാതെ അധ്വാനിക്കുന്ന അന്യസംസ്ഥാനത്തൊഴിലാളികളും ഇവരെ പിഴിഞ്ഞു ജീവിക്കുന്ന മലയാളികളും ഇവരുടെ ജീവിതങ്ങളുടെ ഒരു നേർക്കാഴ്ചയാണ് ബിരിയാണി.

വിശപ്പ് ഒരു കഥയ്ക്കു വിഷയമാകുന്നത് ആദ്യമായല്ല. കാരൂരിന്റെ 'പൊതിച്ചോറിലും' വിശപ്പിന്റെ ആധിക്യത്തെയാണ് നാം വായിക്കുന്നത്. വിശപ്പു സഹിക്കാനാവാതെ അധ്യാപകൻ വിദ്യാർത്ഥികളുടെ പൊതിച്ചോർ മോഷ്ടിക്കുന്നു. വിശപ്പിന്റെ മുന്നിൽ ചില തെറ്റുകളൊന്നും തെറ്റുകളല്ല എന്നും കഥാകാരൻ പറഞ്ഞുവച്ചു. ബിരിയാണിയിൽ വിശപ്പ് വെറും വിശപ്പല്ല, ഹൃദയത്തിൽ കൊള്ളുന്ന ഒരു മരണത്തിന്റെ കഥയും കൂടിയാണ്.

കലന്തൻ ഹാജിയുടെ മകന്റെ വിവാഹത്തിന് ഉണ്ടാക്കിയ ബിരിയാണി ആവശ്യത്തിലധികമായിരുന്നു. അതു കുഴിവെട്ടി മൂടാനാണ് ഗോപാൽ യാദവ് അവിടെയെത്തുന്നത്. അയാളോളം പൊക്കമുള്ള കുഴിയിൽ ബിരിയാണി നിറയ്ക്കുമ്പോൾ വിശപ്പോർമകൾ നിസ്സഹായതയായി അയാളിലേക്കു കടന്നുവരുന്നുണ്ട്. അവയിൽ അയാൾ തന്റെ പ്രിയപ്പെട്ടവൾക്കു പച്ചയ്ക്കു കഴിക്കാനായി വാങ്ങിയ അമ്പതു ഗ്രാം ബിരിയാണി അരിയുണ്ട്, പട്ടിണികിടന്നു മരിച്ച അയാളുടെ മകളുമുണ്ട്. വായന ഇവിടെയെത്തുമ്പോൾ മനസ്സാക്ഷിയുള്ള വായനക്കാരന്റെ കണ്ണുനീർ അക്ഷരങ്ങളെ മായിച്ചുകളയും.

ബീഹാറിലെ ഗോപാൽ യാദവ് എന്ന പണിക്കാരന് വെറും അരി ഒരു കിലോ വാങ്ങാം. പക്ഷേ, വില കൂടിയ നല്ല ബസുമതി ബിരിയാണിയരിയിലേക്ക് ഏറെ ദൂരമുണ്ട്. അതുകൊണ്ടുതന്നെയാണ് ഭാര്യയുടെ മോഹം തീർക്കാൻ 50 ഗ്രാം അരി വാങ്ങി അയാൾ അവൾക്കു കഴിക്കാൻ കൊടുക്കുന്നതും. കേരളത്തിലെ ഇന്നത്തെ പൊതുനിലപാടുകളിലേക്കു ബിരിയാണി വന്നിറങ്ങണമെങ്കിൽ അതിനു സമ്പത്തിന്റെ പിൻബലം അത്യാവശ്യംതന്നെയാണ്.

തികച്ചും ജനാധിപത്യപരമായ ഒരു രാജ്യത്തിന്റെ ചില വിശപ്പുമുഖങ്ങളിലേക്കാണ് എഴുത്തുകാരൻ സഞ്ചരിച്ചത്. അതിനു തികച്ചും മാനുഷികതയുടെ മുഖം മാത്രമേ കാണേണ്ടതുമുള്ളൂ. ബിരിയാണി എന്ന ഭക്ഷണത്തിലല്ല കഥയുടെ സങ്കടവായന ചെന്നുചേരുന്നതും കണ്ണുകൾ കടലാകുന്നതും. വിശപ്പുകാരണം നിശ്ചലമായിപ്പോയ ഒരു കുഞ്ഞുമുഖത്തേക്കാണ്. ബിരിയാണി ഇതിൽ ഒരു കഥാപാത്രമാണ്. ഇതു കഥയിലേക്കു വന്നത് തികച്ചും പണക്കാരന്റെ ഭക്ഷണമായി മാറുന്ന അതിന്റെ ഔന്നത്യംകൊണ്ടുമാത്രമാകാം.

കവിത



ഹരികീർത്തന പി.റ്റി.
+2, GHSS Valayam
Kozhikode



# അമ്മ

അടുക്കളത്തിണ്ണതൻ ഓരത്തുചാരി
ചുളിവാർന്ന കൈകൾ മാറോടു ചേർത്ത്
ഓർക്കുകയാണമ്മ എന്തോ...
പൊയ്പ്പോയ കാലത്തിനോർമകളാണോ
മുറിവിന്റെ നീറ്റലിൽ മരുന്നായതമ്മ
മഴയിലും, വെയിലിലും, കുടയായതമ്മ
തേൻകുളിരായതമ്മ
കത്തിയെരിയുന്ന നോവിന്നിടയിലും
കാലം വരയ്ക്കുന്നമ്മതൻ ജീവനിൽ
നിലയ്ക്കുവാൻ പോകുന്ന, ഘടികാരചിത്രം
ഓർക്കാൻ ശ്രമിക്കുന്നതെന്തെന്നറിയില്ല
മായ്ക്കാൻ ശ്രമിക്കുന്നതെന്തെന്നറിയില്ല.
എങ്കിലും വറ്റിവരണ്ടോരാ കണ്ണുകൾ
ഇത്തിരി സ്നേഹം ഇരുട്ടിൽ തിരയുന്നു.

കഥ

# പൂമ്പാറ്റയും തത്തമ്മയും



വൈദേഹി എൻ. മഹേഷ്
Delhi Public School
Gurugram

ഒരിടത്ത് ഒരു തത്തമ്മയുണ്ടായിരുന്നു. ആ തത്തമ്മ ഒരു മരത്തിലിരിക്കുമ്പോൾ ആ മരത്തിലൊരു പൂമ്പാറ്റയെ കണ്ടു. തത്തമ്മയും പൂമ്പാറ്റയും കൂട്ടുകാരായി. അവർ കളിച്ചു ചിരിച്ചു രണ്ടാമത്തെ മരത്തിൽക്കയറിയപ്പോൾ മൂന്നാമത്തെ മരത്തിൽ കിളികൾ സംസാരിക്കുന്നതു കേട്ടു. അപ്പോൾ പൂമ്പാറ്റയും തത്തമ്മയും മൂന്നാമത്തെ മരത്തിലേക്കു പറന്നുപോയി. അവിടെച്ചെന്നപ്പോൾ കിളികൾ ചിലച്ചു വർത്തമാനം പറയുന്നതു കണ്ടു. അതിൽ ഒരു കിളി ബുദ്ധിമാനായിരുന്നു. അവന്റെ പേര് മൈല. രണ്ടുപേർ വന്നു എന്ന് അവൻ അമ്മക്കിളിയോടു പറഞ്ഞു. അവരുടെ പേരു ചോദിക്കാൻ അമ്മക്കിളി പറഞ്ഞു. മൈല പറഞ്ഞു.

''ഞാൻ ചോദിക്കുന്നില്ല, അമ്മ ചോദിച്ചാൽ മതി.''

അമ്മക്കിളിയെത്തി തത്തമ്മയോടും പൂമ്പാറ്റയോടും പേരു ചോദിച്ചു.

''എന്റെ പേര് തത്തു.'' തത്തമ്മ പറഞ്ഞു.

''എന്റെ പേര് ചിഞ്ചു'' പൂമ്പാറ്റ പറഞ്ഞു.

അപ്പോൾ അവരെല്ലാം കൂട്ടുകാരായി. ഒരു വലിയ മരത്തിൽ തത്തമ്മയും കിളികളും പൂമ്പാറ്റയും കൂട്ടുകൂടി സന്തോഷത്തോടെ കഴിയുകയായിരുന്നു. ഒരു ദിവസം അവിടെ കുറെ മനുഷ്യർ വന്നു. തത്തമ്മയും കിളിയും പൂമ്പാറ്റയും മരത്തിൽ പേടിച്ചരണ്ട് ഒളിച്ചിരുന്നു. പക്ഷേ, മനുഷ്യർ ആ പക്ഷികളെയും തത്തമ്മയെയും പിടിച്ച് അവരുടെ ഗ്രാമത്തിൽക്കൊണ്ടുപോയി ഒരു കൂട്ടിൽ അടച്ചിട്ടു. പൂമ്പാറ്റയ്ക്ക് വലിയ വിഷമമായി. ആ കുഞ്ഞുപറവ മനുഷ്യരോടു കെഞ്ചിപ്പറഞ്ഞു:

''എന്റെ കൂട്ടുകാരെ തുറന്നുവിടൂ... അവരില്ലാതെ ഞാനൊറ്റയ്ക്കു ജീവിക്കില്ല...''

ഇതുകേട്ടു മനുഷ്യർക്കു പൂമ്പാറ്റയുടെ സ്നേഹം കണ്ടില്ലെന്നു നടിക്കാൻ പറ്റിയില്ല. അവർ കിളികളെയും തത്തമ്മയെയും തുറന്നുവിട്ടു.

അങ്ങനെ മനുഷ്യരും പക്ഷികളും കൂട്ടുകാരായി. എല്ലാവരും പൂമ്പാറ്റയോടു നന്ദി പറഞ്ഞു.

പിന്നീടു കിളികളും തത്തമ്മയും പൂമ്പാറ്റയും ആ വലിയ മരക്കൊമ്പിലെ കൂട്ടിൽ സന്തോഷത്തോടെ ജീവിച്ചു.



# ശുഭാപ്തിവിശ്വാസത്തിന്റെ പ്രതിരൂപം



**സിറിൽ സജി**
BA English
St. Thomas College, Pala

''ലോകം മുഴുവൻ വേദനകളാണെങ്കിലും വേദനകളെ അതിജീവിക്കാനുള്ള ശക്തി ലോകം തന്നെ തരുന്നുണ്ട്.'' വേദന നിറഞ്ഞ ബാല്യത്തെയും കൗമാരത്തെയും അതിജീവിച്ച് ലോകത്തിനുതന്നെ പ്രചോദനമായി മാറിയ മഹാപ്രതിഭ ഹെലൻ കെല്ലറുടെ വാക്കുകളാണിവ. ആത്മവിശ്വാസത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും മൂർത്തീഭാവമാണ് ഹെലൻ കെല്ലർ. 1887 ജൂൺ 27 ന് അമേരിക്കയിലെ അലബാമയിലാണ് ഹെലൻ കെല്ലറുടെ ജനനം. 19 മാസം മാത്രം പ്രായമുള്ളപ്പോൾ ബാധിച്ച ഒരു അജ്ഞാതരോഗത്താൽ വിധി അവൾക്കു കാഴ്ചയുടെയും കേൾവിയുടെയും ലോകം നിഷേധിച്ചു. എന്നാൽ, തങ്ങളുടെ ഏകമകളെ വിധിക്കു വിട്ടുകൊടുത്ത് കാണികളാകാൻ അച്ഛൻ ആർതർ എച്ച്. കെല്ലറോ, അമ്മ കേറ്റ് ആഡംസ് കെല്ലറോ ഒരുക്കമല്ലായിരുന്നു. വിധിക്കുമുമ്പിൽ മുട്ടുകുത്താൻ ആ കൊച്ചുകുട്ടിയും.

വിജയം അവിടെ തുടങ്ങുകയായിരുന്നു. ഹെലനെ സഹായിക്കാൻ അവളുടെ മാതാപിതാക്കൾ 'ആനി സള്ളിവൻ' എന്ന ഒരു അധ്യാപികയെ കൊണ്ടുവന്നു. അവർ ഹെലന്റെ ജീവിതത്തിൽ അദ്ഭുതപ്രവർത്തിക(moracle worker) ആയി മാറി. ഹെലൻ എല്ലാം മറന്നു പരിശ്രമിച്ചു. അങ്ങനെ 1094 ൽ, ഹെലൻ കെല്ലർ ലോകത്തിലെതന്നെ അന്ധയും ബധിരയുമായ ആദ്യത്തെ ബിരുദധാരിയായി മാറി. ലോകപ്രശസ്തമായ The story of my life ആത്മകഥ ഉൾപ്പെടെ, ഹെലൻ കെല്ലർ തന്റെ ജീവിതകാലഘട്ടത്തിൽ പന്ത്രണ്ടോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അങ്ങനെ, തന്റെ പരിമിതികളെയും വൈകല്യങ്ങളെയും മറികടന്ന്, ലോകത്തിലെതന്നെ എണ്ണപ്പെട്ട പ്രതിഭകളിൽ ഒരാളായി മാറിയ ഹെലൻ കെല്ലർ, തന്റെ 81-ാം വയസ്സിൽ ലോകത്തോടു യാത്ര പറഞ്ഞു.

ഇന്നും ഇരുട്ടിലേക്കു വെളിച്ചം വിതറുന്ന ഹെലൻ കെല്ലറുടെ ജീവിതം നമ്മെയെല്ലാം പഠിപ്പിക്കുന്ന ഒരു വലിയ പാഠമുണ്ട്: വിഷമസന്ധികൾ ജീവിതത്തിന്റെ സന്തതസഹചാരിയാണ്. മനുഷ്യൻ എങ്ങനെ അവയെ നോക്കിക്കാണുന്നു എന്നതിലാണ് അവന്റെ പരാജയവും വിജയവും. ഒന്നുകിൽ തല കുനിച്ചു പിൻവാങ്ങാം. അല്ലെങ്കിൽ വീറോടെ അതിനോടു പടവെട്ടാം. വിജയം അവർക്കൊപ്പമാണ്.


ഹെലൻ കെല്ലർ



# കഥ: പുലരിയിലെ മഞ്ഞുതുള്ളികൾ



**അവന്തിക അഭിജിത്**
Std - VIII, Little Flower H.S.
Chemmalamattom

അമ്മ മുറ്റം അടിച്ചു കഴിഞ്ഞ് കൈയും കാലും കഴുകി വീടിനകത്തു കയറി. ഇപ്പോഴും മാഹിൻ നല്ല ഉറക്കത്തിലാണ്.

''മോനേ എണീക്ക്.'' അവനെ തട്ടിവിളിച്ച് അമ്മ അടുക്കളയിലേക്കു പോയി.

അച്ഛൻ തൊടിയിൽനിന്ന് ഒരു ചുവട് കപ്പ പറിച്ച് മുറ്റത്തുകൊണ്ടുവച്ചു.

''എടീ, ആ വാക്കത്തി ഇങ്ങെടുത്തേ. വഴുതനച്ചുവട്ടിൽ ചവറുകൾ വയ്ക്കാറായി.''

വാക്കത്തി എടുത്തുകൊടുത്തിട്ട് മകന്റെ അടുത്തു വന്ന് അമ്മ വീണ്ടും വിളിച്ചു.



''അമ്മേ, തണുക്കുന്നു.''

ചായ കുടിക്കുന്ന സമയത്തും മാഹിന്റെ കണ്ണുകൾ കൈയിലിരിക്കുന്ന ഫോണിലായിരുന്നു. പക്ഷികളുടെയും പൂക്കളുടെയും വർണങ്ങൾ നിറച്ച ശുഭദിനാശംസകൾ കാണുകയും ഫോർവേഡ് ചെയ്യുകയും ചെയ്തു. കുളിച്ചു ഭക്ഷണം കഴിച്ച് അവൻ കോളജിൽ പോകാൻ തയ്യാറായി വന്നു.

മാഹിൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു.

''അമ്മേ ഹെൽമറ്റ്.''

അമ്മ ഹെൽമറ്റ് എടുക്കാൻ അകത്തു കയറി.

''അമ്മേ പ്രാർത്ഥിച്ചേക്കണേ'' എന്നു പറഞ്ഞു മാഹിൻ കോളജിലേക്കു പോയി.

ഈ വർഷത്തെ കർഷകമന്ന അവാർഡ് കോളജിൽ അഗ്രികൾച്ചർ സയൻസ് വിഭാഗം മേധാവി പ്രഫ. മുരളീധരനാണ്. തന്നെ ആദരിക്കുന്ന ചടങ്ങിനിടെ മുരളീധരൻ സാർ സംസാരിച്ചു:

''പഠനത്തോടൊപ്പവും മറ്റു ജോലികൾ ചെയ്യുന്നതിനിടയിലും സമയം കണ്ടെത്തി പ്രകൃതിയോടിണങ്ങി ജീവിക്കാൻ കഴിയുകയെന്നത് ദൈവികമാണ്. പ്രകൃതി ഈശ്വരനാണ്. പ്രകൃതിയിൽ കാണുന്ന ഓരോ ജീവജാലങ്ങളും ഈശ്വരസമാനമാണ്. സ്വന്തം തൊടിയെ മനോഹരമാക്കി അവിടെ വരുന്ന ശലഭങ്ങളെയും പക്ഷികളെയും ഒക്കെ നിരീക്ഷിക്കാറുണ്ടോ? മുറ്റത്തും ടെറസിലുമായി നമുക്കാവശ്യമുള്ള ചെടികളും പച്ചക്കറികളും ഉത്പാദിപ്പിച്ചു നമ്മുടെ വീടിനെ മനോഹരമാക്കണം. അവിടേക്കു വരുന്ന ശലഭങ്ങളെയും കിളികളെയും ശ്രദ്ധിക്കണം. അവയൊക്കെ നമ്മുടെ മനസ്സിനുണർവു തരുന്നു.'' പ്രസംഗം നീണ്ടു... സാറിന്റെ വാക്കുകൾ മാഹിൻ നിശ്ശബ്ദനായിരുന്നു ശ്രവിച്ചു.

സ്വന്തം വീട്ടിലെ പറമ്പിലോ തൊടിയിലോ താൻ ഇതുവരെ ശ്രദ്ധിച്ചിട്ടുണ്ടോയെന്നു മാഹിൻ ചിന്തിച്ചു. വീടുവിട്ടാൽ സ്കൂൾ. സ്കൂൾ വിട്ടാൽ വീടിന്റെ അകത്ത്.

പിറ്റേന്നു ഞായറാഴ്ച. പുലർച്ചെ മാഹിൻ തന്റെ വീടിന്റെ തൊടിയിലേക്കിറങ്ങി. അവിടെ കണ്ട കാഴ്ചകൾ അവനെ അദ്ഭുതപ്പെടുത്തി. മഞ്ഞുതുള്ളി ഇലത്തുമ്പിൽനിന്നു നീർമുത്തുപൊഴിക്കുന്നു. എവിടെനിന്നോ കുയിലിന്റെ പാട്ടുകേൾക്കാം. ഉപ്പന്റെ കുറുകൽ. പല വർണത്തിലുള്ള പക്ഷികൾ. പച്ചപ്പനന്തത്തകൾ കുരുമുളകുചെടിയിൽനിന്നു കുരുമുളകുകൊത്തി വിഴുങ്ങി. പറന്നിളകുമ്പോൾ അവയുടെ ചിറകുകൾക്കെന്തു ഭംഗി!

പറമ്പിന്റെയങ്ങേയറ്റംവരെ അവൻ നടന്നു. അച്ഛന്റെ അധ്വാനത്തിന്റെ ഫലങ്ങൾ നിറയെ... കല്ലുകാൽനാട്ടി വള്ളികൾ വലിച്ചുകെട്ടി നിറയെ കായ്ച്ചുകിടക്കുന്ന പടവലങ്ങൾ. അസംബ്ലിക്കു ക്യൂ നിൽക്കുന്നതുപോലെ കാബേജ്. നീണ്ടതും വളഞ്ഞതുമായ വഴുതനങ്ങകൾ, ഒരു പന്തൽ നിറയെ പാവയ്ക്ക. അവന് അദ്ഭുതം തോന്നി.

തത്തമ്മകളുടെ ചിലയ്ക്കൽ കേട്ടപ്പോൾ മാഹിൻ മാനത്തേക്കു നോക്കി.

കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്ന തള്ളപ്പക്ഷി. തത്തയുടെ കൂട് ഇവിടെ സമീപത്തുതന്നെയാണോ? ഇതുവരെ കണ്ടിട്ടില്ലാ. അവൻ ഓർത്തു.

പാറമടക്കുകളിലൂടെ ഒലിച്ചുവരുന്ന ഒരിക്കലും വറ്റാത്ത നീരുറവ അവൻ കൈക്കുമ്പിളിൽ എടുത്തു മുഖത്തേക്കൊഴിച്ചു. അവൻ കുളിർന്നുലഞ്ഞു.


ഒരു സുഖമുള്ള കാറ്റ് അവനെ തഴുകി കടന്നുപോയി.




Digital art



**ഫിലിപ് എസ്. വാളൂക്കാരൻ**
BA English
St. Thomas College, Pala





കഥ

# മീനുളുമ്പ്



**ഗോപിക അനിൽ**
BA Communicative English
CMS College, Kottayam

"അമ്മെന്റെ തുണി അട്ക്കി വെക്കണ്ട. അച്ചമ്മ വെച്ചാ മതി.''

''അതെന്തപ്പാ, ഇത്രകാലം ഇല്ലാത്ത പുതുമ?''

ആദ്യമൊന്നമ്പരന്നെങ്കിലും അപ്പുവിന്റെ കുസൃതിമുഖം കടമെടുത്ത് ഉമ ചോദിച്ചു. ഉത്തരംകേട്ട് ഉമ ഒന്നു ചിരിച്ചു. ''അമ്മ അടുക്കിവയ്ക്കണ തുണികൾക്ക് മീന്റുളുമ്പു മണമാത്രേ! വിമലും നിഖിലും മൂക്കുപൊത്തിയ ആംഗ്യം അപ്പു കാണിച്ചപ്പളാ കണ്ണിൽ പൊടിഞ്ഞ കണ്ണീർ ആവിയാക്കി ചിരി പടർത്തിയത്.

അപ്പുവിനെ കുറ്റം പറയാൻ പറ്റില്ല. മീൻ കഴുകി, ചീനച്ചട്ടിയിൽ വയ്ക്കുന്നതിനും ഊണുമേശമേൽ അച്ഛനും അമ്മയ്ക്കും ചോറു വിളമ്പുന്നതിനും ഇടയിൽ കിട്ടുന്ന പത്തുമിനിറ്റ് ഇടവേളയിൽ വേണം, അരുണിന്റെയും അപ്പുവിന്റെയും മാളുവിന്റെയും തുണി അടുക്കിവയ്ക്കാൻ.

വേനൽസൂര്യന് അടുപ്പിലെ കനലിലും ചൂടാണെന്ന് ഇന്നലെക്കൂടി അയൽപക്കത്തെ രേണുവിനോട് അവൾ പറഞ്ഞതേയുള്ളൂ. ഓഫീസ് വസ്ത്രങ്ങളും സ്കൂൾ യൂണിഫോമും ആ വെയിൽ അധികംകൊണ്ടാൽ എപ്പോ നരച്ചുവെന്നു ചോദിച്ചാൽ മതി.

ഓഫീസ് ടൈയിലെ നിറമിത്ര മങ്ങി എന്നു പറഞ്ഞ് വീട്ടുകാരോടൊത്തു കൂടി അരുൺ ശകാരിച്ചതിൽപ്പിന്നെ ഉമ ഈ ടൈംടേബിൾ വച്ചാണ് കാര്യങ്ങൾ ചെയ്യുന്നത്. പിന്നെ ഉമയുടെ നൈറ്റിയും ചുരിദാറും നരച്ചിരിക്കുന്നതിനുള്ള കാരണം അവളോടു ചോദിച്ചാൽ ചിരിയാവാം ഉത്തരം. പലപ്പോഴും ഉമയുടെ ഉത്തരങ്ങൾ ഈ ചിരിയാണ്.

ഉമയ്ക്കും ഒരു ജോലി നോക്കിക്കൂടേ എന്ന കൂട്ടുകാരുടെ ചോദ്യത്തിന്,

''ഓ, അയൽപക്കത്തുപോയി പരദൂഷണം പറയാനല്ലാതെ പുറത്തിറങ്ങാത്ത ഇവൾക്കെന്തോ ജോലി?'' എന്ന് അരുൺ പറഞ്ഞപ്പോൾ, ഡിഗ്രി സമയത്ത് ഉറക്കമിളച്ചു പഠിച്ച രാവുകളുടെ ഓർമ നെറുകയിൽ കുത്തിയപ്പോഴും ഉമയ്ക്ക് ചിരിയായിരുന്നു ഉത്തരം.

അടയ്ക്ക പറിക്കാൻ വന്ന പണിക്കാരൻ മോശമായി സംസാരിച്ചു എന്നു പറഞ്ഞപ്പോൾ, ''അടക്കവും ഒതുക്കവുമുള്ള പെണ്ണുങ്ങളോട് ആരും അങ്ങനെയൊന്നും പറയില്ല'' എന്ന് അമ്മയുടെ മറുപടി ലഭിച്ചപ്പോഴും ഉത്തരം ചിരി തന്നെ.

രാത്രി പഠിക്കാനിരുത്തുമ്പോൾ അപ്പുവും മാളുവും തങ്ങളുടെ സുഹൃത്തുക്കളുടെ അമ്മമാരുടെ ജോലിയെപ്പറ്റി പറയും. ഉമയുടെ വീട്ടമ്മപദവിയെപ്പറ്റി പരാതിപ്പെട്ടു ചിണുങ്ങുമ്പോഴും ഉത്തരം ചിരി.

ഉള്ളിൽ ഒരായിരം തീനാളങ്ങൾ എരിയുമ്പോഴും ചുണ്ടിലെ പുഞ്ചിരിയും കൊണ്ട് വിധിയെയും ദൈവത്തെയും പരിഹസിക്കുന്ന അനേകായിരം വീട്ടമ്മമാരെ ഒരു കവിയും വർണിക്കാൻ ധൈര്യം കാട്ടാത്തത് വീട്ടിലെ സ്ത്രീ നേരിടുന്ന അനീതിയുടെ കടൽ അറിയാത്തോണ്ടാവാം അല്ലേ?

എന്തായാലും അപ്പുവിന്റെ പരാതിയിൽ പരിഹാരം ഉണ്ടായി. ഉമ ടൈംടേബിളിൽ കുറച്ചു തിരുത്തുകൾ നടത്തി മീനുളുമ്പിനെ നാടുകടത്തി. തന്റെ ഉച്ചഭക്ഷണത്തിന്റെ സമയം അവർ രണ്ടുമണിയിൽനിന്നു മൂന്നുമണിയാക്കി. കഴിഞ്ഞ വാരത്തിൽ അപ്പുവിന്റെ സ്കൂളിൽ നടന്ന മാതൃദിനാഘോഷത്തിൽ പിടിഎ പ്രസിഡന്റായ തന്റെ ഭർത്താവ് പറഞ്ഞ വാചകങ്ങൾ അവളോർത്തു: ''സ്ത്രീ അമ്മയാണ്. ദേവിയാണ്. സർവസംഗപരിത്യാഗിയാണ്, ആ ത്യാഗത്തിന്റെ ഫലമായാണ് നമ്മളിവിടെ നിൽക്കുന്നത്. അതുകൊണ്ട് അവരെ നാം സംരക്ഷിക്കണം.''

അനീതിയെ ത്യാഗത്തിന്റെ നിഴൽ കൊടുത്ത് പരിരക്ഷിക്കുന്ന പൊതുസമൂഹത്തിന്റെ മീനുളുമ്പു വാസനയെ ഉമ ഒരു പുഞ്ചിരിയോടെ സ്വീകരിച്ചു. അതായിരുന്നല്ലോ അവളുടെ ശീലം. ■



# അധ്വാനിക്കൂ നിങ്ങൾക്കു കുറവുണ്ടാവുകയില്ല



എബ്രഹാം ലിങ്കൺ അമേരിക്കയുടെ പ്രസിഡന്റായി സ്ഥാനം ഏറ്റെടുത്തു. സെനറ്റ് ഹാളിലെ തന്റെ ആദ്യപ്രസംഗത്തിനായി എഴുന്നേറ്റപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനലബ്ധിയിൽ അസന്തുഷ്ടനായ ഒരു സെനറ്റംഗം സദസ്സിൽനിന്ന് അദ്ദേഹത്തെ പ്രകോപിപ്പിക്കാനായി ഇങ്ങനെ വിളിച്ചുപറഞ്ഞു: ''വലിയ മാന്യനാകുകയൊന്നും വേണ്ട. എന്തൊക്കെയായാലും താങ്കൾ ഒരു ചെരുപ്പുകുത്തിയുടെ മകനല്ലേ.?'' സദസ്സിലുണ്ടായിരുന്നവർ മുഴുവൻ എബ്രഹാം ലിങ്കൺ എന്തു പറയുമെന്നറിയാൻ കാതോർത്തു. അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു: ''ശരിയാണ്. എന്റെ അച്ഛൻ ഒരു നല്ല ചെരുപ്പുകുത്തിയായിരുന്നു. ഏറ്റവും നല്ല ചെരുപ്പുകളാണ് അദ്ദേഹം ഉണ്ടാക്കിയിരുന്നത്. ഒരിക്കൽ അദ്ദേഹത്തിന്റെ കൈയിൽനിന്നു ചെരുപ്പു വാങ്ങിയവർ മറ്റൊരിടത്തും പോകാതെ അദ്ദേഹത്തെത്തന്നെ തേടി വരുമായിരുന്നു. എന്റെ അച്ഛന് അദ്ദേഹത്തിന്റെ തൊഴിലിനോടുണ്ടായിരുന്ന അത്രയും പ്രതിബദ്ധതയും ആത്മാർത്ഥതയും എനിക്ക് അമേരിക്കൻ പ്രസിഡന്റ് എന്ന നിലയിൽ ഉണ്ടാക്കാൻ കഴിയുമോ എന്ന് അറിയില്ല.''



**അജയ് കെ. ജോസ്**
BA English
St. Thomas College, Pala

ഏതൊരു തൊഴിലും മാന്യമാണ്. താൻ ചെയ്യുന്ന തൊഴിലിനോടുള്ള ആത്മാർത്ഥതയും അതു മറ്റുള്ളവർക്ക് ഉപകാരപ്രദമാവണമെന്ന ചിന്തയും അതിൽനിന്നു ലഭിക്കുന്ന ആത്മസംതൃപ്തിയുമാണ് ഏതൊരു തൊഴിലിനെയും മഹത്തരമാക്കുന്നത്. ഒരു ഭരണാധികാരിയാകട്ടെ, ഡോക്ടറാകട്ടെ, അധ്യാപകനാകട്ടെ, കർഷകനാകട്ടെ... എല്ലാ തൊഴിലിനുമുണ്ട് ഒരു ജനകീയമാനം.

തൊഴിൽ ചെയ്യുന്നതിന്റെ അടിസ്ഥാനാവശ്യം ജീവിക്കാനാവശ്യമായ പണം കണ്ടെത്തുക എന്നതുതന്നെയാണ്. പക്ഷേ, ആ കാരണത്തെ തൊഴിലിനു പിന്നിലെ ഒരേയൊരു കാരണമാക്കി മാറ്റുമ്പോളാണ്, നമ്മുടെ തൊഴിൽ മാനിക്കപ്പെടാതെ പോകുന്നത്.


പാശ്ചാത്യരാജ്യങ്ങളിൽ ഏതൊരു തൊഴിലും ഒരേപോലെ മാന്യമായിട്ടാണ് സമൂഹം കരുതുന്നത്. അമേരിക്കൻ പ്രസിഡന്റിന്റെ മകൻ പെട്രോൾ പമ്പിൽ ജോലിക്കാരനായി നിൽക്കുന്നതിൽ അഭിമാനം കാണുന്നു. കാർ കഴുകുന്നതും മുറ്റവും പരിസരവും വൃത്തിയാക്കുന്നതുമൊക്കെ, സമൂഹത്തിലെ ഉന്നതർപോലും മഹത്തരമായിക്കാണുന്നു.

തൊഴിലെടുത്തു ജീവിക്കുക എന്നതാണു ശ്രേഷ്ഠം. മാതാപിതാക്കളെ ആശ്രയിച്ചു ജീവിക്കുന്ന പ്രായപൂർത്തിയായ മക്കൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. അധ്വാനിച്ചു ജീവിക്കുന്നത് മാനക്കേടായിട്ടാണ് പലരും കരുതുന്നത്. നമ്മുടെ കാർഷികരംഗത്തെ തകർച്ചയുടെ പ്രധാനകാരണവും ഇതാണ്. മാന്യമായത് എന്നു കരുതാവുന്ന തൊഴിലുകൾ ചെയ്യാൻ ധാരാളം പേർ വരികയും അത്തരം ജോലികൾ എല്ലാവർക്കും കൊടുക്കാൻ തികയാതെ വരുകയും ചെയ്യുന്നു. അന്യനാടുകളിൽ പോയി എന്തു തൊഴിലും ചെയ്യുന്ന മലയാളി സ്വന്തംനാട്ടിൽ അതിനു തയ്യാറാവുന്നില്ല. കേരളീയരുടെ ഈ മനോഭാവമാണ് കേരളത്തിലെ തൊഴിലിടങ്ങളിലേക്ക് അന്യസംസ്ഥാനത്തൊഴിലാളികൾ എത്തിച്ചേരാൻ കാരണം. നമ്മുടെ നാട്ടിൽ ജോലി ചെയ്ത് അവർ പണം സമ്പാദിക്കുന്നു. എന്നാൽ, ഉയർന്ന വേതനവും കുറഞ്ഞ അധ്വാനവും സ്വപ്നംകണ്ട് മലയാളി സ്വയം കുഴി തോണ്ടുന്നു. ചെറിയ ജോലി ചെയ്യുന്നവരെന്ന്, നാം വിചാരിക്കുന്നവരെ ശ്രദ്ധിച്ചാൽ അറിയാം, അവരൊക്കെ എപ്പോഴും തിരക്കിലാണ്. അവർക്കു പിന്നെയും അവസരവും പണവും ലഭിച്ചുകൊണ്ടിരിക്കുന്നു.

കഠിനാധ്വാനത്തിലൂടെ മാത്രമേ നേട്ടങ്ങൾ ഉണ്ടാവുകയുള്ളൂ. കഠിനാധ്വാനത്തിനു പകരമായി മറ്റൊന്നും പറയാനില്ല എന്ന എഡിസന്റെ വാക്കുകൾ ഇതിനോടു ചേർത്തു വായിക്കാം. കഠിനാധ്വാനം മനുഷ്യന്റെ പ്രധാനപ്പെട്ട മൂന്നു കുറവുകളെ പുറന്തള്ളുന്നതായി വോൾട്ടയർ പറഞ്ഞിട്ടുണ്ട്. അത് വിരസത, ദുർഗുണം, ദാരിദ്ര്യം എന്നിവയാണ്. ■

## എന്റെ വര











**ശ്രീഹരി സൂരജ്**
Std VII, St. Sebastian's H.S.S.
Thoppumpady, Ernakulam

# പുറംകാഴ്ചകളെക്കാൾ ശക്തമാണ് അകക്കണ്ണുകൾ

## കെ.എ.എസ്. പരീക്ഷയിൽ ചരിത്രമായി രൂപേഷ്

■ ബിനോയ് കുഴിഞ്ഞാലിൽ

**ച**രിത്രം പഠിക്കുന്നതിനൊപ്പം സ്വയം ചരിത്രമാകണമെന്ന് വിദ്യാർത്ഥികളെ ഉദ്ബോധിപ്പിക്കുന്ന രൂപേഷ്മാഷ് ഇവിടെ ചരിത്രമായിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ പുന്നപ്ര, പറവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ കൊമേഴ്സ് അധ്യാപകനായ രൂപേഷ്, ചരിത്രത്തിലാദ്യമായി നടന്ന കേരള അഡ്മിനിസ്ട്രേഷൻ സർവീസ് (കെ.എ.എസ്.)



രൂപേഷ്

പരീക്ഷയിൽ സ്ട്രീം 3 ൽ (കാഴ്ചശക്തി കുറഞ്ഞവരുടെ വിഭാഗം) ഒന്നാം റാങ്ക് നേടുകയുണ്ടായി. 90% കാഴ്ചവൈകല്യമുള്ള രൂപേഷ് എംകോം, ബിഎഡ്, സെറ്റ്, നെറ്റ് പരീക്ഷകളിലും ഉന്നതവിജയം നേടിയിരുന്നു.

ആലപ്പുഴ ജില്ലയിലെ കുതിരപ്പന്തി ആഞ്ഞിലിപ്പറമ്പിൽ വീട്ടിൽ ഹരിദാസിന്റെയും കോമളയുടെയും മകൻ. ജനിച്ചപ്പോൾ 25 ശതമാനം കാഴ്ചശക്തിയുണ്ടായിരുന്നു രൂപേഷിന്. എളിയ സാഹചര്യത്തിലാണ് ജീവിച്ചിരുന്നെങ്കിലും മാതാപിതാക്കൾ തങ്ങളുടെ മകനു നൽകാവുന്ന ചികിത്സയൊക്കെ നൽകി. കണ്ണിൽനിന്നു തലച്ചോറിലേക്കുള്ള നാഡിയുടെ തകരാറാണ് അസുഖമെന്നും, കണ്ണിന് സ്ട്രെയിൻ എടുക്കുന്ന ഒരു ജോലിയും ചെയ്യരുതെന്നും മധുരയിലെ പ്രശസ്തമായ അരവിന്ദ കണ്ണാശുപത്രിയിലെ ഡോക്ടർമാർ നിർദേശിച്ചു. പഠിക്കുമ്പോൾ കണ്ണിന് ജോലിഭാരം കൂടുമെന്നും, അതു കാഴ്ചശക്തിയെ പൂർണമായും ഇല്ലാതാക്കുമെന്നും, അതിനാൽ പഠനം ഉപേക്ഷിക്കുന്നതാണു നല്ലതെന്നും ഡോക്ടർമാർ നിർദേശിച്ചു. എന്നാൽ, തന്റെ കണ്ണുകൾക്കു വെളിച്ചമില്ലെങ്കിലും ലോകത്തിനു പ്രകാശമേകാൻ തുടർവിദ്യാഭ്യാസം നടത്തണമെന്നു രൂപേഷ് തീരുമാനിച്ചു. എംകോം പഠിക്കുന്ന സമയമായപ്പോഴേക്കും കാഴ്ച പത്തു ശതമാനമായി ചുരുങ്ങി.

തൊണ്ടുതല്ലിയും, കയർ പിരിച്ചുമൊക്കെയായിരുന്നു രൂപേഷിന്റെ കുടുംബം കഴിഞ്ഞിരുന്നത്. മാതാപിതാക്കളോടൊപ്പം മക്കളും എല്ലാ ജോലിയിലും പങ്കെടുത്തിരുന്നു. സഹോദരങ്ങൾ കൊണ്ടുവരുന്ന തൊണ്ട് പിച്ചുന്ന ജോലി രൂപഷിനായിരുന്നു, കയർ പിരിക്കുന്ന ജോലി അമ്മയുടെയും. ഇതിനു പുറമേ ട്യൂഷൻ എടുക്കുന്ന ജോലിയും മക്കൾ മൂന്നു പേരും ചെയ്തിരുന്നു. ആഹാരത്തിനുള്ള വക കണ്ടെത്താനായിരുന്നു ട്യൂഷൻ എടുത്തിരുന്നത്. ട്യൂഷൻ എടുത്തതുവഴി പാഠഭാഗങ്ങൾ കൂടുതൽ ഹൃദിസ്ഥമാകുവാനും, കൂടുതൽ ശിഷ്യഗണങ്ങളെ നേടുവാനും രൂപഷിനു കഴിഞ്ഞു. അന്നത്തെയും ഇന്നത്തെയും ശിഷ്യഗണങ്ങളാണു രൂപേഷിനെ സ്കൂളിലേക്കെത്തിക്കുന്നതും തിരിച്ചു വീട്ടിൽ കൊണ്ടുചെന്നാക്കുന്നതും.

കെ.എ.എസ്. പരീക്ഷയ്ക്ക് പത്തു ദിവസം മുമ്പു മാത്രമാണ് കാഴ്ചശക്തി കുറവുള്ളവർക്ക് പരീക്ഷയെഴുതാൻ സുപ്രീം കോടതി അനുമതി നൽകിയത്. കെ.എ.എസ്. പരീക്ഷയ്ക്കായി പ്രത്യേക പരിശീലനത്തിനൊന്നും രൂപേഷ് പോയിട്ടില്ല. ഒന്നു കേട്ട കാര്യങ്ങൾ ഓർമയിൽ സൂക്ഷിക്കാനുള്ള കഴിവ് ദൈവകൃപയാൽ കിട്ടിയിട്ടുള്ളതാണെന്ന് രൂപേഷ് പറയും. യൂട്യൂബ് വീഡിയോകളും, മറ്റുള്ളവരുടെ സഹായത്തോടെ തയ്യാറാക്കുന്ന വോയിസ് മെസേജുകളുമാണു രൂപേഷിന്റെ പഠനത്തിന്റെ മുഖ്യമാർഗങ്ങൾ. സഹാധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സുഹൃത്തുക്കളുടെയും ബന്ധുജനങ്ങളുടേയും പിന്തുണയാണ് അദ്ദേഹത്തിന്റെ കരുത്ത്.

ആലപ്പുഴ ആര്യാട് യുപി സ്കൂളിൽ അധ്യാപകനായിട്ടായിരുന്നു ആദ്യനിയമനം. എഴുതിയ മത്സരപ്പരീക്ഷകളിലെല്ലാം രൂപേഷ് ഉന്നതവിജയം നേടി. ഹയർസെക്കൻഡറി ജൂനിയർ, സീനിയർ പരീക്ഷകളിൽ അദ്ദേഹത്തിനു മികച്ച റാങ്കുണ്ടായിരുന്നു. ഹയർസെക്കൻഡറി സീനിയർ അധ്യാപകലിസ്റ്റിൽ ഇരുപത്തൊൻപതാമത്തെ റാങ്കോടെ അമ്പലപ്പുഴ മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ കൊമേഴ്സ് അധ്യാപകനായി. അതിനുശേഷം ഇപ്പോൾ ജോലിചെയ്യുന്ന പുന്നപ്ര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് സ്ഥലംമാറ്റം. ക്ലാസ്സിൽ വളരെ കണിശക്കാരനായ ഒരധ്യാപകനാണു രൂപേഷ് മാഷ്. തന്റെ വീട്ടിൽവരുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായി രൂപേഷ് ഇപ്പോഴും ട്യൂഷനെടുക്കുന്നു. പണ്ട് ട്യൂഷനെടുത്തത് ജീവിക്കാൻവേണ്ടിയായിരുന്നെങ്കിൽ, ഇന്ന് അതൊരു സേവനമാണ്.

പുറംകാഴ്ചകളെക്കാൾ ശക്തമാണ് അകക്കണ്ണിന്റെ ശക്തിയെന്ന് തെളിയിക്കുകയാണ് രൂപേഷ്. അക്കൗണ്ടൻസിപോലുള്ള വിഷയങ്ങൾ ഒരിക്കലും ബോർഡിൽ ചെയ്യുന്നത് ഞാൻ കണ്ടുപഠിച്ചിട്ടില്ല, പകരം അധ്യാപകർ പറയുന്ന അറിവുകൾ ശ്രദ്ധയോടെ കേട്ടിരുന്ന് എന്റെ മനസ്സിലൊരു ചിത്രം വരച്ചായിരുന്നു പഠനങ്ങൾ. ജീവിതത്തിൽ എന്തെങ്കിലുമായിത്തീരണമെന്ന ചിന്ത ചെറുപ്പം മുതലേ എന്നിലുണ്ടായിരുന്നു. ജീവിതത്തിൽ വിജയിക്കാനുള്ള ഏറ്റവും വിലയുള്ള ആയുധമാണ് വിദ്യാഭ്യാസം.

നിങ്ങൾ മറ്റുള്ളവരെ മാതൃകയാക്കാതെ നിങ്ങളെ മറ്റുള്ളവർ മാതൃകയാക്കുന്ന രീതിയിലായിരിക്കണം ഒരോരുത്തരും ജീവിക്കേണ്ടതെന്നു രൂപേഷ്മാഷ് പറയുന്നു. ഒരാളുടെ ജീവിതത്തിലെ ആദ്യത്തെ 25 വർഷം നന്നായി അധ്വാനിച്ചുപഠിച്ച് ഉന്നതസ്ഥാനങ്ങളിലെത്തുകയാണെങ്കിൽ പിന്നീടുള്ള ജീവിതകാലം സുന്ദരമായിരിക്കുമെന്ന ബോധ്യം വിദ്യാർത്ഥികൾക്കുണ്ടായിരിക്കണം. ജീവിതത്തിലെ വെല്ലുവിളികളെ നേരിടാനുള്ള ഏറ്റവും വലിയ ആയുധമാണ് വിദ്യാഭ്യാസം.

തന്റെ മുമ്പിൽ വരുന്ന ഫയലുകൾ എത്രയും വേഗം തീർപ്പാക്കി ജനങ്ങളെ സേവിക്കുക എന്നതായിരിക്കും തന്റെ ശൈലിയെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ നിയമനം കാത്തിരിക്കുന്ന രൂപേഷ് പറയുന്നു. ദൈവത്തിന്റെ ഭൂമിയിലെ വലിയ നിക്ഷേപമാണു മനുഷ്യജന്മമെന്നും, നമ്മൾ ആ നിക്ഷേപത്തിനു പ്രതിഫലം നല്കുന്നവരായിരിക്കണമെന്നും, മറ്റുള്ളവർക്കു ബാധ്യതയായി നാം ഒരിക്കലും മാറരുതെന്നും



രൂപേഷ് മാതാപിതാക്കൾക്കൊപ്പം

രൂപേഷിനു നിർബന്ധമുണ്ടായിരുന്നു. അതിനദ്ദേഹം കയ്യിലേന്തിയ ആയുധങ്ങളായിരുന്നു വിദ്യാഭ്യാസവും ദൈവവിശ്വാസവും കഠിനാധ്വാനവും. ദൈവവിശ്വാസമുണ്ടെങ്കിൽ ഭാഗ്യം നമ്മോടൊപ്പമുണ്ടാകുമെന്നു രൂപേഷ് സാറിന്റെ റോൾ മോഡലും വഴികാട്ടിയുമായ ജ്യേഷ്ഠൻ ജഗൻ പറയുന്നു.

തനിക്കിവിടംവരെ എത്താമെങ്കിൽ, ദൃഢനിശ്ചയവും, അധ്വാനിക്കാനുള്ള മനസ്സുമുള്ള ആർക്കും എവിടെയുമെത്തിച്ചേരാമെന്നാണ് രൂപേഷ്മാഷിന്റെ അഭിപ്രായം. പരിമിതികളെ ഒരു കുറവായി കാണാതെ, അതിജീവിക്കണമെന്ന തിരിച്ചറിവാണ് നാമോരോരുത്തർക്കുമുണ്ടാകേണ്ടത്. ഭിന്നശേഷിക്കാരായ മക്കളുടെ മാതാപിതാക്കൾ ഒരു തരത്തിലും വിഷമിക്കരുതെന്നും, തന്റെ ജീവിതം അവർക്കൊരു പ്രചോദനവും പ്രോത്സാഹനവുമാകട്ടെയെന്നും രൂപേഷ് ആഗ്രഹിക്കുന്നു. ചരിത്രപ്രാധാന്യമുള്ള കേരള അഡ്മിനിസ്ട്രേഷൻ സർവീസിൽ ചരിത്രനിയമനത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണു രൂപേഷ്. ■

# ദളിത് ക്രൈസ്തവവിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണം

കോട്ടയം: ദളിത് ക്രൈസ്തവവിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്ന് കേരള കത്തോലിക്കാ ബിഷപ്സ് കൗൺസിലിന്റെ നേതൃത്വത്തിലുള്ള എസ്സി/എസ്ടി/ബിസി കമ്മീഷൻ ആവശ്യപ്പെട്ടു.

വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഉടനെ വിതരണം ചെയ്യണമെന്നും ന്യൂനപക്ഷവിദ്യാർത്ഥികൾക്കു നൽകുന്ന മൈനോരിറ്റി സ്കോളർഷിപ്പ് ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും അനുവദിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ലംപ്സം ഗ്രാന്റ് ജാതിയടിസ്ഥാനത്തിൽ വരുമാനപരിധിയില്ലാതെ ലഭിക്കുന്ന തുച്ഛമായ ആനുകൂല്യമാണെന്നും സ്കോളർഷിപ്പ് പഠനമികവിനു വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പ്രോത്സാഹനമാണെന്നും യോഗം ചൂണ്ടിക്കാട്ടി. പ്ലസ്ടു മുതൽ എല്ലാ കോഴ്സുകളിലെയും ഉന്നതവിദ്യാഭ്യാസത്തിന് അർഹരായ എല്ലാ ദളിത് വിദ്യാർത്ഥികൾക്കും അവരാവശ്യപ്പെടുന്ന കോഴ്സുകളിലേക്കു പ്രവേശനം നൽകുക, പട്ടികജാതി വിദ്യാർത്ഥികൾക്കു നൽകുന്ന എല്ലാ സംരക്ഷണവും ദളിത് ക്രൈസ്തവവിദ്യാർത്ഥികൾക്കും നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കുക, പരിവർത്തിത ക്രൈസ്തവവിഭാഗവികസന കോർപ്പറേഷന് ആവശ്യമായ ഫണ്ട് (10 കോടി) അനുവദിക്കുക എന്നീ ആവശ്യങ്ങൾ അടിയന്തരമായി നടപ്പിലാക്കാൻ കമ്മീഷൻ സർക്കാരിനോടാവശ്യപ്പെട്ടു.

കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ അധ്യക്ഷത വഹിച്ച യോഗം വൈസ് ചെയർമാൻ റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ റൈറ്റ് റവ. ഡോ. യുഹാനോൻ മാർ തെയഡോഷ്യസ് മുഖ്യപ്രഭാഷണം നടത്തി. കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് വടക്കേക്കുറ്റ്, ജോ. സെക്രട്ടറി ജെയിംസ് ഇലവുങ്കൽ, ഡിസിഎംഎസ് രൂപതഡയറക്ടർമാരായ ഫാ. ജോൺ അരീക്കൽ, (തിരുവനന്തപുരം മലങ്കര), ഫാ. ജോസുകുട്ടി ഇടത്തിനകം (കാഞ്ഞിരപ്പള്ളി), ഫാ. സെബാസ്റ്റ്യൻ കണിമറ്റം (കോതമംഗലം), ഫാ. ജോസ് വർഗീസ് (പുനലൂർ) എന്നിവർ പ്രസംഗിച്ചു.

# കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ



അഡ്വ. ചാർളി പോൾ

ആരോഗ്യമേഖല കഴിഞ്ഞാൽ കൊവിഡ് ഏറ്റവുമധികം ആഘാതം സൃഷ്ടിച്ചത് വിദ്യാഭ്യാസമേഖലയിലാണ്. ഒന്നരവർഷത്തോളമായി അടഞ്ഞുകിടക്കുകയായിരുന്നു വിദ്യാലയങ്ങൾ. പ്രൈമറിക്കാരും പ്ലസ്ടുക്കാരും ഇതുവരെ അവരുടെ പുതിയ അധ്യയനാന്തരീക്ഷവുമായി പരിചയപ്പെട്ടിട്ടു പോലുമില്ല. ഇത് സാമൂഹികവും വിദ്യാഭ്യാസപരവും മാനസികവുമായുള്ള പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. പുറംലോകവുമായുള്ള ഇടപെടലുകളിലൂടെയാണ് മൂന്നു വയസ്സുവരെ മസ്തിഷ്ക വികാസം നടക്കുക. കുഞ്ഞുങ്ങളുടെ മാനസികവളർച്ചയും സംസാരശേഷിയും സാമൂഹിക ഇടപെടൽ കുറഞ്ഞതിനാൽ ആനുപാതികമായ



വളർച്ച കൈവരിച്ചിട്ടില്ല. തന്നിലേക്കുതന്നെ അവർ ചുരുങ്ങി. ഓടിനടക്കാനും മറ്റുള്ളവരോട് ഇടപെടാനും അവർ താത്പര്യം കാട്ടുന്നില്ല. അംഗൻവാടികളിലും എൽ.കെ.ജിയിലും യു.കെ.ജിയിലും ഒക്കെ ലഭിക്കേണ്ടിയിരുന്ന മാനസികവളർച്ച ലഭ്യമാകാതെയാകും കുട്ടികൾ ഒന്നാം ക്ലാസിലെത്തുക. സ്കൂളുകൾ പാഠശാലകളാണെന്നതിലുപരി ജീവിതം കരുപ്പിടിപ്പിക്കുന്ന കേന്ദ്രങ്ങൾകൂടിയാണ്. ചുറ്റുപാടുകളുമായി സംവേദിച്ചുകൊണ്ടാണ് അവരുടെ സ്വഭാവരൂപവത്കരണവും പെരുമാറ്റരീതികളും വികസിക്കുന്നത്. പുറത്തിറങ്ങാനോ കളിക്കാനോ സാധിക്കാത്തതിന്റെ പ്രശ്നങ്ങൾ, ഒരു സാമൂഹിക ജീവിയെന്ന നിലയിൽ പരുവപ്പെടുത്തേണ്ട കൂട്ടായ്മകളുടെ അഭാവം, അധ്യാപകരുമായി നേരിട്ടുള്ള ബന്ധമില്ലായ്മ, സഹപാഠികളുമായുള്ള പാരസ്പര്യക്കുറവ് എന്നിവ കുട്ടികളുടെ മാനസികാരോഗ്യത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

മുന്നൂറോളം കുട്ടികളാണ് കൊവിഡ് കാലത്തുമാത്രം ആത്മഹത്യ ചെയ്തത്. പഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മാതാപിതാക്കൾ തമ്മിലുള്ള സംഘർഷങ്ങൾ, ബന്ധങ്ങളിലെ വിള്ളലുകൾ, ലഹരിയുപയോഗം, സാമ്പത്തിക ബുദ്ധിമുട്ടുകൾ, സൈബർ കുരുക്കുകൾ, ഗാർഹികപീഡനങ്ങൾ, പ്രിയപ്പെട്ടവരുടെ മരണം, ഭാവിയെക്കുറിച്ചുള്ള ആശങ്ക, അകാരണഭയം, വിഷാദം, ഒറ്റപ്പെടൽ, പ്രണയപരാജയങ്ങൾ, വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവുകുറവ്, വികലമായ ചിന്തകൾ എന്നിങ്ങനെ ജീവശാസ്ത്രപരവും മനഃശാസ്ത്രപരവും സാമൂഹികവുമായ നിരവധി കാരണങ്ങൾ ഓരോ ആത്മഹത്യയുടെ പിറകിലും ഉണ്ടാകാം. കൊവിഡ് മഹാമാരി കുട്ടികളുടെ മാനസികബലം വലിയ തോതിൽ കുറച്ചു. കേരളവിദ്യാഭ്യാസഗവേഷണ പരിശീലനസമിതിയുടെ പഠനപ്രകാരം ഇന്റർനെറ്റിന്റെയും മൊബൈലിന്റെയും അമിതോപയോഗം, വിഷാദരോഗത്തിന്റെയും ഉത്കണ്ഠരോഗത്തിന്റെയും ലക്ഷണങ്ങൾ, ഏകാന്തത, വൈകാരിക നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ടുകൾ തുടങ്ങിയവ വിദ്യാർത്ഥികളിൽ ഗണ്യമായി തോതിൽ വർദ്ധിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പ്രതികരണമനുസരിച്ച് 23.44 ശതമാനം പേർക്ക് വിഷാദലക്ഷണങ്ങളുണ്ട്. ഗണ്യമായ ഉത്കണ്ഠയുള്ളവർ 11.16 ശതമാനമാണ്. ഒരിക്കലെങ്കിലും സ്വയം ജീവനൊടുക്കുന്നതിനെക്കുറിച്ചു ചിന്തിച്ചിട്ടുള്ളവരുടെ എണ്ണം 10.13 ശതമാനം വരും. ഡിജിറ്റൽ പഠനംമൂലം പലർക്കും തലവേദന, കണ്ണിനു ക്ഷീണം, മങ്ങിയ കാഴ്ച തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങളുമുണ്ട്.

കൊവിഡ് കാലത്ത് 36.05 ശതമാനം രക്ഷിതാക്കൾക്ക് ജോലി നഷ്ടപ്പെട്ടു. 78.35 ശതമാനം പേർക്കു വരുമാനത്തിൽ നഷ്ടമുണ്ടായി. ഇത് രക്ഷിതാക്കളിൽ അസ്വസ്ഥതയും ദേഷ്യവും സങ്കടവും വർദ്ധിപ്പിച്ചു. കുടുംബാന്തരീക്ഷത്തിലുണ്ടായ ഈ പ്രതിസന്ധി കുട്ടികളെയും സാരമായി ബാധിച്ചിട്ടുണ്ട്. കുട്ടികളുടെയിടയിൽ ആൺ-പെൺ വ്യത്യാസമില്ലാതെ കൊവിഡ് കാലത്ത് ലഹരിയുപയോഗം വർദ്ധിച്ചിട്ടുണ്ട്. അത് അവരുടെ മാനസികപ്രതിരോധശക്തി കുറച്ചിട്ടുണ്ട്. ചിലർ ലൈംഗികചൂഷണത്തിനിരയായിട്ടുണ്ടാകാം. ഇത്തരക്കാരെ തിരിച്ചറിയാൻ കൗൺസലിങ് നടത്തേണ്ടിവരും. ഒറ്റയ്ക്കിരിപ്പും സാമൂഹികജീവിതത്തിന്റെ അഭാവവുംമൂലം ഉത്കണ്ഠ, അകാരണഭയം, ശ്രദ്ധക്കുറവ് എന്നിവ വിദ്യാലയത്തിൽ തിരിച്ചെത്തിയവരിൽ കുറെക്കാലംകൂടി കണ്ടേക്കാം. രണ്ടു വർഷത്തെ ഇടവേള കുട്ടികളിൽ പാഠ്യേതരകഴിവുകളെ വലിയ തോതിൽ ബാധിച്ചിട്ടുണ്ടാകാം. ഏറെനാളിനുശേഷം കണ്ടുമുട്ടുകയായതിനാൽ കുട്ടികൾ തമ്മിലുള്ള ആശയവിനിമയം എളുപ്പമാകില്ല. ചിലർ കൂട്ടത്തിൽ ചേരാതെ മാറിനിൽക്കും. മറ്റുള്ളവർ ഒപ്പം ചേർക്കുന്നില്ലായെന്ന സംശയം കുട്ടികൾക്കുണ്ടാകും. പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ സമയമെടുക്കുന്നതിനാൽ മൂന്നുമാസമെങ്കിലും മാനസികാരോഗ്യസംരക്ഷണം ഉറപ്പാക്കാൻ ക്ലാസുകൾ നൽകണം. പുതിയ ടൈംടേബിളിൽ കൗൺസലിംഗ് ക്ലാസുകൾ ഉൾപ്പെടുത്തണം.

ഡൽഹി ഐ.ഐ.ടിയിലെ സാമ്പത്തിക ശാസ്ത്രവിഭാഗം 2021 ഓഗസ്റ്റ് മാസത്തിൽ നടത്തിയ 'സ്കൂൾ ചിൽഡ്രൻസ് ഓൺലൈൻ ആന്റ് ഓഫ് ലൈൻ സർവേ' എന്ന പഠനത്തിൽ ഗ്രാമീണമേഖലയിൽ 37 ശതമാനവും നഗരങ്ങളിൽ 19 ശതമാനവും തീരെ പഠിച്ചിരുന്നില്ല എന്നു കണ്ടെത്തിയിട്ടുണ്ട്. ചിലർ പഠനം ഉപേക്ഷിച്ചു പോയിട്ടുമുണ്ട്. നന്നായി പഠിച്ചവരും പഠിക്കാൻ കഴിയാത്തവരും ഒന്നിച്ചുചേരുമ്പോൾ പഠന പ്രതിസന്ധി ഉണ്ടാകും. അതുകൊണ്ട് കാര്യങ്ങൾ വിലയിരുത്തി, അനുഭവങ്ങൾ പങ്കുവച്ച്, പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗക്കാർക്ക് അതു നൽകി, പഠനപ്രക്രിയ പുനരാവിഷ്കരിക്കണം. രണ്ടു വർഷമായി പ്രീസ്കൂൾ തലത്തിലുള്ള സ്കൂളനുഭവങ്ങൾ കുട്ടികൾക്കു നിഷേധിക്കപ്പെട്ടിരുന്നു. ഈ കുട്ടികൾ സ്കൂളിലേക്ക് എത്തുമ്പോൾ സ്കൂളിന്റെ ദൈനംദിന പ്രക്രിയ അവർക്ക് ആസ്വാദ്യമായ രീതിയിൽ മാറ്റിയെടുക്കുന്നതിന് ഒന്ന്, രണ്ട് ക്ലാസുകളിൽ പഠനപ്രക്രിയ ഘടനാപരമായിത്തന്നെ പുനഃക്രമീകരിക്കണം.

കോഴിക്കോട് ഇംഹാൻസിന്റെ പഠനപ്രകാരം വീട്ടിലിരിപ്പ്, മൊബൈൽ/ലാപ്ടോപ് ഉപയോഗം, ജങ്ക്ഫുഡ്, എന്നിവയെല്ലാം കാരണം 45 ശതമാനം കുട്ടികൾക്കു തൂക്കം വർദ്ധിച്ചിട്ടുണ്ട്. വേണ്ടത്ര വെയിലും മറ്റും കിട്ടാത്തതിനാൽ വൈറ്റമിൻ ഡി കുറഞ്ഞ് കുട്ടികളിൽ ഉന്മേഷക്കുറവും ശ്രദ്ധക്കുറവും കാണാനിടയുണ്ട്. നിരവധി മാനസികാരോഗ്യപ്രശ്നങ്ങൾ കുട്ടികളെ അലട്ടുന്നതിനാൽ അനുതാപപൂർണമായ സമീപനം, ഫലപ്രദമായ ആശയവിനിമയം, വികാരങ്ങളെ അംഗീകരിക്കൽ, പങ്കുവയ്ക്കൽ, കൗൺസലിങ് എന്നിവവഴി അവരുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കണം. വ്യക്തിശുചിത്വം ഉൾപ്പെടെ സ്വന്തം കാര്യങ്ങളിലും ഒപ്പം ചേരുന്നതിലും വിമുഖത, പെരുമാറ്റത്തിൽ വ്യത്യാസങ്ങൾ എന്നിവ കണ്ടാൽ മാനസികാരോഗ്യവിദഗ്ധരുടെ സേവനം തേടണം. പുതിയ പ്രതിസന്ധിയിൽ കുട്ടികളെ ഫലപ്രദമായി നയിക്കാൻ അധ്യാപകരും രക്ഷിതാക്കളും മാനസികാരോഗ്യസാക്ഷരത കൈവരിക്കണം. എല്ലാ വിദ്യാലയങ്ങളിലും 'ഡോക്ടർ ഇൻ കാൾ' പദ്ധതിയും കൗൺസലിങ് സേവനവും ലഭ്യമാക്കണം.

■

കവിത

പ്രഫ. എ.ടി.ഏബ്രഹാം വാളനാട്ട്

## സത്യവും മിഥ്യയും

പാവനാത്മാ, നിഖിലാധിനാഥ, മ-
ജ്ജീവദായക, ദയാനിധേ, നമോ.
താവകസ്തുതികൾ പാടുവാൻ സദാ
ഭാവുകം വരനിധേ, തരേണമേ.

വിസ്തരിക്കുകയസാധ്യമാണു നിൻ
ശക്തിയെസ്സകലശക്തനീശ്വരാ,
നിസ്തുലം തവമഹത്ത്വമോർക്കിൽ മ-
റ്റൊക്കെയിങ്ങെഴുവതൊന്നുമല്ലപോൽ.

ഈയരപാ ജഗമൊക്കെയും വെറും
മായയെന്നു ചിലർ ചൊന്നിടുന്നതിൻ
ന്യായമീ സമതയറ്റെഴും മഹ-
ത്തായ നിൻ മഹിമയായിരിക്കണം.

പൃഥ്വിയും പുനരിതിൽപ്പെടുന്നതാം
സൃഷ്ടിജാലമൊക്കെയും വെറും
മിഥ്യയെന്നിവർ പറഞ്ഞിടു,ന്നിതിൽ
സത്യമില്ലൊരണുപോലുമെങ്കിലും.

ഒന്നുമില്ലുലകിതിൽ യഥാർത്ഥമാ-
യെന്നവാദമുരിയാടിടുമ്പൊഴും
ഒന്നു തീർച്ച, യിവരേറ്റു ചൊല്വത-
ത്യുന്നതന്റെ മഹിമാവുതന്നെയാം.

എത്ര ഭംഗിയിൽ വിദഗ്ധനാം കലാ-
കൃത്തൊരാൾ രുചിരായ് രചിച്ചപോൽ
ഇപ്രപഞ്ചവുമിതിൽപ്പെടുന്നൊരീ
സൃഷ്ടിജാലവുമൊരുക്കിയീശ്വരൻ!

ശ്രീലസുന്ദര ജഗത്തിലാകവേ
ലാലസിപ്പവ സമസ്തസൃഷ്ടിയും
ചേലിലെങ്ങുമറിയിപ്പു നിൻകലാ-
ലീലയെജ്ജഗ്ഗുരോ, നിരന്തരം

ദൂരെയംബരതലത്തു വൻ പ്രഭാ-
പൂരമായ് വിവിധ താരരാജികൾ,
ചാരുദൃശ്യനിരയോടു ഭൂമിയും
പോരുമല്ലോ സുഖമേറെയേകുവാൻ.

സൂനരാജി വിടരുന്ന, സൗരഭാ-
സ്ഥാനമാണഖില ഭൂവിഭാഗവും
ഗാനമോടൊഴുകിടുന്നു കോമള-
സ്വാനമാർന്ന രുചിരം സരിത്തുകൾ.

പാടിടുന്നു കളഗീതികോകമ,-
ങ്ങാടിടുന്നു മുദമോടു കേകികൾ,
മോടിയിൽ ശലഭസഞ്ചയങ്ങൾ ചാ-
ഞ്ചാടിടുന്നു, ശബളാഭയാർന്നവർ.

ബാലലോകമധുരസ്മിതങ്ങളിൽ,
ലോലമോഹനസുമോല്ക്കരങ്ങളിൽ,
ശ്രീലസസ്യഹരിതാഭയിൽ, ജഗം
നീളെയേവമൊഴുകുന്നു നിൻപ്രഭ.

കുമ്പിടുന്നു മഹിമാനികേതമാം
നിൻ പവിത്രപദപങ്കജങ്ങളെ
അൻപെഴും തവ വരങ്ങൾ മാത്രമാ-
ലംബമാശ്രിതനെനിക്കു മൽ പ്രഭോ.

ലോകയാത്രയുടെ തിക്തപാത വൻ
ശോകഭാരമൊടു ദാസർ താണ്ടവേ
നീ കനിഞ്ഞു നിതരാമനുഗ്രഹ-
ശ്ശീകരങ്ങൾ ചൊരിയൂ കൃപാനിധേ.

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

## ഒരു കാര്യവുമില്ലാതെ

ഞായറാഴ്ച എല്ലാവർക്കും ഒഴിവുദിവസമാണല്ലോ. പക്ഷേ, അന്നും ഒരു ഡോക്ടർ പല വീടുകൾ സന്ദർശിച്ച് അവശരോഗികളെ സൗജന്യമായി ചികിത്സിച്ചുകൊണ്ടിരുന്നു.

എങ്കിലും, സേവനസന്നദ്ധനായ ആ ഡോക്ടറെപ്പറ്റി ചില ദോഷൈകദൃക്കുകൾ പറയുന്നതുകേട്ടു:

"ഒരു കാര്യവുമില്ലാതെ ആരെങ്കിലും അങ്ങനെ ചെയ്യുമോ? അതിന്റെ പിന്നിൽ എന്തോ കളിയുണ്ട്."



കഷ്ടം! ഒരു കാര്യവുമില്ലാതെ ആർക്കും എന്തഭിപ്രായവും പറയാമല്ലോ!




"ഇനി നീ എന്റെ അനുവാദമില്ലാതെ ഈ മുറ്റം കടന്നാലുണ്ടല്ലോ."

റോയി രോഷ്നിയെ അവളുടെ കട്ടിലിലേക്കു പിടിച്ചുതള്ളി.

''പെങ്ങളാണെന്നൊന്നും വിചാരിക്കുകേലാ, കാലു രണ്ടും തല്ലിയൊടിച്ചിടും."

അയാൾ ദേഷ്യം തീരാത്ത മട്ടിലായിരുന്നു.

"എന്നതാ." എന്നതാ ഇവിടെ പ്രശ്നം? റോയിയുടെ ഭാര്യ സീന അവിടേക്ക് ഓടിവന്നു.

"എന്നതാ പ്രശ്നമെന്നോ. എന്നെക്കൊണ്ടൊന്നും പറയിപ്പിക്കരുത്. നീയിവിടെയുണ്ടായിട്ടാണോടീ ഇവളെ ഇങ്ങനെ കെട്ടഴിച്ചുവിട്ടേക്കുന്നത്."

അപ്രതീക്ഷിതമായ ആ ആരോപണത്തിനു മുമ്പിൽ സീന അന്തിച്ചുനിന്നു. രോഷ്നിയുടെ യാതൊരു കാര്യത്തിലും പ്രത്യക്ഷത്തിൽ സീന ഇടപെടാറുണ്ടായിരുന്നില്ല. തനിക്ക് രോഷ്നിയോടു തോന്നുന്ന ദേഷ്യവും അസഹിഷ്ണുതയും മറ്റും തലയണമന്ത്രമായി അവൾ റോയിയുടെ കാതുകളിൽ ഓതിക്കൊടുക്കാറുണ്ടായിരുന്നുവെന്നു മാത്രം. അപ്പോഴൊക്കെ അതിനെ ഗൗരവത്തിലെടുക്കാതെ റോയി പറയും:

"അപ്പനും അമ്മേം ഇല്ലാതെ വളർന്ന കൊച്ചല്ലേ. അവൾക്ക് ചിലപ്പോ ചില നേരങ്ങളിൽ നിന്റേതുപോലെ ബോധോം വകതിരിവും കാണുകേലായിരിക്കും. പിന്നെ, ഇന്നോ നാളെയോ വേറൊരു വീട്ടിലേക്കു പോകാനുള്ളതല്ലേ അവള്. അതുവരെ നീയും അവളും കൂടിചേർന്ന് ഇവിടെയൊരു വഴക്കുണ്ടാക്കരുത്. എനിക്കു സ്വസ്ഥത വേണം. അതുകൊണ്ട് അവളുടെ കുറ്റോം കുറവും പറഞ്ഞ് എന്റെ അടുക്കലേക്കു വന്നേക്കരുത്."

പലതവണ ഇതേ മറുപടി കിട്ടിയപ്പോൾ സീന പിന്നീട് രോഷ്നിയുടെ കുറ്റം പറയാതിരിക്കാൻ പരമാവധി ശ്രമിച്ചിരുന്നു. അതുകൊണ്ടാണ് ഇപ്പോൾ തനിക്കെതിരേ ആരോപണം ഉയർന്നപ്പോൾ സീന അദ്ഭുതപ്പെട്ടത്.

"കെട്ടഴിച്ചുവിടാനും കെട്ടിപ്പൂട്ടിവയ്ക്കാനും എന്നോടു ചോദിച്ചിട്ടാണോ ഇവള് ഇവൾടെ എല്ലാ കാര്യവും ചെയ്യുന്നത്? കാര്യമെന്നതാന്നുവച്ചാ പറ..." സീനയ്ക്ക് ദേഷ്യം വന്നു.

താൻ കണ്ടത് അതേപോലെ പറയുമ്പോൾ രോഷ്നിയും തെറ്റുകാരിയായി ചിത്രീകരിക്കപ്പെടുമെന്ന് റോയിക്കു തോന്നി. പെങ്ങളെ ഒരു മോശക്കാരിയായി ചിത്രീകരിക്കാൻ അയാൾ ആഗ്രഹിച്ചില്ല. അത് സ്വന്തം ഭാര്യയ്ക്കു മുമ്പിലാണെങ്കിൽപ്പോലും. സ്ത്രീസഹജമായ രഹസ്യങ്ങൾ സൂക്ഷിക്കാനുള്ള കഴിവില്ലായ്മ സീനയ്ക്കു കൂടുതലാണെന്നും അയാൾക്കറിയാമായിരുന്നു. സീനയ്ക്ക് റോഷ്നിയോടുള്ളത് അസൂയകലർന്ന വികാരമാണെന്ന് റോയിയുടെ മനസ്സ് പറഞ്ഞിരുന്നു. വിദ്യാഭ്യാസംകൊണ്ടും സൗന്ദര്യംകൊണ്ടും രോഷ്നിയായിരുന്നു മുകളിൽ. നാട്ടിൽ അവൾ സർവസമ്മതയുമായിരുന്നു. അതുകൊണ്ടൊക്കെയാണ് സീനയ്ക്ക് രോഷ്നിയോടു ദേഷ്യം തോന്നുന്നതെന്നും അതിനു പിന്നിൽ സീനയുടെ അസൂയമാത്രമാണെന്നും മനസ്സിലാക്കാനുള്ള വിവേകം റോയിക്കുണ്ടായിരുന്നു. താൻ തന്റെ പെങ്ങളെക്കുറിച്ചു മോശമായി സംസാരിച്ചാൽ നാളെ അത് സീന തന്നെ നാടു മുഴുവൻ പരത്തുമെന്നും അയാൾക്കറിയാമായിരുന്നു.

"എന്നോടു പറയാൻ പറ്റുന്നതല്ലേ?'' സീനയുടെ സ്വരമുയർന്നു.

''അവൻ. ആ സനല് ഇവളെ..." റോയ് തലകുനിച്ചുനിന്ന് സ്വരം താഴ്ത്തിയാണ് അതു പറഞ്ഞത്.



"എന്റെ മാതാവേ," അഹിതകരമായതെന്തോ കേട്ട മട്ടിൽ സീന ഉറക്കെ വിളിച്ചു.

"അയാള് ഇവളെ കേറിപ്പിടിച്ചോ?"

"പതുക്കെപ്പറയെടീ.'' റോയി പല്ലിറുമ്മി.

"അയാള് ഇവളെ കേറിപ്പിടിച്ചോ." സീന സംശയനിവാരണം എന്ന മട്ടിൽ ആവർത്തിച്ചു.

റോയ് തല ചലിപ്പിച്ചു.

"അവൾക്കിതു തന്നെ വേണം. നിങ്ങൾക്കും." സീനയുടെ സ്വരം വീണ്ടും ഉയർന്നു.

"ആ വീട്ടിലോട്ടുള്ള ഇവൾടെ ഓട്ടോം ചാട്ടോം കണ്ടപ്പോത്തന്നെ എനിക്കറിയാമായിരുന്നു ഇത് ഇങ്ങനെയൊക്കെയേ അവസാനിക്കൂ എന്ന്. ഈ വീട്ടിലെ ചോറും കറീം പൊതിഞ്ഞുകെട്ടാൻ തുടങ്ങിയപ്പോത്തന്നെ അതു നിർത്താൻ പറഞ്ഞതാ. അപ്പോ നിങ്ങളും സമ്മതിച്ചില്ല. ഇവൾക്കു സപ്പോർട്ട് നിന്നു. സനൽ സാറിന് അടുക്കളപ്പണി അറിയാത്തതോണ്ടല്ലേ എന്ന്. എന്നിട്ടിപ്പോഴോ? അടുക്കളപ്പണി അറിയില്ലെങ്കിലും വേണ്ടാതീനത്തിനുള്ള അറിവ് നല്ലതുപോലെയുണ്ടല്ലോ. ഓരോ അവന്മാരുടെയും തനിനിറം പുറത്തായല്ലോ. ആ സ്മിതയുടെ ആത്മാവ് ഇതെങ്ങനെ സഹിക്കുമോ ആവോ?"

കട്ടിലിൽ കമിഴ്ന്നുവീണു കിടന്നു കരയുകയായിരുന്ന രോഷ്നി ചാടിയെണീറ്റു.

അനാവശ്യം പറയരുത്.'' അവൾ റോയിയോടും സീനയോടുമായി പറഞ്ഞു.

"അവിടെയെന്നതാ നടന്നതെന്ന് എനിക്കറിയാം. സനുച്ചേട്ടനുമറിയാം. അതിന് നിങ്ങള് വേറെ കളർ കൊടുക്കുകയൊന്നും വേണ്ട."

"കണ്ടോ അവളുടെ അഹമ്മതി. അപ്പോ ഇവളും കൂടി സമ്മതിച്ചോണ്ടാ നടന്നതെല്ലാം." സീന വിധിയെഴുതി.

"എനിക്ക് നേരത്തേതന്നെ ഒരു സംശയമുണ്ടായിരുന്നു. ഒരു സനുച്ചേട്ടൻ. നാവീന്ന് തേൻ ഒഴുകുവല്ലേ.'' സീന പരിഹസിച്ചു.

"ങ് അതെ, എന്റെ സമ്മതത്തോടും അനുവാദത്തോടും ഇഷ്ടത്തോടുംകൂടിത്തന്നെയാ സനുച്ചേട്ടൻ എന്റെ ദേഹത്തു സ്പർശിച്ചത്. അതിനിപ്പോ ചേച്ചിക്കെന്താ നഷ്ടം?"

രോഷ്നി ചോദിച്ചു.

രോഷ്നിയുടെ ആ ധിക്കാരം റോയിക്ക് സഹിക്കാനായില്ല. സനലിനെ മാത്രം തെറ്റുകാരനാക്കിയാണ് താൻ അയാളോടു പ്രതികരിച്ചത്. പക്ഷേ, രോഷ്നിയുടെ സമ്മതം സനലിന്റെ ചെയ്തിക്കു പിന്നിലുണ്ടായിരുന്നുവെന്ന് റോയിക്കു സംശയമുണ്ടായിരുന്നു. ആ സംശയത്തെ ന്യായീകരിക്കുംവിധത്തിലാണ് ഇപ്പോൾ രോഷ്നിയുടെ സംസാരം. തെറ്റിനെ ശരിയാക്കുന്ന മട്ടിൽ. സാഹോദര്യമല്ല പരമ്പരാഗതമായ ആൺകോയ്മ തന്നെയാണ് റോയിയെ ഭരിച്ചത്. പുരുഷന്മാർ ചെളി കാണുമ്പോൾ ചിലപ്പോൾ ചവിട്ടിയെന്നിരിക്കും. പക്ഷേ, വെള്ളം കാണുമ്പോൾ അവർ കഴുകുകയും ചെയ്യും. എന്നുവച്ച് ഒരു പെണ്ണ് ചെളിയിൽ ചവിട്ടാമോ? വെള്ളം കാണുമ്പോൾ കഴുകിയാലും അവളുടെ ചെയ്തി ന്യായീകരിക്കപ്പെടുമോ?

''എടീ...'' റോയി ദേഷ്യം മൂത്ത് രോഷ്നിയുടെ കവിളത്ത് ആഞ്ഞടിച്ചു. സനലിന്റെ വീട്ടിൽ വച്ചാണ് അയാൾ ആദ്യമായി രോഷ്നിയെ അടിച്ചത്. ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു അത്. അതിന്റെ വേദനയും സങ്കടവും റോയിയുടെ ഉള്ളിലുണ്ടായിരുന്നു. എന്നിട്ടും വീണ്ടും അവളെ അടിക്കേണ്ടതായി വന്നിരിക്കുന്നു. നാവു ശരിയല്ലെങ്കിൽ എന്താണു ചെയ്യുക?

"തോന്ന്യാസം കാണിച്ചിട്ട് ന്യായീകരിക്കുന്നോടീ?"

"തോന്ന്യാസം ചെയ്യുന്നതു മുഴുവൻ ചേട്ടായിയാ." രോഷ്നി വീറോടെ വാദിച്ചു.

''ചേട്ടായി എന്തുകണ്ടിട്ടാ ഇങ്ങനെയൊക്കെ പറയുന്നെ? ആര് തെറ്റു ചെയ്തെന്നാ ചേട്ടായി പറയുന്നെ. ഒന്നുമില്ല ചേട്ടായി. ചേട്ടായി വിചാരിക്കുന്നതുപോലെയൊന്നുമല്ല കാര്യങ്ങൾ."

''പിന്നെ ഞാൻ കണ്ടതോടീ?" റോയി പുകഞ്ഞു.

"അതുതന്നെയാ ഞാൻ ചേട്ടായിയോടും ചോദിക്കുന്നെ. ചേട്ടായി എന്നതാ കണ്ടത്. ഞാൻ ചേട്ടായിയോട് ഒന്നു ചോദിച്ചോട്ടെ. ഞാൻ ചേട്ടായിയെ ഒന്ന് കെട്ടിപ്പിടിച്ചാൽ. ചേട്ടായി എന്നെ ഒന്നു കെട്ടിപ്പിടിച്ചാൽ അതിനെന്നതാ ചേട്ടായി അർത്ഥം?"

റോയിക്ക് ഉത്തരം മുട്ടി.

അത് എങ്ങനെയുള്ള ബന്ധമാണോ അതേ ബന്ധംതന്നെയേ സനുച്ചേട്ടൻ എന്നെ കെട്ടിപിടിച്ചതിലും ഉള്ളൂ. ആണും പെണ്ണും തമ്മിൽ ഒരേയൊരു ബന്ധമൊന്നുമല്ല ചേട്ടായീ ഈ ലോകത്തുള്ളത്. മഞ്ഞക്കണ്ണുള്ളവർക്ക് എല്ലാം മഞ്ഞയായിട്ടേ തോന്നൂ. ചേട്ടായീം രാജുച്ചേട്ടായീം എനിക്കെങ്ങനെയാണോ അതുപോലെയാ സനുച്ചേട്ടനും. ഒരുപക്ഷേ, നിങ്ങള് രണ്ടാളെക്കാളും ഇത്തിരി കൂടുതൽ സ്നേഹം എനിക്ക് സനുച്ചേട്ടനോടുണ്ടാവാം. അതൊരിക്കലും നിങ്ങളു വിചാരിക്കുന്നതുപോലെത്തെ ഇഷ്ടമല്ല ചേട്ടായീ. സനുച്ചേട്ടനും അങ്ങനെ തന്നെയാ."

രോഷ്നി പുറംതിരിഞ്ഞു ചെന്ന് മേശപ്പുറത്തുനിന്ന് ബൈബിളെടുത്തുകൊണ്ടുവന്നു. അതിന്റെ മുകളിൽ തന്റെ കൈപ്പടം ചേർത്തുവച്ചിട്ട് അവൾ തൊണ്ട ഇടറിക്കൊണ്ട് പറഞ്ഞു?

"സത്യം. എന്നെ ചേട്ടായി വിശ്വസിക്കണം. ഇതിനപ്പുറം എനിക്കൊന്നും പറയാനില്ല."

ബൈബിൾ രോഷ്നിയെ സംബന്ധിച്ച് എത്രത്തോളം വിലപ്പിടിപ്പുള്ളതാണെന്നും അവൾ അതിന് എത്രത്തോളം വിലയാണു കല്പിച്ചിരിക്കുന്നതെന്നും റോയിക്ക് അറിയാമായിരുന്നു. അതിനപ്പുറം അവൾക്കൊരു സത്യമില്ലെന്നും.

റോയി വല്ലാത്തൊരു നിസ്സഹായതയിലായി. തന്റെ ചെയ്തികൾ ധൃതിപിടിച്ചുള്ളതായിരുന്നുവെന്നും തെറ്റുധാരണയിൽനിന്ന് ഉടലെടുത്തവയായിരുന്നുവെന്നും അവനു തോന്നി. സനലിന്റെ വീട്ടിലേക്കു വേണ്ട കുറെ സാധനങ്ങളുടെ ലിസ്റ്റ് റോഷ്നി റോയിക്ക് വാട്ട്സാപ്പ് ചെയ്തിരുന്നു. പതിവിലും നേരത്തേ ഓട്ടം കഴിഞ്ഞപ്പോൾ ആ സാധനങ്ങളുമായി സനലിന്റെ വീട്ടിലേക്കു വന്നതായിരുന്നു റോയി. അപ്പോഴാണ് താൻ പ്രതീക്ഷിക്കാത്ത രംഗങ്ങൾക്ക് അയാൾ സാക്ഷിയായത്.

രോഷ്നി തന്റെ മുറിയുടെ വാതിലുകൾ റോയിക്കു മുമ്പിൽ വലിച്ചടച്ചു. അവൾ വാതിലിൽ ചാരിനിന്ന് ഇളംമുള കീറുംപോലെ കരഞ്ഞു. ആ കരച്ചിലുകൾ ചങ്കു പിടയുന്ന വേദനയോടെ റോയി കേട്ടുനിന്നു.

*(തുടരും)*

# മനംമയക്കും മത്സ്യസുന്ദരികൾ



യാത്ര

സാംസൺ പാലാ

**ഓ**സ്ട്രേലിയയിൽ ന്യൂ സൗത്ത് വെയിൽസിലെ സിഡ്നിയിൽ ഡാർലിങ് ഹാർബറിന്റെ നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്ന വിശാലമായ ഒരു അക്വേറിയമാണ് സീലൈഫ് സിഡ്നി അക്വേറിയം. സിഡ്നിയിലെ മെർലിൻ എന്റർടൈൻമെന്റിന്റെ ഉടമസ്ഥതയിലുള്ള ഈ അക്വേറിയം രണ്ടു വർഷംകൊണ്ട് പണിപൂർത്തിയാക്കി 1988 ൽ കാണികൾക്കായി തുറന്നു. നാനാതരത്തിലുള്ള ജലജീവികൾ ഈ അക്വേറിയത്തിൽ വസിക്കുന്നു. ഓസ്ട്രേലിയയിലെ മിക്ക തടാകങ്ങളിൽനിന്നു വിവിധങ്ങളായ പതിമൂവായിരത്തിലധികം മത്സ്യങ്ങളും എഴുനൂറിലധികം കടൽമത്സ്യങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നു കൊണ്ടുവന്ന അപൂർവയിനം മത്സ്യങ്ങളും മറ്റു ധാരാളം ജലജീവികളും ഈ അക്വേറിയത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്. സിഡ്നി സന്ദർശിക്കുന്നവർ ഈ അക്വേറിയം കാണാതെപോയാൽ അതൊരു നഷ്ടമായിരിക്കും. കാരണം, ഇത്രയും വിപുലമായ മത്സ്യശേഖരമുള്ള മറ്റൊരു അക്വേറിയം ലോകത്തിലില്ല.

കടലിന്റെ അതേ തനിമ തോന്നത്തക്ക രീതിയിൽ നിർമിച്ചിരിക്കുന്ന ഈ വലിയ ജലാശയത്തിൽ വലിയയിനം ഷാർക്കുകൾ, ഡോൾഫിനുകൾ, ചെറുതിമിംഗലങ്ങൾ, കടൽസിംഹം, കടലാമ, സ്റ്റാർഫിഷ്, ജെന്റ്, പെൻഗ്വിനുകൾ, ഇലക്ട്രിക് റേ, കടൽക്കുതിര, നീരാളി, ക്ലവോൺ, ജെല്ലിഫിഷ് തുടങ്ങിയ നിരവധി ജലജീവികളും അലങ്കാരമത്സ്യങ്ങളും കണ്ണിനു വിരുന്നേകുന്നു. പൊതുജനങ്ങൾക്കു കാണാനും പ്രത്യേകിച്ച് ശാസ്ത്രജ്ഞരുടെ ഗവേഷണങ്ങൾക്കുമായി തീർത്തിരിക്കുന്ന ഈ ഓഷ്യനേറിയത്തിൽ 650 പൗണ്ട് (300 കിലോ) ഭാരവും പത്തടി നീളവുമുള്ള നാരങ്ങാസ്രാവുകൾ, ഗ്രനഴ്സ് സ്രാവുകൾ എന്നിവയുടെ വലിയ ശേഖരംതന്നെയുണ്ട്. ഇവയുടെ വരവുകണ്ടാൽ കണ്ണാടിച്ചില്ലു തകർത്ത് പുറത്തുചാടുമെന്ന് നമുക്കു തോന്നും.

കടൽവെള്ളം ശുദ്ധിചെയ്തു നിർമിച്ച ഈ ജലസംഭരണിയിൽ നീന്തിത്തുടിക്കുന്ന സ്വർണമത്സ്യങ്ങളുടെ, കൊടുങ്കാറ്റു മിന്നിമറയുന്നതുപോലുള്ള വരവും പോക്കും ഒന്നു കാണേണ്ടതുതന്നെ. അണിഞ്ഞൊരുങ്ങി അരങ്ങിലെത്തുന്ന നടിയെപ്പോലെ, ചിറകു വീശി, കടന്നുവരുന്ന ഈ മത്സ്യസുന്ദരികളെ എത്ര കണ്ടാലും മതിവരുകയില്ല. തലങ്ങും വിലങ്ങും സഞ്ചരിക്കുന്ന വലിയയിനം സ്രാവുകൾ, ചെറുതും വലുതുമായ നിരവധി നിറങ്ങളിലുള്ള അലങ്കാരമത്സ്യങ്ങൾ, ചുറ്റിലും ചുവന്ന വരയോടുകൂടി നക്ഷത്രയാകൃതിയിൽ പച്ചനിറമാർന്ന സ്റ്റാർഫിഷുകൾ, വാലറ്റവും വയറിന്റെ അടിഭാഗവും കറുപ്പും ബാക്കി മഞ്ഞയും ഓറഞ്ചുമായി വലിയ കരിമീനിന്റെ വലിപ്പത്തിലുള്ള ആയിരക്കണക്കിനു പാരഡൈസ് മത്സ്യങ്ങൾ എന്നിങ്ങനെ പറഞ്ഞാൽ തീരാത്ത ദൃശ്യവിസ്മയങ്ങൾ.

ഇളംനീല, ഓറഞ്ച്, കറുപ്പ് എന്നീ നിറങ്ങളിൽ കൃത്യമായ അകലം പാലിച്ച് കൂട്ടത്തോടെ വരുന്ന വലിയ മാക്രോപോണ്ട് ഇനങ്ങളുടെ സൗന്ദര്യം വർണനാതീതമാണ്. വലിയ മത്സ്യങ്ങൾ തമ്മിൽ ചിലപ്പോൾ ഏറ്റുമുട്ടലുകളുണ്ടാകും. കടലിന്റെ അടിത്തട്ടുപോലെ ഗർത്തങ്ങളും ചെടികളും പവിഴപ്പുറ്റുകളും എല്ലാം യാഥാർത്ഥ്യപ്രതീതിയോടെ രൂപകല്പന ചെയ്തു മത്സ്യങ്ങൾക്കു യഥേഷ്ടം വിഹരിക്കുവാൻ തക്ക രീതിയിൽ വളരെ വിശാലമായിട്ടാണ് ഇതിന്റെ നിർമാണപ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നത്.



ജീവനുള്ള വിവിധതരം കടൽപ്പുറ്റുകളുടെ ഇത്ര വലിയ ശേഖരം ലോകത്തിൽ മറ്റൊരിടത്തുമില്ല. പെൻഗ്വിൻ കുഞ്ഞുങ്ങളും കടൽസിംഹവും കരയിലും ജലത്തിലും കഴിയുന്ന നീർനായ്ക്കളും നീരാളിയുമെല്ലാം ഇതിൽ നീന്തി രസിക്കുകയാണ്.

പ്രത്യേക പരിശീലനം ലഭിച്ച ഗാർഡുകൾ മുതുകിൽ ഓക്സിജൻ സിലിണ്ടറുമായി 30 അടിയിലധികം ആഴമുള്ള അക്വേറിയത്തിനുള്ളിൽ ജലജീവികൾക്കു ഭക്ഷണം കൊടുക്കുന്ന കാഴ്ച കാണേണ്ടതുതന്നെ. ഈ സമയം ഇവർക്കു ചുറ്റും തീറ്റയ്ക്കായി ആയിരക്കണക്കിനു ജലജീവികൾ ഒത്തുകൂടുന്നു. തങ്ങളെ തടവിലാക്കിയിരിക്കുന്നു എന്ന തോന്നലില്ലാതെ വിശാലമായ അക്വേറിയത്തിൽ യഥേഷ്ടം വിഹരിക്കുന്ന നിറപ്പകിട്ടാർന്ന ഈ മത്സ്യക്കൂട്ടത്തെ കാണാൻ സിഡ്നിയിലേക്കു പതിനായിരക്കണക്കിനു വിദേശസഞ്ചാരികളാണു ദിവസേന എത്തുന്നത്.

■

കവിത

## സംഹാരദൂതൻ

മഴയിന്നു വെറുതെ പെയ്തൊഴിയുന്ന മഴയല്ല-
തഴലിന്റെ വരവോതും ദൂതനത്രേ.

അലറുന്ന ചുഴലിയും നിലയില്ലാപ്രളയവും
കലിതുള്ളുമുരുളും തന്നുടവാളത്രേ

പലനാളായ് മനസ്സാക്ഷിയരുതെന്നു തടയിട്ട
പലതും നാം മറുപാടു ചെയ്കയല്ലേ!

മലകേറി മരമൊന്നായ് പിഴുതെറിഞ്ഞവിടെല്ലാ-
മധിവാസകേന്ദ്രങ്ങൾ പണിതുയർത്തി

അതിലോലം മലയോരമുഴുതുമറിച്ചെങ്ങും
ചിതമല്ലാവിധമെല്ലാം കൃഷിയിറക്കി

ഒഴുകുന്ന നീർച്ചാലിലുയരത്തിലണകെട്ടി
ജലബോംബിൻ നിര വിന്യസിച്ചു നീളെ

വനഭൂവിന്നുദരം തകർത്തു കരിമ്പാറ
ഖനനം ചെയ്തതു വിറ്റും കാശുവാരി

അതിരുവിട്ടവനിതന്നുയിരും ഹനിക്കുമാ-
റതിനീചക്രിയകൾ നടത്തി നമ്മൾ

ദുരമൂത്താൽ ദുരിതം താൻ ഫലമെന്ന പരമാർത്ഥ-
മുരചെയ്ത ബുധരെ ഹസിച്ചുതള്ളി

പ്രതികാരദൂതൻ കടന്നുവരേണ്ടതാം
പഥമെല്ലാം സുഗമം തെളിച്ചിതേവം

പിറകേ വിനാശം വിതച്ചു സംഹാരക-
നലിവറ്റോരുടവാൾ ചുഴറ്റിയെത്തി

അതിതീവ്രമഴ, മെത്തിയൊഴുകുന്ന പുഴ, തീരം
കവരുന്ന പെരുവെള്ളം, നാടുമുങ്ങി.

നെടുനാൾ കൊണ്ടാർജിച്ച തനതു സൗഭാഗ്യങ്ങൾ
ഞൊടിയിടകൊണ്ടെല്ലാം കടലിലെത്തി.

ഉടനീളമുരുൾപൊട്ടിപ്പുരകളൊലിച്ചുപോയ്
പുരയിടം കണ്ണുനീരോർമയായി

പിടയാൻ തെല്ലിട കിട്ടാതൊരുപാടു ജന്മങ്ങൾ
പുതയുന്ന ചെളിയിൽ മറഞ്ഞുമാഞ്ഞു

പെരുകിടും പ്രളയത്താൽ പുനരോരോവർഷവും
മലയാളക്കരയേവം വലയുമ്പോഴും

പുതുതായ് നാം പാഠങ്ങളൊന്നും പഠിക്കാതെ
പതവും പറഞ്ഞിരിപ്പാണു കഷ്ടം!

ഹൃദയകാഠിന്യത്തിൽ ഫറവോയും തോല്ക്കുന്ന
മദവുമായ് മരുവുന്നു ജനനായകർ.

അതിജീവനത്തിനായതിദിനം കേഴുന്ന
ജനതതൻ നിലവിളിയാരുകേൾക്കാൻ!

പുളയുന്നോരുടേവാളാൽ മുറിവേല്ക്കാതവരൊന്നു
പുലരുന്ന ശുഭകാലമെന്നു കാണാൻ!

വായന

## കർത്താവിന്റെ കൊറോണ

ഗ്രന്ഥകർത്താ : ഫാ. ജോസഫ് നെച്ചിക്കാട്ട്
പ്രസാധനം : മധ്യസ്ഥൻ ബുക്സ്, ചങ്ങനാശേരി
വിതരണവം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120 രൂപ

നമ്മുടെ കാലഘട്ടത്തിന്റെ ആത്മീയവിശപ്പുകളെ ശമിപ്പിക്കാനുള്ള ജ്ഞാനഭക്ഷണമാണ് ഇതിലെ ഓരോ വാചകവും വിളമ്പിത്തരുന്നത്. ജീവിതസമസ്യകളിൽ ഉഴലുന്നവർക്ക് അഭയമേകുന്നൊരു പച്ചത്തുരുത്തും. ഇതിലെ ഓരോ വാക്കും അസാധാരണമായ ഉൾവെളിച്ചങ്ങൾ നല്കി പ്രകാശപൂർണമായ പുനഃസൃഷ്ടിക്ക് വായനക്കാരനെ പ്രേരിപ്പിക്കുന്നു.




## ദുഷ്ടനെ ദൈവം പനപോലെ വളർത്തുമോ?

ഗ്രന്ഥകർത്താ : ജോസ് തെറ്റയിൽ
പ്രസാധനവും
വിതരണവും : ജീവൻ ബുക്സ്, ഭരണങ്ങാനം
വില : 140 രൂപ

വിവിധ മതങ്ങളിലെ ആശയങ്ങൾ കോർത്തിണക്കി നന്മയും തിന്മയും ചെയ്യുന്നവരെ മനസ്സിലാക്കാനുള്ള ഒരു പരിശ്രമമാണ് ഈ ഗ്രന്ഥം. ഈ ശ്രമത്തിൽ ബൈബിളിലെ സങ്കീർത്തനങ്ങളെ ഗ്രന്ഥകാരൻ കൂടുതൽ ആധാരമാക്കിയിരിക്കുന്നു. ഈ ഗ്രന്ഥത്തിലെ ആശയങ്ങൾ നന്മ ചെയ്യാൻ ഒരുവനെ പ്രേരിപ്പിക്കുമെന്നതിൽ സംശയമില്ല.





## Thank you
## GUILLIAN BARRE SYDROME

**Author : Rasith Asokan**
**Publisher : Winco Books**
**Distribution : St. Thomas Book Stall, Pala**
**Price : 199 Rs**

When Guillian Barre Syndrome attacks your body, your body becomes fully dysfunctional and you land in the ICU. Many times, you encounter death face to face. But if your mind is a fighter, the mind wins the battle. And you can live a normal life like everyone around you.






**നവംബർ 7**
**പള്ളിക്കൂദാശ**
**രണ്ടാം ഞായർ**

**പുറ 40:1-16**
**1 രാജാ 8:22-29**
**ഹെബ്രാ 8:1-6**
**മത്താ 12:1-13**

# കരുണയിൽ വിരിയും സ്നേഹബലി



**ഫാ. ഡോ. ജോസഫ് കരികുളം**

സഭയുടെ ശിരസ്സായ ഈശോ പുതിയ നിയമത്തിലെ പ്രധാന പുരോഹിതനാണ് (ഹെബ്രാ. 8:1). കരുണയുടെയും (മത്തായി 12:7) നന്മയുടെയുമായ (മത്താ 12:12) പുതിയ നിയമബലി ഈശോ അർപ്പിക്കുന്നത് സഭയിലാണ്. ശിരസ്സായ ഈശോയും ശരീരമാകുന്ന സഭയും ബലിയർപ്പണത്താൽ പരസ്പരബന്ധിതമാകുന്നു. ഈ യാഥാർത്ഥ്യത്തെ എടുത്തുകാണിക്കുന്നവയാണ് പള്ളിക്കൂദാശക്കാലം രണ്ടാം ഞായറാഴ്ചത്തെ വായനകൾ.

തന്റെ സാന്നിധ്യത്താൽ നിറയാൻ പോകുന്ന സമാഗമകൂടാരം എങ്ങനെ നിർമിക്കണമെന്നു ദൈവം മോശയ്ക്കു കൊടുക്കുന്ന നിർദേശങ്ങളാണ് പുറപ്പാടുപുസ്തകത്തിൽനിന്നുള്ള ഒന്നാം വായന നല്കുന്നത് (പുറ. 40:1-16). ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതിവിശുദ്ധവും ദൈവസാന്നിധ്യം നിറഞ്ഞതുമായ സമാഗമകൂടാരത്തിന്റെ ഉള്ളിലായിരുന്നില്ല ബലിപീഠം; അതിന്റെ വാതിൽക്കലായിരുന്നു (40:6). ബലിപീഠത്തിൽ അർപ്പിക്കപ്പെട്ടിരുന്നത് മാനുഷികമായ ബലികളായിരുന്നു എന്നതാണ് കൂടാത്തിന്റെയുള്ളിൽ അതിവിശുദ്ധസ്ഥലത്ത് ബലിപീഠം ഒരുക്കാതിരുന്നതിനു കാരണം. മാനുഷികമായ ബലികളുടെ ഏറ്റവും വലിയ കുറവ് അതിനെ ദൈവവുമായി ബന്ധപ്പെടുത്തുന്ന ആധ്യാത്മികതലം ഇല്ലായിരുന്നു എന്നതാണ്. ഈ ആധ്യാത്മികതലമാണ് ഈശോയുടെ ബലിയോടെ പൂർത്തിയാക്കപ്പെടുന്നത് (ഹെബ്രാ. 10:1). പാപപരിഹാരത്തിനായി രക്തബലികൾ അർപ്പിക്കപ്പെടുമ്പോൾ അവയും പാപങ്ങൾ നീക്കിക്കളയാൻ പര്യാപ്തമല്ലായിരുന്നു (ഹെബ്രാ. 10:4). എന്നാൽ, "ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (ഹെബ്രാ. 10:10).

പഴയനിയമ സമാഗമകൂടാരത്തിന്റെ വാതിൽക്കലായിരുന്ന ബലിപീഠത്തെ പുതിയനിയമ ദൈവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചത് 'എന്നേക്കുമുള്ള ഏകബലി' (ഹെബ്രാ. 10:10)യായി ഈശോ തന്നെത്തന്നെ ബലിപീഠത്തിൽ അർപ്പിച്ചതുവഴിയാണ് (ഹെബ്രാ. 9:11-14). പുതിയ നിയമത്തിന്റെ ഇക്കാലത്ത് അനുദിനം നാം അർപ്പിക്കുന്ന പരിശുദ്ധകുർബാന അതിവിശുദ്ധസ്ഥലത്ത് ഈശോ അർപ്പിക്കുന്ന ബലിയാണ്. സഭയിൽ വി. കുർബാന അർപ്പിക്കുമ്പോൾ ഈശോ തന്നെ ബലിയർപ്പകനും ബലിവസ്തുവുമായി നമ്മുടെ രക്ഷ സാധിക്കുന്നു. പുതിയ നിയമത്തിലെ ഈശോ പഴയനിയമപൗരോഹിത്യത്തിന്റെ ശ്രേഷ്ഠമായ പൂർത്തീകരണമാണെന്ന് ഹെബ്രായർക്കുള്ള ലേഖനം നമ്മെ ഓർമിപ്പിക്കുന്നുണ്ട് (ഹെബ്രാ. 8:1-6). നമ്മുടെ പ്രധാന പുരോഹിതൻ ഈശോയാണെന്നും മനുഷ്യനിർമിതമല്ലാത്തതും കർത്താവിനാൽ സ്ഥാപിതവുമായ സത്യകൂടാരത്തിന്റെ ശുശ്രൂഷകനാണ് ഈശോയെന്നും വചനം പഠിപ്പിക്കുന്നു (8:2).



പ്രപഞ്ചം മുഴുവനും ദൈവസാന്നിധ്യം നിറഞ്ഞുനില്ക്കുന്നു എന്നു പറയുമ്പോൾത്തന്നെ ദൈവാലയത്തിലുള്ള സവിശേഷമായ ദൈവികമഹത്ത്വസാന്നിധ്യത്തെ എടുത്തുകാണിക്കുന്നവയാണ് ദൈവാലയവുമായി ബന്ധപ്പെട്ട പഴയനിയമ വചനഭാഗങ്ങൾ എല്ലാംതന്നെ. തന്റെ സാന്നിധ്യം ദൈവജനത്തിനു പ്രത്യേകമായി ഓർമിക്കാനും അനുഭവിക്കാനുംവേണ്ടിയാണ് സമാഗമകൂടാരവും ദൈവാലയവും പണിയാൻ ദൈവം ജനത്തിനു നിർദേശം നല്കുന്നത്. തങ്ങൾക്കു നല്കുന്ന ആ നിർദേശത്തെ ജനവും കാലാകാലങ്ങളിലെ അവരുടെ നേതാക്കന്മാരും നടപ്പാക്കുന്നുണ്ട് എന്നു നാം കാണുന്നു. ദൈവത്തിനു വസിക്കാനുള്ള ഭവനം എത്രയും മനോഹരമാകണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. ദൈവാലയം പൂർത്തീകരിച്ചതിനുശേഷവും ഭയഭക്തികളോടെയും തികഞ്ഞ ഒരുക്കത്തോടെയും മാത്രമേ അവർ അതിൽ പ്രവേശിച്ചിരുന്നുള്ളൂ. ദൈവാലയത്തിനുപുറത്ത് അനുദിനജീവിതത്തിൽ ജനത്തിനു സംഭവിച്ചേക്കാവുന്ന പാപങ്ങൾക്കും തെറ്റുകൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുള്ള വേദിയുമായിരുന്നു ദൈവാലയം. അവിടെ അർപ്പിച്ചിരുന്ന വിവിധ ബലികൾ തന്നെ ഉദാഹരണം. നിർമാണത്തിനുശേഷം ജറൂസലേം ദൈവാലയത്തിന്റെ ഔദ്യോഗിക ഉദ്ഘാടനമെന്ന നിലയിൽ വാഗ്ദാനപേടകം സോളമൻ രാജാവ് ദൈവാലയത്തിലെത്തിക്കുമ്പോൾ നടത്തുന്ന പ്രാർത്ഥനയാണ് പഴയനിയമത്തിൽനിന്നുള്ള ഇന്നത്തെ രണ്ടാമത്തെ വായന (1 രാജാ. 8:22-29). രാജാവ് ദൈവാലയത്തെ ഭവനമായാണ് (8:29) കാണുന്നത്. ഇസ്രായേൽജനം ദൈവത്തെ അനുഭവിക്കുന്ന, ആരാധിക്കുന്ന സുരക്ഷിതമായ ഭവനമായി ജറൂസലേം ദൈവാലയം മാറുന്നു. ദൈവത്തിന്റെ മഹത്ത്വത്തിന്റെ നിതാന്തമായ സാന്നിധ്യമായി ഇസ്രായേൽജനത്തിന്റെ മധ്യത്തിൽ ദൈവാലയം ശോഭിച്ചുനില്ക്കുന്നു.

ഈ ജറുസലേം ദൈവാലയത്തെ പിതാവിന്റെ ഭവനമായാണ് ഈശോതന്നെയും കാണുന്നത് (ലൂക്കാ 2:49; മത്താ. 21:13). ദൈവത്തിന്റെ മഹത്ത്വം നിരന്തരം നിറഞ്ഞുനില്ക്കുന്ന ജറൂസലേംദൈവാലയം ഭൗതികമാണെന്നും അതു തകർക്കപ്പെടുമെന്നും എന്നാൽ, തകർക്കാനാവാത്തതും മനുഷ്യനിർമിതമല്ലാത്തതും സത്യദൈവാലയവുമായ തന്നെക്കുറിച്ച്, ഈശോയെക്കുറിച്ച്, പറഞ്ഞുകൊണ്ടാണ് പഴയ നിയമത്തിൽനിന്നു പുതിയ നിയമത്തിലേക്കുള്ള കാതലായ മാറ്റം ഈശോ പ്രഖ്യാപിക്കുന്നത് (മത്താ. 24:2; മർക്കോ. 13:2; യോഹ. 2:19). ഈശോതന്നെ ദൈവാലയവും പ്രധാനപുരോഹിതനും ബലിവസ്തുവുമായിത്തീരുന്ന ദൈവികരഹസ്യം നമ്മെ അദ്ഭുതപ്പെടുത്തണം.

ഇന്നത്തെ സുവിശേഷമാകട്ടെ ദൈവാലയത്തിന്റെ വിശുദ്ധിയുടെ ഉറവിടവും കാരണഭൂതനുമായ സത്യദൈവമായ ഈശോയെയാണു ചൂണ്ടിക്കാണിക്കുന്നത് (മത്താ. 12:1-13). "എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ദൈവാലയത്തെക്കാൾ ശ്രേഷ്ഠമായ ഒന്ന് ഇവിടെയുണ്ട്. അവൻ കരുണയുടെ ബലിയാകുന്നു. ബലിയല്ല കരുണയെ സൃഷ്ടിക്കുന്നത്. മറിച്ച്, കരുണയിൽനിന്നാണു യഥാർത്ഥ ബലിയർപ്പണം ഉണ്ടാകുന്നത്. മനുഷ്യവർഗത്തോടുള്ള ദൈവത്തിന്റെ അനന്തമായ കരുണ ഈശോയെന്ന യഥാർത്ഥ ബലിയർപ്പകനെയും ബലിവസ്തുവിനെയും നമുക്കു നല്കി."

ബലിയർപ്പണങ്ങളിലെ കരുതലില്ലായ്മമൂലമാണ് മനുഷ്യമനസ്സുകൾ ഇടുങ്ങിയതും തുറവില്ലാത്തതുമായി ചുരുങ്ങുന്നത്. കരുണയും നന്മയും ഇല്ലാതെ ശോഷിച്ചുപോയ ഫരിസേയരുടെ ബലിയർപ്പണങ്ങളെ സ്നേഹത്തിന്റേതും നന്മയുടേതുമായി പുനരുജ്ജീവിപ്പിക്കാൻ ഈശോ ക്ഷണിക്കുന്നു. കൈ ശോഷിച്ചുപോയ വ്യക്തിയെ സുഖപ്പെടുത്തുമ്പോൾ ശോഷിച്ചുപോയ ഫരിസേയരുടെ മനസ്സിനെക്കൂടിയാണ് ഈശോ സൗഖ്യത്തിലേക്കു ക്ഷണിക്കുന്നത്. കരുണയിൽനിന്നുണ്ടാകുന്ന സ്നേഹബലിയാണ് യഥാർത്ഥബലിയെന്ന് അവർക്കു മനസ്സിലാകുന്നില്ല. ആ ശ്രേഷ്ഠബലിയുടെ ആധികാരിക അർപ്പകനും അർപ്പണവസ്തുവും അവരുടെ മധ്യേ നില്ക്കുന്നത് അവർ തിരിച്ചറിയുന്നുമില്ല.

ദൈവാലയത്തിൽ ബലിയർപ്പിക്കാൻ ഒരുമിച്ചുകൂടുമ്പോൾ നാം ഓർക്കേണ്ട ചില വസ്തുതകളെ മേൽപ്പറഞ്ഞ വചനഭാഗങ്ങൾ ഓർമിപ്പിക്കുന്നുണ്ട്; 1, ദൈവാലയം ഒരു ഭവനമാണ്; ദൈവത്തെ നമുക്കനുഭവിക്കാൻ കഴിയുന്ന സുരക്ഷിതമായ ഭവനം. 2, ദൈവാലയം ഒരു കെട്ടിടം എന്ന നിർമിതവസ്തുവല്ല. മനുഷ്യനിർമിതമല്ലാത്തതും സത്യകൂടാരവുമായ ഈശോയും ശരീരമാകുന്ന നമ്മളും ഉൾക്കൊണ്ടിരിക്കുന്ന, ഭവനം കൂടിയാണത്. ഇപ്പോൾ നമ്മുടെ ഇടവകദൈവാലയത്തിന്റെ പ്രാധാന്യം നമുക്കു മനസ്സിലാകും; അതൊരു കെട്ടിടം മാത്രമല്ല, പരിശുദ്ധ ത്രിത്വം നിറഞ്ഞുനില്ക്കുന്ന മഹനീയഭവനമാണ്. ഇടവകദൈവാലയത്തിൽ പോയി ബലിയർപ്പിക്കണം എന്നതിന്റെ അർത്ഥവും അപ്പോൾ നമുക്ക് മനസ്സിലാകും. കാരണം, ദൈവാലയത്തിലേക്കു പ്രവേശിക്കുന്നവർ ഈശോയുടെ ശരീരമാകുന്ന സഭയിലേക്കാണു പ്രവേശിക്കുന്നത്. നാമോരോരുത്തരും സഭയിലെ (ഈശോയുടെ ശരീരത്തിലെ) അവയവങ്ങളായിത്തീർന്നുകൊണ്ട് ശരീരത്തെ പൂർണമായി മഹത്ത്വപ്പെടുത്തുന്ന ഈശോയോടു ചേർന്നിരിക്കുന്നു. ■

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന



പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ലെസ്‌ലി**



ടോണി ചിറ്റിലപ്പള്ളി

# കാലാവസ്ഥാപ്രവചനം എന്തുകൊണ്ടു പിഴയ്ക്കുന്നു?




കാലാവസ്ഥാപ്രവചനം അല്ലെങ്കിൽ കാലാവസ്ഥാശാസ്ത്രം ഒരു വലിയ വിവരശേഖരണശൃംഖലയെ ആശ്രയിച്ചാണു നിലകൊള്ളുന്നത്. ഈ നെറ്റ്വർക്കിൽ കര അടിസ്ഥാനമാക്കിയുള്ള കാലാവസ്ഥാ സ്റ്റേഷനുകൾ, കാലാവസ്ഥാ ബലൂണുകൾ, കാലാവസ്ഥാ ഉപഗ്രഹങ്ങൾ എന്നിവ ഉൾപ്പെടുന്നു. സമുദ്രത്തിൽ പ്രവർത്തിക്കുന്ന ഓഫ്ഷോർ ബോയികളിൽനിന്നും കപ്പലുകളിൽനിന്നുമുള്ള ഡാറ്റയും കാലാവസ്ഥാപ്രവാചകർ ഉപയോഗിക്കുന്നു. ഈ സ്രോതസ്സുകളെല്ലാം ചേർന്ന് ഡാറ്റയുടെ ഒരു നിരീക്ഷണശൃംഖല സൃഷ്ടിക്കുന്നു. കമ്പ്യൂട്ടർ മോഡലുകൾ സൃഷ്ടിക്കുന്നതിനായി ഈ ഡാറ്റ കമ്പ്യൂട്ടറുകളിൽ നൽകിയിരിക്കുന്നു. കാലാവസ്ഥ പ്രവചിക്കാൻ കാലാവസ്ഥാശാസ്ത്രജ്ഞർ ഈ കമ്പ്യൂട്ടർ മോഡലുകൾ ഉപയോഗിക്കുന്നു.

''കാലാവസ്ഥാപ്രവചനം അല്പമെങ്കിലും വിജയിക്കണമെങ്കിൽ കുറഞ്ഞപക്ഷം മുപ്പതു മിനിറ്റ് ഇടവേളകളിൽ ഉള്ള അളവുകൾ ഉണ്ടായിരിക്കണം,'' ഫ്രഞ്ച് അന്തരീക്ഷശാസ്ത്രജ്ഞനായ റെനേ ഷാബൂ അഭിപ്രായപ്പെടുന്നു. അതുകൊണ്ട് കാലാവസ്ഥാപ്രവചനം ഒരു പരിധിവരെ ഒരു കലകൂടിയാണ്. ഇവിടെയാണ് കാലാവസ്ഥാപ്രവാചകന്റെ പങ്ക്. തനിക്കു ലഭിക്കുന്ന വിവരങ്ങൾക്ക് എത്രമാത്രം മൂല്യം കല്പിക്കണം എന്നു നിർണയിക്കുന്നതിന് അദ്ദേഹം തന്റെ അനുഭവജ്ഞാനവും വിവേചനബുദ്ധിയും ഉപയോഗിക്കുന്നു. കൂടുതൽ കൃത്യമായ കാലാവസ്ഥാപ്രവചനം നടത്താൻ ഇതു സഹായിക്കുന്നു.

**അമേരിക്കയിലെ നാസ മോഡൽ**

അന്തരീക്ഷവും കരയും സമുദ്രവും ഇടപഴകുന്ന രീതി മനസ്സിലാക്കാൻ നാസ ഭൂമി നിരീക്ഷിക്കുന്ന ഉപഗ്രഹങ്ങളെയും മാതൃകകളെയും ആശ്രയിക്കുന്നു. നിരവധി തരത്തിലുള്ള കാലാവസ്ഥാമാതൃകകൾ ഉള്ളതിനാൽ അവ തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. കാലാവസ്ഥാപഠനത്തിനായി സമർപ്പിച്ചിരിക്കുന്ന വിവിധ ഏജൻസികളും സ്ഥാപനങ്ങളും ധാരാളം മോഡലുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനങ്ങളുടെ പരിണാമം പ്രവചിക്കാൻ രീതിശാസ്ത്രപരമായ വൈവിധ്യങ്ങൾ നടപ്പാക്കുന്നത് ഇതേ രീതികളാണ്. ഈ മോഡലുകളിൽ ഏറ്റവും മികച്ചത് എന്നറിയപ്പെടുന്ന ആഗോള പ്രവചനസംവിധാനം, അമേരിക്കൻ ഐക്യനാടുകളിലെ നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷൻ (NOAA) ആണ്.

**അക്യുവെതർ ആപ്പ്**

ലോകത്തിലെ കാലാവസ്ഥാപ്രവചനങ്ങളുടെയും മുന്നറിയിപ്പുകളുടെയും ഏറ്റവും കൃത്യമായ ഉറവിടമാണ് അക്യുവെതർ നൽകുന്നത്. അന്താരാഷ്ട്ര സ്വകാര്യ കാലാവസ്ഥാ ഏജൻസിയായ അക്യുവെതർ ലോകമെമ്പാടുമുള്ള വാണിജ്യകാലാവസ്ഥാപ്രവചനസേവനങ്ങൾ നൽകുന്ന ഒരു അമേരിക്കൻ മീഡിയ കമ്പനിയാണ്. 1962 ൽ അന്നത്തെ പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ കാലാവസ്ഥാശാസ്ത്രത്തിൽ ബിരുദാനന്തരബിരുദത്തിനു പഠിച്ച എൻ. ജോയൽ എന്ന വ്യക്തിയാണ് ഇതിന്റെ സ്ഥാപകൻ. പെൻസിൽവാനിയയിലെ ഒരു ഗ്യാസ് കമ്പനിയാണ് അദ്ദേഹത്തിന്റെ ആദ്യ ഉപഭോക്താവ്.

ഓരോ മണിക്കൂറിലെയും ദിവസത്തെയും കാലാവസ്ഥാമുന്നറിയിപ്പുകൾ വിശദമായിത്തന്നെ നൽകുന്ന ഏറ്റവും മികച്ച ആപ്പുകളിലൊന്നാണ് അക്യുവെതർ. 15 ദിവസംവരെയുള്ള കാലാവസ്ഥാമുന്നറിയിപ്പുകൾ ആപ്പിൽ സൗജന്യമായി ലഭിക്കും. ആപ്പിലെ മിനിറ്റ്കാസ്റ്റ് സംവിധാനം ഓരോ മിനിറ്റിലെയും കാലാവസ്ഥ മുൻകൂട്ടി കാണിക്കും. ഇതിനു പുറമേ ഉദയം, അസ്തമയം, കാറ്റിന്റെ വേഗം തുടങ്ങിയവയെല്ലാം ലഭിക്കും. ഗൗരവമുള്ള കാലാവസ്ഥാമാറ്റങ്ങളെപ്പറ്റിയുള്ള മുന്നറിയിപ്പ് നോട്ടിഫിക്കേഷനായും ലഭിക്കും. ആൻഡ്രോയ്ഡിലും ഐഫോണിലും ലഭ്യമാണ്.

**സാറ്റലൈറ്റ് ഡാറ്റകൾ**

കാലാവസ്ഥാസ്റ്റേഷനുകൾ മിക്കപ്പോഴും നഗരങ്ങളിലും പരിസരങ്ങളിലും സ്ഥിതിചെയ്യുന്നു. തൽഫലമായി, ഗ്രാമപ്രദേശങ്ങൾ, സമുദ്രപ്രദേശങ്ങൾ, എന്നിവിടങ്ങളിൽ മിക്കപ്പോഴും ഡാറ്റ ലഭ്യമല്ല. കൂടാതെ, പ്രധാന വിമാനത്താവളങ്ങളിൽനിന്നും നഗരങ്ങളിൽനിന്നും വളരെ അകലെയുള്ള കാലാവസ്ഥാസ്റ്റേഷനുകൾക്ക് കൂടുതൽ ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ ഉള്ളതുപോലെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഒരു വലിയ പ്രദേശത്തിന് കൃത്യമായ ഡാറ്റ നൽകാൻ അവർക്കു കഴിഞ്ഞേക്കില്ല. ഈ വിടവുകളിൽ ചിലതു നികത്താൻ കാലാവസ്ഥാശാസ്ത്രജ്ഞർ പലപ്പോഴും സാറ്റലൈറ്റ് ഡാറ്റ ഉപയോഗിക്കുന്നു.

സാറ്റലൈറ്റ് ഡാറ്റയുടെ കൃത്യത കുറയ്ക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. ക്ലൗഡ് കവറും അന്തരീക്ഷത്തിലെ ജലബാഷ്പത്തിന്റെ അളവിലുള്ള മാറ്റങ്ങളും ഉദാഹരണങ്ങളാണ്. കാലാവസ്ഥ പ്രവചിക്കുന്നത് മൂന്നു ഘടകങ്ങളാൽ പരിമിതപ്പെടുത്തിയിരിക്കുന്നു: ലഭ്യമായ ഡാറ്റയുടെ അളവ്, അത് വിശകലനം ചെയ്യാൻ ലഭ്യമായ സമയം, കാലാവസ്ഥാ സംഭവങ്ങളുടെ സങ്കീർണ്ണത തുടങ്ങിയവയാണത്.

**എന്തുകൊണ്ട് കാലാവസ്ഥാ പ്രവചനങ്ങൾ പിഴയ്ക്കുന്നു?**

മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ എഡ്വേർഡ് ലോറൻസ് എന്ന ഗണിതശാസ്ത്രജ്ഞൻ മോഡൽ പ്രവചനം മുന്നോട്ടു പോകുന്നതനുസരിച്ച് യാഥാർഥ്യവും പ്രവചനവും തമ്മിലുള്ള അന്തരം പെരുകിവരുന്നതായി നിരീക്ഷിച്ചു. ഈ കണ്ടുപിടിത്തം ഒരു നാഴികക്കല്ലാവുകയും ലോറൻസ് കയോസ് ഒരു സിദ്ധാന്തം അവതരിപ്പിക്കുകയും ചെയ്തു. യാഥാർത്ഥ്യവും പ്രവചനവും തമ്മിലെ അന്തരം വളരെയധികം കൂടിവരുകയും പ്രവചനംതന്നെ ഉപയോഗശൂന്യമാവുകയും ചെയ്യും എന്നാണ് ലോറൻസിന്റെ കണ്ടുപിടിത്തം. വിശേഷിച്ചും ചെറിയ പ്രദേശത്തു മാത്രം സംഭവിച്ചേക്കാവുന്ന മേഘവിസ്ഫോടനം പോലെയുള്ള അതിതീവ്രപ്രതിഭാസങ്ങൾ രണ്ടാഴ്ചമുമ്പേ പ്രവചിക്കുക ഏറെക്കുറെ അസാധ്യമാണ്.

ലോറൻസ് ഇതുമായി ബന്ധപ്പെട്ടു മുന്നോട്ടുവച്ച ഒരാശയമാണ് ബട്ടർഫ്ളൈ ഇഫക്ട്. ഒരു ചിത്രശലഭത്തിന്റെ ചിറകടിപോലെ ചെറുചലനങ്ങൾപോലും ഏതാനും ദിവസങ്ങൾക്കുശേഷം അന്തരീക്ഷാവസ്ഥയെ മാറ്റിമറിച്ചേക്കാം എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. 'ബ്രസീലിൽ ഒരു ശലഭത്തിന്റെ ചിറകടിമൂലം അമേരിക്കയിലെ ടെക്സാസിൽ ഒരു കൊടുങ്കാറ്റ് രൂപമെടുത്തേക്കാം' എന്നാണ് ലോറൻസ് അല്പം ആലങ്കാരികമായി പറഞ്ഞത്. അത്രമേൽ ലോലമാണ് നമ്മുടെ അന്തരീക്ഷം. ഇതുകൊണ്ടുള്ള പ്രധാന കുഴപ്പമെന്തെന്നാൽ, ലഭിക്കുന്ന ഡാറ്റയിലെ ചെറിയ വ്യത്യാസങ്ങൾപോലും മോഡൽ ഫോർകാസ്റ്റിനെ സാരമായി ബാധിക്കുകയും വ്യത്യസ്തമായ പ്രവചനത്തിലേക്കു നയിക്കുകയും ചെയ്യുന്നു. അതായത്, നമ്മുടെ നിരീക്ഷണസംവിധാനങ്ങളോ പ്രവചനത്തിനായി ഉപയോഗിക്കുന്ന മോഡലോ നൂറുശതമാനം കുറ്റമറ്റതല്ല. അതിനാൽത്തന്നെ പ്രവചനത്തിൽ നൂറുശതമാനം കൃത്യത ഏറെക്കുറെ അപ്രാപ്യമാണ്.

പ്രവചനത്തിലെ കൃത്യത ഒരു പരിധിവരെ നാം സ്ഥാപിക്കുന്ന നിരീക്ഷണോപകരണങ്ങളുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ, ഇവിടെയാണ് ചില പ്രശ്നങ്ങൾ. നേരിട്ടുള്ള നിരീക്ഷണങ്ങൾക്കു പരിമിതികളുണ്ട്. നൂറുകണക്കിനു കിലോമീറ്ററുകൾക്കുള്ളിൽ ഒന്നോരണ്ടോ നിരീക്ഷണകേന്ദ്രങ്ങൾ മാത്രമേ ഉണ്ടാവൂ. ഭൂമിയിലെല്ലായിടത്തും യഥേഷ്ടം ഇത്തരം നിരീക്ഷണസംവിധാനങ്ങൾ സ്ഥാപിക്കുക എന്നത് അത്ര പ്രായോഗികമല്ല. ഈ പരിമിതി മറികടക്കാനാണ് നാം ഉപഗ്രഹങ്ങൾ, റഡാറുകൾ തുടങ്ങിയ വിദൂരസംവേദന ഉപാധികളുടെ സഹായം തേടുന്നത്. കൃത്രിമോപഗ്രഹങ്ങൾ വന്നതോടെ നേരിട്ടുള്ള നിരീക്ഷണങ്ങൾ അപ്രാപ്യമായിരുന്ന പലയിടങ്ങളിൽനിന്നും ഡാറ്റ ലഭ്യമായിത്തുടങ്ങി. എന്നിരുന്നാലും വേണ്ടത്ര നിരീക്ഷണങ്ങൾ ഇനിയും ലഭ്യമല്ല.

പ്രവചനങ്ങൾക്കു കൂടുതൽ കൃത്യത വരുത്താൻ കാര്യക്ഷമതയേറിയ നിരീക്ഷണസംവിധാനങ്ങൾ ഇനിയും വേണ്ടതുണ്ട്. നിരീക്ഷണങ്ങൾ നൂറു ശതമാനം പിഴവറ്റതല്ല. അത്യാധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങളിൽപോലും ഒഴിവാക്കാനാവാത്ത, വളരെ ചെറിയ പിഴവിനു സാധ്യതയുണ്ട്. കൂടാതെ, നമ്മുടെ മോഡലിനും അതിന്റേതായ ന്യൂനതകളുണ്ട്. ഒരു പരിധിക്കപ്പുറം ഈ പരിമിതികളെ മറികടക്കാനുമാവില്ല. അതുകൊണ്ടുതന്നെ പ്രവചനത്തിലും നൂറു ശതമാനം കൃത്യത എന്നത് പ്രായോഗികമല്ല.

മറ്റൊരു ശ്രദ്ധേയമായ വസ്തുത, ഉഷ്ണമേഖലാ പ്രദേശങ്ങളിലെ അന്തരീക്ഷാവസ്ഥ നിയന്ത്രിക്കുന്ന ഘടകങ്ങൾ രണ്ടാഴ്ചവരെയുള്ള പ്രവചനത്തിന് എളുപ്പം വഴങ്ങുന്നവയല്ല എന്നതാണ്. ഉഷ്ണപ്രദേശങ്ങളിൽ നിരന്തരമുണ്ടാകുന്ന താപസംവഹന പ്രക്രിയയും അതിനോടനുബന്ധിച്ചുള്ള മേഘങ്ങളുടെ രൂപീകരണവും ഊർജവിതരണവും മറ്റും അതിസങ്കീർണപ്രതിഭാസങ്ങളാണ്. അതിനാൽത്തന്നെ ഇത്തരം പ്രക്രിയകൾ മോഡലുകൾക്ക് വേണ്ടവിധം പുനരാവിഷ്കരിക്കുവാൻ കഴിയാതെ വരുന്നു.

**ദീർഘകാല പ്രവചനങ്ങൾ സാധ്യമാണോ?**

ലോറൻസിന്റെ സിദ്ധാന്തപ്രകാരം രണ്ടാഴ്ചയ്ക്കപ്പുറം അന്തരീക്ഷത്തിന്റെ സ്വഭാവം പ്രവചിക്കുന്നത് ഏറെക്കുറെ അസാധ്യമാണ്. സാധ്യമായാൽത്തന്നെ ഒരു ശരാശരി സ്വഭാവം മാത്രമേ പ്രവചിക്കുവാൻ സാധിക്കൂ. അതായത്, ഓരോ പ്രദേശത്തെയും അന്തരീക്ഷത്തിന്റെ വിശദമായ സ്വഭാവവും ദൈനംദിനവ്യതിയാനങ്ങളും രണ്ടോ മൂന്നോ ആഴ്ചയ്ക്കപ്പുറം പ്രവചിക്കാൻ സാധ്യമല്ലെങ്കിലും ഒരു വലിയ പ്രദേശത്തെ ശരാശരി സ്വഭാവം പ്രവചിക്കുവാൻ സാധിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

വരുന്ന ഒരാഴ്ച പൊതുവിൽ മഴ കുറവായിരിക്കുമെന്നോ അടുത്തമാസം സാധാരണയിലധികം മഴ ലഭിക്കാൻ സാധ്യതയുണ്ട് എന്നോ പ്രവചിക്കാം എന്നല്ലാതെ അടുത്ത 30 ദിവസത്തിനുശേഷം കേരളത്തിൽ അതിതീവ്രമഴ പെയ്യും എന്നമട്ടിലുള്ള പ്രവചനങ്ങൾ നിലവിലുള്ള സങ്കേതങ്ങൾപ്രകാരം സാധ്യമല്ല. ഇതേ രീതിയിലാണ് നിലവിലുള്ള നമ്മുടെ മൺസൂൺപ്രവചനങ്ങളും. ഇന്ത്യൻ കാലാവസ്ഥാവകുപ്പ് സാധാരണ മൂന്നു ഘട്ടങ്ങളിലായി മൺസൂൺ കാലത്തു ലഭിച്ചേക്കാവുന്ന മഴയുടെ ദീർഘകാല പ്രവചനങ്ങൾ പുറത്തിറക്കാറുണ്ട്. ഇത്തരം പ്രവചനങ്ങളുടെ ഉദ്ദേശ്യം പ്രധാനമായും വരുന്ന മൺസൂൺ കാലയളവിൽ (ജൂൺ, ജൂലായ്, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ) സാധാരണരീതിയിൽ മഴലഭിക്കുമോ ഇല്ലയോ എന്ന് അറിയുകയാണ്.

കോട്ടയത്തോ കൂട്ടിക്കലിലോ കൊക്കയാറിലോ മുണ്ടക്കയത്തോ സംഭവിച്ചേക്കാവുന്ന ചെറു മേഘസ്ഫോടനങ്ങൾ രണ്ടുമാസം മുമ്പേ പ്രവചിക്കാൻ കഴിയില്ല. മുമ്പു സൂചിപ്പിച്ചതുപോലെ, നിലവിലെ സങ്കേതങ്ങൾ വച്ച് രണ്ടാഴ്ചയ്ക്കപ്പുറത്തേക്കുള്ള പ്രവചനങ്ങളിൽ അന്തരീക്ഷത്തിന്റെ ഒരു ശരാശരി സ്വഭാവം മാത്രമേ പ്രവചിക്കാനാവൂ. ചുഴലിക്കാറ്റിന്റെയും മറ്റും ഉദ്ഭവം കൃത്യമായി പ്രവചിക്കുവാൻ പ്രധാനമായും പത്തു ദിവസംവരെയുള്ള ഇടക്കാല പ്രവചനങ്ങളാണു പ്രായോഗികം.

സങ്കീർണവും പ്രവചനാതീതവും എന്നു കരുതിയിരുന്ന പ്രാപഞ്ചികപ്രതിഭാസമായ കാലാവസ്ഥ ഫലപ്രദമായി പ്രവചിക്കാൻ ഇനിയും മനുഷ്യർക്കാകട്ടെ. കാലാവസ്ഥാപ്രവചനങ്ങളോട് അല്പമൊക്കെ സഹിഷ്ണുത കാണിക്കാം.


LITHRONE 26
അത്യാധുനിക രീതിയിലുള്ള
മൾട്ടികളർ പ്രിന്റിംഗിന്
സെന്റ് തോമസ് പ്രസ്
പാലാ
The First and the Best Printers in Pala, Estd. 1953
KODAK TRENDSETTER CTP MACHINE
പാലായിൽ സെന്റ് തോമസ് പ്രസിൽമാത്രം
9496613275, 04822 212321
stpresspala@gmail.com
stpresspalai@gmail.com
MULTI-COLOUR OFFSET PRINTING & CTP
POSTER DESIGNING
DIGITAL LAZER PRINTING
BINDING
LAMINATION
SCREEN PRINTING
SEAL | WEDDING CARDS | PHOTOSTAT
GRAPHIC DESIGN
COMPOSITION
FILE RE-WORK
COMPLETE BINDERY
PROMO PRODUCTS
MANUALS
ENVELOPES
BUSINESS CARDS
BROCHURES
CARBONLESS FORMS
DIGITAL COLOUR
BLACK DIGITAL COPIES
LARGE FORMAT PRINTING
BANNERS
FLYERS
OFFICE FORMS
CALENDAR
DIARY
POST CARDS
LETTER HEADS


OVERSEAS
EDUCATION SERVICES
STUDY AT
EUROPE
CANADA
AUSTRALIA
NEW ZEALAND
FREE U.K & IRELAND RECRUITMENT FOR NURSES
NAIPUNNYA INTERNATIONAL
By the Archdiocese of Ernakulam-Angamaly
St.Thomas Press Building, Pala, Pin:686575
0482 2 201546 | pala@naipunnyaint.com
Head Office
Other Branches
ERNAKULAM 0484-2381948/49
KALOOR 9544 9191 44
ANGAMALY 9544 9191 55
THRIKKAKARA 9544 9191 33

Deepanalam Weekly

RNI No : 16998/68
Vol. 54 No. 31 Date of Publication 28 Oct 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



**ST. MARY'S ENGINEERING INSTITUTE**

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

**2021–22 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

**കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ**

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. റേഡിയോ & ടെലിവിഷൻ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**


1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. റഗുലർ വിദ്യാർത്ഥികൾക്കും ഈവനിംഗ് വിദ്യാർത്ഥികൾക്കും ഒരേ പരീക്ഷതന്നെയായിരിക്കും.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

**എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു**

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



**മൂഴയിൽ ജൂവലറി**

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

**മൂഴയിൽ ബാങ്കേഴ്സ്**

മാർക്കറ്റ് റോഡ്, OPP. സിവിൽ സ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

**കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ**



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org